

# അൽഫഖ്

പുസ്തകം 20 | ലക്കം 9,10 | സെപ്തം - ഒക്ടോ 2012 | തബൂക്ക് - ഇഖാഅ് 1391 | ശവ്വാൽ – ദുൽഹജ്ജ് 1433



## വഖ്ഫെ നൗ
## മാതൃകായോഗ്യരാവണം

ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

വഖ്ഫെ നൗ കുട്ടികൾ ,നമസ്കാരത്തിൽ കൃത്യനിഷ്ഠതയുടെ ശീലം ഉണ്ടാക്കുക. നിത്യവും രാവിലെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. മാതാപിതാക്കളെ അനുസരിക്കുക. എപ്പോഴും സത്യം മാത്രം പറയുക. മറ്റുള്ളവർ ആരെങ്കിലും പ്രയാസത്തിലാണെങ്കിൽ ഉടൻ അവരെ സഹായിക്കുക. സ്വന്തം ദേഷ്യത്തെ നിയന്ത്രിക്കുക. ക്ഷമിക്കുന്ന ശീലം ഉണ്ടാക്കിയെടുക്കുക. വലിയവരെ ആദരിക്കുക. ചെറിയവരെ സ്നേഹിക്കുക. അവരെ ശ്രദ്ധിക്കുക. മോശമായ കൂട്ടുകാരിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. നല്ലവരെ തങ്ങളുടെ സുഹൃത്തും മിത്രവുമാക്കേണ്ടതാണ്. സ്കൂളിലെ പാഠങ്ങൾ മനസ്സിരുത്തി പഠിക്കേണ്ടതാണ്. തങ്ങളുടെ സ്കൂളിലെയും ക്ലാസ്സിലെയും മാതൃകാ വിദ്യാർഥിയാകാൻ ശ്രമിക്കുക. മറ്റുള്ളവർക്കായി സൽമാതൃക സമർപ്പിക്കുക. ഇന്റർനെറ്റിൽ സമയം പാഴാക്കരുത്. ടി.വി എപ്പോഴും കാണുന്നതിനു പകരം മാതാപിതാക്കളുടെ സഹായത്തോടെ നല്ലതും ഗുണകാരിയുമായ ഏതെങ്കിലും പരിപാടി തിരഞ്ഞെടുക്കുക. ചെറിയ കുട്ടികൾക്ക് കാർട്ടൂൺ കാണുന്നതിനായി സമയം നിശ്ചയിക്കുക. ടി.വി യിൽ ഹുസൂർ തിരുമനസ്സിന്റെ ക്ലാസ്സുകൾ സ്ഥിരമായി കാണുകയും ഹുസൂറിന്റെ പ്രഭാഷണങ്ങൾ കേൾക്കുകയും ചെയ്യുക. ഹുസൂർ തിരുമനസ്സിന് സ്ഥിരമായി കത്തെഴുതുക.

*(ഹോളണ്ട് സന്ദർശന വേളയിൽ 15.05.2012 ന് വഖ്ഫെ നൗ കുട്ടികൾക്കായി നടത്തിയ ക്ലാസ്സിൽ നിന്ന്)*


5 നന്മയിൽ മുന്നേറുക അതായിരിക്കണം ലക്ഷ്യം


9 വഖ്ഫിന്റെ വകഭേദങ്ങൾ

10 സമർപ്പണവും മോക്ഷവും ഖുർആനികവീക്ഷണം

16 ചരിത്രത്തെ വിസ്മരിക്കരുത്

18 ലോകം നിങ്ങളെ ശ്രദ്ധിക്കുന്നു, ഹദ്റത് മർയമിനെപ്പോലെയാകുവിൻ

22 തലമുറയെ നിലനിർത്തിക്കൊണ്ടു പോകുന്നതിനുള്ള മാർഗം




ഹദ്റത്ത് മസീഹ് മൗഊദ് (അ)

**ഹദ്റത്ത് അഹ്മദ് (അ) പറയുന്നു**

സത്യാത്മക ഏകത്വത്തിന്റെ സംസ്ഥാപനത്തിനായി ദൈവാനുരാഗത്തിൽ നിങ്ങൾ എത്തിച്ചേരേണ്ടത് അനിവാര്യമാണ്. എന്നാൽ പ്രത്യക്ഷമായ സാക്ഷാത്കാരത്തിലൂടെയല്ലാതെ അത് തെളിയിക്കപ്പെടില്ല. ഞാൻ ഉദ്ദേശിക്കുന്നത് വാചിക സാക്ഷ്യത്തോടൊപ്പം പ്രത്യക്ഷ തെളിവ് കൂടി നിർബന്ധമാണെന്നതാണ്. അതുകൊണ്ട് അല്ലാഹുവിന് മുന്നിൽ നിങ്ങളുടെ ജീവിതം സമർപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഞാൻ അയക്കപ്പെട്ടിട്ടുള്ളത് ഇതിനായിട്ടാണ്.

*(മൽഫൂസാത്ത് 3 - 138)*




ഹദ്റത്ത് ഹക്കീം മൗലാന നൂറുദ്ദീൻ (റ)
ഖലീഫത്തുൽ മസീഹ് 1

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) പറയുന്നു,**

ശരിയായ രീതിയിൽ ത്യാഗം ചെയ്യുന്നവനെ അല്ലാഹു പ്രത്യേകം അനുഗ്രഹിക്കുന്നു. അല്ലാഹു അവന്റെ സുഹൃത്തായി മാറുന്നു. തന്റെ സ്നേഹത്തിന്റെ പ്രതിച്ഛായയാകുന്നു. അങ്ങനെ അവന് യഥാർത്ഥ ദാസത്വം നൽകുന്നു. ഈ സ്ഥാനം അനന്തമായ അഭിവൃദ്ധികളുടെതാണ്.

*(ബദർ 21/01/1909)*




ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)
ഖലീഫത്തുൽ മസീഹ് II

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു,**

സുഹൃത്തുക്കളെ വഖ്ഫ് ചെയ്യുവിൻ. പക്ഷെ നിരുപാധികം വഖ്ഫ് ചെയ്യണം. ഏതെങ്കിലും നിബന്ധനയോടെ വഖ്ഫ് ചെയ്യുന്നത് തികച്ചും വ്യർഥമാണ്. വഖ്ഫ് ജീവിതാവസാനം വരെയാണ്. പിന്നോട്ട് മാറാൻ അയാൾക്ക് അധികാരമുണ്ടായിരിക്കുന്നതല്ല.

*(ഖുത്വുബ 02/12/1938)*



ഹദ്റത്ത് മിർസാ ഹാഫിസ് നാസിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് III

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) പറയുന്നു ,**

യഥാർത്ഥത്തിൽ ജീവിതത്തിന്റെ പരിപൂർണ്ണതയുടെ പ്രകടനമാണ് വഖ്ഫ്. ഒരു വ്യക്തിയുടെ മതബോധം പാരമ്യതയിലും പൂർണ്ണതയിലും എത്തുമ്പോൾ ദീനിനുവേണ്ടി വഖ്ഫ് ചെയ്യുന്നവനായി മാറുന്നു.

*അൽഫുർഖാൻ*



ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് IV

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) പറയുന്നു ,**

ഈ വഖ്ഫിന്റെ വളരെയധികം ആവശ്യമുണ്ട്. അടുത്ത് നൂറുവർഷത്തിൽ ജമാഅത്ത് എല്ലായിടത്തും ധാരളമായി പ്രചരിക്കുന്നതാണ്. അതിനാൽ മുഹമ്മദ് റസൂലുല്ലാഹ് (സ)യുടെ അല്ലാഹുവിന്റെ ദാസരും ജീവിതം വഖ്ഫ് ചെയ്തതുമായ ലക്ഷക്കണക്കിന് ശിക്ഷണം സിദ്ധിച്ച ദാസരുടെ ആവശ്യമുണ്ട്.



ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)
ഖലീഫത്തുൽ മസീഹ് V

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു ,**

നിങ്ങളുടെ ജീവിതം അല്ലാഹുവിന്റെ വിളിക്ക് സമർപ്പിക്കുകയാണെങ്കിൽ നിങ്ങളുടെ വഖ്ഫ് അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ചൈതന്യം വഹിക്കുകയും അങ്ങനെ ഉന്നതമായ ധാർമ്മിക ശിക്ഷണത്തിന്റെ ഫലമായി ആയിരക്കണക്കിന് ഈസമാർ ഹ:മുഹമ്മദ് മുസ്തഫ(സ)യുടെ മസീഹിന്റെ സേവനത്തിനായി നിങ്ങളിലൂടെ പിറവിയെടുത്തു കൊണ്ട് ഈ ലോകത്തെ ഗ്രസിച്ച ആത്മീയ രോഗങ്ങൾക്കും വ്യാധികൾക്കും പ്രതിവിധി നൽകുന്നതാണ്.

സമ്പാ : അബൂഅത്വിയ

# വഖ്ഫെ നൗ ക്ലാസ്

(28.9.2011 ന് നോർവെ വഖ്ഫെനൗ പെൺകുട്ടികൾക്ക് നടത്തിയ ക്ലാസിൽ നിന്ന്)

**ഹുസൂർ (അയ്യദഹുല്ലാഹ്) പറയുന്നു**

നിങ്ങൾ പർദയെ സംബന്ധിച്ച് വളരെ നല്ല പ്രബന്ധങ്ങൾ കേൾപ്പിച്ചു. നല്ല പ്രബന്ധം അവതരിപ്പിച്ചത് കൊണ്ട് പർദയാകില്ല. പർദയുടെ കാര്യം മുഴുലോകവുമായി ബന്ധിതമാണ്. പ്രത്യേകിച്ച് യൂറോപ്പിൽ.

## പർദ, എന്ത് ? എങ്ങിനെ ?

ഒരിക്കൽ ഒരു വഖ്ഫെ നൗ കുട്ടി എന്നെ കാണാൻ വന്നു. അവർ ധരിച്ചിരുന്ന കോട്ടിന്റെ കൈകൾ മുട്ടു വരെ ഉണ്ടായിരുന്നുള്ളു. അത്തരം പർദകൊണ്ട് പ്രയോചനമില്ല. വഖ്ഫെനൗ പെൺകുട്ടികൾ വലുതായാൽ അവരുടെ പർദ ഇവിടെ പ്രബന്ധങ്ങളിൽ വിശദീകരിച്ചത് പോലെ ഉള്ളതാക്കണം. ലജ്ജ നഷ്ടപ്പെടരുത്. അത് നില നിന്നാൽ തുടർന്ന് പർദയെ കുറിച്ചും ബോധമുണ്ടാകുന്നു.ആ കുട്ടിയുടെ തലയിൽ ഒരു നേർത്ത സ്കാഫ് മാത്രമാണ് ഉണ്ടായിരുന്നത്. ഏതായാലും അവർ മേലിൽ ശരിയായി പർദ ധരിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും അങ്ങിനെ തന്നെ ചെയ്യുകയും ചെയ്തു. പർദയെ കുറിച്ച് വഖ്ഫെ നൗ പെൺകുട്ടികൾക്ക് ബോധ്യം വരാത്തിടത്തോളം ഞങ്ങൾ അത് ചെയ്തു ഇത് ചെയ്തു എന്നൊക്കെ പ്രഖ്യാപിക്കുകയും പദ്യം ആലപിക്കുകയും ചെയ്യുന്നത് നിഷ്പ്രയോജനമാണ്



## നിങ്ങൾ മാതൃകയാണ്

മാതൃക സ്ഥാപിക്കേണ്ടത് വഖ്ഫെ നൗ പെൺകുട്ടികളാണ്. നിങ്ങൾ ചെറിയവരാണെന്ന് കരുതണം ............. വലിയ ആളുകൾ തങ്ങളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും ചെയ്യാതിരിക്കുകയും ഇസ്‌ലാമിക അധ്യാപനമനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ശരിയായ രീതിയിൽ സേവനങ്ങൾ അനുഷ്ടിക്കാതിരിക്കുകയുമാണെങ്കിൽ അവിടെ മുന്നോട്ട് വരണം .....

ലജ്നയും നാസിറാത്തും ഇതിന് വേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. അതിനാണ് വഖ്ഫെ നൗ വിൽ പെൺകുട്ടികളെ സ്വീകരിക്കുന്നതും. നമ്മുടെ മുബല്ലിഗ്മാർക്ക് കൃത്യമായ ട്രൈനിങ്ങും ജോലിയും നൽകി മുബല്ലിഗ്മാരായി അയക്കുന്നു അവിടെ സ്ത്രീകൾക്ക് പോകാൻ സാധ്യമല്ല. എന്നാൽ വഖ്ഫെ നൗ പെൺകുട്ടികളും സ്ത്രീകളും മാതൃകയാവണം.........

## കുട്ടികളല്ല

10 വയസ് എന്ന് പറയുന്നത് ഇസ്‌ലാമിക വീക്ഷണത്തിൽ പക്വത കൈവരിക്കുന്ന പ്രായമാണ്. ഈ പ്രായത്തിൽ നമസ്ക്കാരം നിർബന്ധമാക്കപ്പെടുന്നു. നമസ്ക്കാരം ദിവസത്തിൽ അഞ്ചുനേരം അല്ലാഹുവിന്റെ സവിധത്തിൽ അനുഷ്ടിക്കാനുള്ള ഇബാദത്താണ്. ഇതിനെ അല്ലാഹുവും റസൂലും 10 വയസ് മുതലാണ് നിർബന്ധമാക്കിയത്. അതായത്, ഈ പ്രായം മുതൽ നിങ്ങളുടെ എല്ലാ പ്രവർത്തനത്തിലും ഒരു മാറ്റം അനിവാര്യമാണ്.......... ചില പെൺകുട്ടികൾ പറയുന്നത്, ഇപ്പോൾ ഞങ്ങൾ ചെറുതാണ് 11,12 വയസെ ആയിട്ടുള്ളു, വലുതായാൽ ഞങ്ങളും സ്കാഫും, കോട്ടും (പർദ) ധരിക്കുന്നതാണ്. പക്ഷേ പത്ത് വയസ് വരെ അതിന് ബോധ്യമില്ലെങ്കിൽ വലുതായ ശേഷം എങ്ങിനെയാണ് ബോധ്യം വരുക ?
ആയതിനാൽ ഓർക്കുക, എപ്പോഴും വഖ്ഫെ നൗ പെൺകുട്ടികൾ മറ്റുള്ളവർക്കും സമുദായത്തിനാകമാനവും മാതൃകയാവേണ്ടതാണ് .............

## തബ്‌ലീഗ്

ഈ നാട്ടിലെ ആളുകൾക്ക് തബ്‌ലീഗ് ചെയ്യേണ്ടതാണ്. നോർവെയുടെ നോർത്ത് വരെ അതായത് 2008 ൽ പതാക ഉയർത്തിയ സ്ഥലം വരെ എത്തണമെന്ന് നിങ്ങൾ പറയുന്നു. എന്നാൽ പതാക ഉയർത്തിയത് കൊണ്ടോ, പ്രദർശനങ്ങൾ സംഘടിപ്പിച്ചത് കൊണ്ടോ ഒന്ന് രണ്ട് പേർക്ക് വിശുദ്ധ ഖുർആൻ കൊടുത്തത് കൊണ്ടോ വിപ്ലവം വരുന്നതല്ല.



## നമസ്ക്കാരവും കണക്കെടുപ്പും

രാത്രിയിൽ ഉറങ്ങുന്നതിന് മുമ്പ് ടിവി ഡ്രാമ കാണുന്നത് ടിവി ഡ്രാമ നല്ലതാണെങ്കിൽ ശരി, പക്ഷെ അതിൽ ഒരു തരത്തിലും നഗ്നത വെളിപ്പെടുന്നത് ആവരുത് ഇന്റർനെറ്റിൽ നീണ്ട സമയം കളയുന്നതിനു പകരം നേരത്തെ ഉറങ്ങാനുള്ള ശീലം ഉണ്ടാക്കണം. അങ്ങിനെ യായാൽ നമസ്കാരത്തിനും എഴുന്നേൽക്കാം മാത്രമല്ല ഉറങ്ങുന്നതിന് മുമ്പെ, ഒരു വഖ്ഫെ നൗ കുട്ടിക്ക് വേണ്ടതൊക്കെ ചെയ്തിട്ടുണ്ടോ എന്ന് കണക്കെടുക്കണം. ഫർള് നമസ്കാരങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടോ? വിശുദ്ധ ഖുർആൻ ഓതിയൊ, വിശുദ്ധ ഖുർആന്റെ ഏതൊക്കെ കൽപനകളെ കുറിച്ച് ചിന്തിച്ചിട്ടുണ്ട്, അതിലെ പാഠങ്ങൾ അർഥം അറിഞ്ഞിട്ടുണ്ടോ മുതലായവ..... നിങ്ങൾ വലുതായി മറ്റുള്ളവരെ പഠിപ്പിക്കുകയും, മറ്റുള്ളവർക്ക് തർബിയത്ത് കൊടുക്കുകയും ചെയ്യേണ്ടവരാണ്. ഡോക്ടറോ, ടീച്ചറോ ആയി, അല്ലെങ്കിൽ കുറച്ചൊക്കെ പഠിച്ച്, വിവാഹം കഴിച്ച് പോയി എന്നല്ല നിങ്ങളുടെ ഉദ്ദേശ്യം. മറിച്ച് എല്ലായിടത്തും നിങ്ങൾ മാതൃകയാവണം ആ സൽമാതൃകകളെ കണ്ടെത്തേണ്ടത് അനിവാര്യമാണ്. രാത്രി ഉറങ്ങുന്നതിന് മുമ്പെ സ്വയം കണക്കെടുപ്പ് നടത്താതെ അത് സാധ്യമാകുന്നതേ അല്ല ................... മറ്റുള്ളവർ നിങ്ങളെ വിലയിരുത്തുമ്പോൾ അത് തെറ്റാകാം. എന്നാൽ സ്വയം കണക്കെടുപ്പിൽ നിങ്ങൾക്ക് കള്ളം പറയാൻ കഴിയില്ല. അല്ലാഹു പറയുന്നു, ഞാൻ നിങ്ങളെ കാണുന്നുണ്ട്, അതുകൊണ്ട്, തഖ്‌വയിൽ നിന്ന് കൊണ്ട് സത്യസന്ധമായി കണക്കെടുപ്പ് നടത്തിയാൽ, അതിൽ നിങ്ങൾക്ക് സ്വയം വഞ്ചിക്കാനൊ, അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിക്കാനോ സാധ്യമല്ല.

# ധാർമികവും വൈജ്ഞാനികവുമായി പുരോഗതി പ്രാപിക്കുക

## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**



നിങ്ങളുടെ (ഖാദിംകളുടെ) യഥാർത്ഥ ജോലി എന്നത് ധാർമികവും, വൈജ്ഞാനികവുമായി പുരോഗതി പ്രാപിക്കുക എന്നതാണ്. ഞാൻ ഖുത്ബകളിൽ നിരന്തരമായി ഇതിലേക്ക് ശ്രദ്ധ തിരിച്ചിട്ടുണ്ട്. ഇപ്പോൾ ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യ പ്രസിദ്ധീകരിച്ച ഒരു മാസിക വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതായത് മതപരവും,ധാർമികവും, വൈജ്ഞാനികവുമായ മേഖലകളിൽ പ്രവർത്തിക്കുന്നതിന് വേണ്ടിയാണ് ഖുദ്ദാമുൽ അഹ്മദിയ്യ സ്ഥാപിച്ചിരിക്കുന്നത്. അവർ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ ഒരിക്കലും അവഗണിക്കാൻ പാടുള്ളതല്ല. ഈ അവസരത്തിൽ (ഇജ്തിമയിൽ) ഈ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ യഥാർത്ഥ ലക്ഷ്യം തന്നെ ഇതാകുമ്പോൾ വൈജ്ഞാനികവും, ധാർമികവും, മതപരവുമായിട്ടുള്ള മത്സരങ്ങൾ ഈ ഇജ്തിമയിൽ ഉൾപ്പെടുത്താതിരിക്കാൻ യാതൊരു കാരണവുമില്ല. ഇനി ഇത്തരം സന്ദർഭങ്ങളിൽ പ്രധാന സംഭവവികാസങ്ങളെ കുറിച്ചുള്ള ഇസ്‌ലാം അഹ്മദിയ്യത്തിന്റെ കാഴ്ചപാടുകൾ വിവരിക്കുന്ന ലക്ചറുകൾ ഉണ്ടാകേണ്ടതാണ്. അതുപോലെ തന്നെ പരീക്ഷകൾ നടത്തികൊണ്ട് ഖുദ്ദാമുൽ അഹ്മദിയ്യക്ക് ഇസ്‌ലാം അഹ്മദിയത്തുമായി ബന്ധപ്പെട്ട മസ്അലകളെ കുറിച്ച് എത്രത്തോളം അറിവുണ്ടെന്ന് മനസ്സിലാക്കേണ്ടതാണ്. ജനറൽ നോളജ് പരീക്ഷ നടത്തുന്നതുപോലെ ഇജ്തിമകളിൽ അഹ്മദിയ്യത്തിനെ കുറിച്ചുള്ള ജനറൽ നോളജ് പരീക്ഷകൾ നടത്തിക്കൊണ്ട് വിവിധങ്ങളായ ചോദ്യങ്ങൾ യുവാക്കളോട് ചോദിക്കേണ്ടതാണ്. ഉദാഹരണത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് (നുബുവത്ത് ലഭിക്കുമ്പോൾ) എത്ര വയസ്സായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഏതെങ്കിലും ഇൽഹാം വിവരിച്ച് കൊണ്ട് അതുകൊണ്ട് അർത്ഥമാകുന്നത് എന്താണ് എന്ന് ചോദിക്കാവുന്നതാണ്. അതുപോലെതന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഏതെങ്കിലും പുസ്തകങ്ങളെ കുറിച്ച് അതിൽ ഏത് വിഷയമാണ് പരാമർശിച്ചിരിക്കുന്നത് എന്നും ചോദിക്കാവുന്നതാണ്.

ഈസാ (അ) ന്റെ വഫാത്തിനെ സംബന്ധിച്ചുള്ള ഏറ്റവും വലിയ തെളിവ് എന്താണ്, നുബുവ്വത്തിന്റെ വിശദീകരണം, റസൂൽ തിരുമേനി (സ) ശേഷം ഏത് തരത്തിലുള്ള നുബുവത്ത് ഉണ്ടാകും എന്നാണ് നാം വിശ്വാസിക്കുന്നത്, ഏത് തരത്തിലുള്ള നുബുവത്താണ് നബി (സ) തിരുമേനിയിൽ അവസാനിച്ചത് എന്നിങ്ങനെയുള്ള ചോദ്യങ്ങൾ യുവാക്കളോട് ചോദിക്കേണ്ടതാണ്. അങ്ങിനെ ഖാദിംകൾക്ക് എത്രത്തോളം ദീനിജ്ഞാനം ഉണ്ടെന്ന് നാം മനസ്സിലാക്കേണ്ടതാണ്. ഇങ്ങിനെ നാം ചെയ്യുകയാണെങ്കിൽ അറിവ് കരസ്ഥമാക്കുന്നതിലേക്ക് യുവാക്കൾക്ക് ശ്രദ്ധയുണ്ടാകുന്നതാണ്.

മടിയൻമാരായിരിക്കുന്നവരും ഊർജ്ജസ്വലരായി മാറുന്നതാണ്. അതേപോലെതന്നെ ശിക്ഷണപരമായിട്ടുള്ള കാര്യങ്ങളെക്കുറിച്ചും വിവിധങ്ങളായ ചോദ്യങ്ങൾ ചോദിക്കേണ്ടതാണ്. ഉദാഹരണത്തിന് നിങ്ങളെ ആരെങ്കിലും ചീത്ത പറയുകയാണെങ്കിൽ നിങ്ങൾ എന്ത് ചെയ്യും? ഏത് വരെ അയാളെ നേരിടും? നിങ്ങൾ ശത്രുക്കളെ പ്രതിരോധിക്കുകയാണെങ്കിൽ ഏത് വരെ അവരെ പ്രതിരോധിക്കുന്നത് ശരീഅത്തിന് അനുസൃതമായിരിക്കും? ഏത് തരത്തിലുള്ള പ്രതിരോധമാണ് ശരീഅത്തിന് വിരുദ്ധമായിട്ടുള്ളത് എന്നെല്ലാം ചോദിക്കാവുന്നതാണ്. ഏതെങ്കിലും ഒരു വ്യക്തി നിങ്ങളെ ചീത്ത വിളിക്കകയാണെങ്കിൽ ഏത് വരെ നിങ്ങൾ ക്ഷമ കൈകൊള്ളും, ഏത് വരെ നിശബ്ദനായി നിൽക്കുമ്പോഴാണ് അത് നിർലജ്ജമായി മാറുന്നത്. ഇനി അഥവാ ചീത്തവിളിക്ക് മറുപടി പറയുകയാണെങ്കിൽ എത്തരത്തിൽ മറുപടി പറയാനാണ് ശരീഅത്ത് നിങ്ങൾക്ക് അനുവാദം നൽകുന്നത്. ഏത് തരത്തിൽ മറുപടി പറയുന്നതിനെയാണ് ശരീഅത്ത് വിലക്കിയിരിക്കുന്നത്. നമ്മുടെ രാജ്യത്തുള്ള തോട്ടികളുടേയും ചെരുപ്പു കുത്തിയുടേയും ചീത്തവിളി സാധാരണഗതിയിൽ മാതാവിനേയും സഹോദരിയേയും കുറിച്ചുള്ളതായിരിക്കും. ആരുടെയെങ്കിലും ചീത്തവിളി കേട്ടിട്ട് അതിന് മറുപടി പറയാതിരിക്കൽ നിർലജ്ജയാണ്. തീർച്ചയായും ഇതിന് മറുപടി പറയണം എന്നാണ് നിങ്ങളുടെ മനസ്സ് നിങ്ങളോട് പറയുന്നതെങ്കിൽ അത്തരം അവസരങ്ങളിൽ ശരീഅത്ത് പറയുന്നത് നിങ്ങൾ മറുപടി പറയാൻ ആഗ്രഹിക്കുന്നെങ്കിൽ പറഞ്ഞു കൊള്ളുക എന്നാണ്.

എന്നാൽ ഒരിക്കലും തന്നെ അവരുടെ ചീത്തവിളിക്ക് പകരമായി മാതാവിനേയും സഹോദരിയേയും കുറിച്ചുള്ള തെറികൾ പറയാൻ ശരീഅത്ത് നിങ്ങൾക്ക് അനുവാദം നൽകുന്നില്ല. നിങ്ങൾ ദുസ്വഭാവക്കാരും മ്ലേഛരുമാണെന്ന് പറയാവുന്നതാണ്. ഇത്തരത്തിലുള്ള തെറികൾ പറഞ്ഞുകൊണ്ട് നിങ്ങൾ വലിയ അക്രമമാണ് ചെയ്തിരിക്കുന്നത് എന്നും പറയാവുന്നതാണ്. എന്നാൽ ഏതു പോലെ അവർ മാതാവിനേയും സഹോദരിയേയും കുറിച്ചുള്ള തെറികൾ പറഞ്ഞുവോ അതുപോലെ മാതാവിനേയും സഹോദരിയേയും കുറിച്ചുള്ള തെറികൾ പറയാൻ ഒരിക്കലും തന്നെ ശരീഅത്ത് നിങ്ങൾക്ക് അനുവാദം നൽകുന്നില്ല. അപ്പോൾ ഒരാൾ നിങ്ങളെ ചീത്ത വിളിക്കുകയാണെങ്കിൽ എത്തരത്തിൽ അയാൾക്ക് മറുപടി നൽകാനണ് ശരീഅത്ത് നിങ്ങൾക്ക് അനുവാദം നൽകുന്നത്. എത്തരത്തിലുള്ള മറുപടിയിൽ നിന്നാണ് ശരീഅത്ത് വിലക്കിയിരിക്കുന്നത് എന്നിങ്ങനേയുള്ള ചോദ്യങ്ങൾ യുവാക്കളോട് ചോദിക്കേണ്ടതാണ്. അങ്ങിനെ നാം ചെയ്യുകയാണെങ്കിൽ യുവാക്കൾക്ക് എത്രത്തോളം ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ കുറിച്ചുള്ള ജ്ഞാനമുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതോടൊപ്പം തങ്ങളുടെ ഓരോ പ്രവൃത്തിയും ഇസ്‌ലാമിക ശരീഅത്തിന് അനുസൃതമായിരിക്കണം എന്ന ചിന്ത സ്വയം അവരുടെ ഹൃദയങ്ങളിലും ഉണ്ടാകുന്നതാണ്. ഒരു കാരണവശാലും ഇക്കാര്യങ്ങൾ അവഗണിക്കാൻ പാടുള്ളതല്ല.

*മശ്അലെ രാഹ്*

*സമ്പാ: സി. മുബശ്ശിർ അഹ്മദ്, പെരിന്തൽമണ്ണ*

തഫ്സീർ



وَلِكُلٍّ وِّجۡهَةٌ هُوَ مُوَلِّيۡهَا فَاسۡتَبِقُوا الۡخَيۡرٰتِ

# നന്മയിൽ മുന്നേറുക അതായിരിക്കണം ലക്ഷ്യം

ഹ.ഖലീഫത്തുൽ മസീഹ് അവ്വൽ (റ)



ഓരോ വ്യക്തിക്കും തന്റെ എല്ലാ ശ്രദ്ധയും കേന്ദ്രീകരിച്ചിരിക്കുന്ന അവന്റേതായ ഒരു ലക്ഷ്യമുണ്ടായിരിക്കും. ജീവിതം മുഴുവൻ അതിനെ മുന്നിൽ കാണുകയും അതിൽ പൂർണ്ണവ്യാപൃതനായും ശ്രദ്ധയോടും കൂടി അതിനെ കരസ്ഥമാക്കാൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

ജനങ്ങൾ അവരുടെ ലക്ഷ്യമെന്താണെന്ന് സ്വയം തീരുമാനിക്കുന്നു. എന്നാൽ ഉമ്മത്തെ മുഹമ്മദിയായോട് കരുണ തോന്നിക്കൊണ്ട് അവരുടെ മുമ്പിൽ ഒരു ഉന്നതമായ ലക്ഷ്യം നൽകുന്നു. എന്നിട്ട് നിർദ്ദേശം നൽകുന്നു..... അതായത് സൽകാര്യങ്ങളിൽ ഒരാൾ മറ്റൊരാളെ മുൻകടക്കാൻ പരിശ്രമിക്കുക എന്നതായിരിക്കണം നിങ്ങളുടെ ഉദ്ദേശ്യലക്ഷ്യം.

ഇവിടെ നന്മയിൽ ഒരാൾ മറ്റൊരാളുമായി മത്സരിക്കുവാനുള്ള പ്രേരണ നൽകിക്കൊണ്ട് അല്ലാഹു സാമുദായിക ഉന്നമനത്തിന്നായുള്ള വിചിത്രമായ ഒരു രഹസ്യം പറഞ്ഞു തന്നിരിക്കുകയാണ്. ഇക്കാലത്ത് പൊതുവേ അതിനെ മുന്നിൽക്കണ്ടുകൊണ്ടു പ്രവർത്തിക്കാറില്ല എന്നത് ഖേദകരം തന്നെ. അതുകൊണ്ടു തന്നെ പൊതുവായി കാണപ്പെടാറുള്ള ഒരു സംഗതി, ആരോടെങ്കിലും നന്മയിൽ ഭാഗഭാക്കാകുവാൻ ഉപദേശിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സൽപ്രവൃത്തിയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയോ ചെയ്താൽ അവരുടെ മറുപടി: 'പാവപ്പെട്ടവന്റെ മുകളിൽത്തന്നെ എല്ലാ ഭാരവും ചുമത്തപ്പെടുന്നു. ധനികരോട് ആരും ചോദിക്കുക പോലും ചെയ്യുന്നില്ല ' എന്നായിരിക്കും. ഇനി ആരെങ്കിലും വലിയവരാണ്, പക്ഷെ സൽക്കാര്യങ്ങളിൽ ഭാഗഭാക്കാകുന്നുമില്ല എങ്കിൽ അവരുടെ ഉദാഹരണം തന്റെ മുന്നിൽ എന്തിനു വയ്ക്കണം.

നല്ല മാതൃക പിൻപറ്റുകയായിരുന്നു അവർ ചെയ്യേണ്ടത്. ധനികനെന്നോ ദരിദ്രനെന്നോ എന്നതിനെ അടിസ്ഥാനമാക്കുന്നതിനു പകരം എപ്പോഴും നന്മയും തഖ്വയും ആരിലാണുള്ളത് എന്നാണു നോക്കേണ്ടത്. ദരിദ്രനായ ഒരാളിൽ നന്മ കാണപ്പെടുന്നുണ്ടെങ്കിൽ അയാൾ തഖ്വയില്ലാത്ത ധനികനുമായി താരതമ്യം ചെയ്യുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ ലക്ഷം മടങ്ങ് നല്ലവനാണ്........

സത്യത്തിൽ ഇസ്ലാം അതിന്റെ മഹത്വം വ്യക്തമായും സ്ഥാപിച്ചു കാണിക്കുന്ന, മറ്റു മതങ്ങളിൽ നിന്നുള്ള സവിശേഷതകളിൽ വലിയൊരു വ്യത്യാസം ഇതും കൂടിയുണ്ട്. അതായത്, മറ്റു മതങ്ങൾ സൽകാര്യത്തിലേക്ക് ക്ഷണിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. എന്നാൽ ഇസ്ലാം 'ഇസ്തിബാഖ്' മത്സരബുദ്ധിയോടെ മുന്നേറാൻ കൂടി ക്ഷണിക്കുന്നു. അല്ലാഹു പറയുന്നു. ലോകത്ത് ഓരോ സമുദായവും ഓരോ ദിശകൾ (ധ്രുവങ്ങൾ) തിരഞ്ഞെടുത്തിരിക്കുകയാണ്. നന്മയുടെ ഭാഗത്തു നിന്നും തങ്ങളുടെ മുഖം തിരിച്ചിരിക്കുകയും ചെയ്തിരിക്കുന്നു, ഞങ്ങൾ നന്മയിലേക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നത് എന്നൊക്കെയാണ് അവർ പറയുന്നതെങ്കിലും യഥാർത്ഥത്തിൽ അവർ അങ്ങിനെ ചെയ്യുന്നില്ല.

മറുവശങ്ങളിലേക്ക് അവർ ശ്രദ്ധ തിരിച്ചിരിക്കുന്ന കാരണത്താൽ നന്മയുടെ വശം ഒഴിഞ്ഞുകിടക്കുകയാണ്. ആ ഭാഗം നിങ്ങൾ ഏറ്റെടുക്കുകയും ആദ്യം നന്മ സ്വായത്തമാക്കുകയും പിന്നീട് സൽകാര്യങ്ങളിൽ പരസ്പരം മുന്നേറാൻ ശ്രമിക്കുകയും ചെയ്യുക.

അല്ലാഹു ഇവിടെ 'ഇസ്തിബാഖ്' മത്സരബുദ്ധിയോടെ മുന്നേറുക എന്ന പദമാണ് പ്രയോഗിച്ചിരിക്കുന്നത് പൊതുവേ നോക്കുമ്പോൾ ഈ പദത്തിന് വേഗതയെന്നോ അതിവേഗതയെന്നോ അർത്ഥം കാണപ്പെടുന്നില്ല. അതുകൊണ്ട് തന്നെ രണ്ടുപേർ അലസഭാവത്തിൽ പോയിക്കൊണ്ടിരിക്കുകയും അതിലൊരാൾ അൽപമെങ്കിലും മുൻ കടന്നാൽ അതിനെ ഭാഷാടിസ്ഥാനത്തിൽ അയാൾ ഇസ്തിബാഖ് ചെയ്തു അഥവാ മുന്നിട്ടു നിന്നു. ഇതുപോലെ ഏതൊരു കാര്യത്തിലും അല്പം മുന്നോട്ടായാൽ 'അതിവേഗതയുടെ' അർത്ഥം കാണപ്പെടുന്നുണ്ട്. ഒരു വ്യക്തി അല്പം മുന്നേറാൻ ശ്രമിക്കുമ്പോൾ മറ്റുള്ളവരെ മുൻകടക്കാൻ ശ്രമിക്കുക എന്നുള്ള കല്പനയാണ് രണ്ടാമത്തെ ആൾക്കും ഉള്ളത്. അങ്ങിനെ ആ വ്യക്തി മുന്നേറിക്കഴിയുമ്പോൾ ആദ്യത്തെ വ്യക്തിയെ അതേ കല്പന തന്നെ വീണ്ടും മുന്നേറാൻ പ്രേരിപ്പിക്കുന്നു.

സത്യത്തിൽ, ഇവിടെ വിശുദ്ധഖുർആൻ ഇസ്ലാമും മറ്റു മതങ്ങളും തമ്മിലുള്ള താരതമ്യപഠനം നടത്തിയിരിക്കുകയാണ്. എന്നിട്ട് മറ്റെല്ലാ മതങ്ങളും നന്മകളുടെ വശത്തെ തൊട്ട് അശ്രദ്ധരാണ് എന്ന് പറഞ്ഞിരിക്കുന്നു, അതിനെക്കുറിച്ച് അവർ അജ്ഞരാണ്. അതുകൊണ്ട് മുസ്ലിംകൾക്ക് ഇപ്പോൾ മുന്നേറുവാനുള്ള അവസരമാണ്. അതിനാൽ പരസ്പരം മുന്നേറുവാൻ ശ്രമം നടത്തേണ്ടതാണ്.

ഈ പദം നിരവധി കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പദമാണ്. എത്രത്തോളമെന്നാൽ അതിൽ ഏതെങ്കിലും ലക്ഷ്യത്തിലേക്ക് ഓടി അടുക്കുക, അത് വേഗത്തിൽ കരസ്ഥമാക്കുക എന്നൊക്കെയുള്ള പൊരുൾ അടങ്ങിയിരിക്കുന്നതുപോലെ അവതരിക്കുന്ന മറ്റൊരു പദവും വേറെ ഉണ്ടാകുകയില്ല. ഒരാൾക്ക് ഓടാം, പക്ഷെ മുഴുവൻ ശേഷിയുപയോഗിച്ച് ഓടണമെന്നില്ല. അതുപോലെ ഒരു കാര്യം പെട്ടെന്നു ചെയ്യാം, പക്ഷെ എത്രത്തോളം വേഗത്തിൽ ചെയ്യണമായിരുന്നുവോ അത്രയും വേഗത്തിൽ അതുചെയ്തെന്നും വരില്ല. എന്നാൽ ഏതുവരെ മുഴുവൻ ശക്തിയുമെടുത്ത് പ്രവൃത്തിക്കുന്നില്ലയോ അതുവരെ ഇസ്ബാഖ് എന്ന കല്പന പൂർത്തിയാക്കുക സാധ്യമല്ല.

ഒരു വ്യക്തി മറ്റൊരു വ്യക്തിയെ മുൻ കടക്കുമ്പോൾ രണ്ടാമത്തെ വ്യക്തിയും മുന്നേറാനുള്ള കല്പനയുള്ളതിനാൽ അതിലും കൂടുതൽ വേഗത്തിൽ മുന്നേറുന്നു. അതിനു ശേഷം ആദ്യത്തെ വ്യക്തിക്കും ആജ്ഞ ലഭിക്കും നീ മുന്നേറുക എന്ന്. അപ്പോൾ അയാൾ അതിനേക്കാളും കൂടുതൽ വേഗത സ്വീകരിക്കുന്നു. ഏതുവരെയെന്നാൽ എത്രത്തോളം ഒരാളിൽ ശേഷിയും ധൈര്യവുമുണ്ടോ, അതെല്ലാം അതിനായി വിനിയോഗിക്കുന്നു.

'ഇസ്തിബാക്ക്' എന്നതിൽ പ്രത്യക്ഷത്തിൽ നോക്കുമ്പോൾ വേഗത,ഓട്ടം,പെട്ടെന്നു ചെയ്യുക എന്നീ അർത്ഥങ്ങൾ ഉൾക്കൊള്ളുന്നില്ലായെങ്കിലും യഥാർത്ഥത്തിൽ ഈ പദം മനുഷ്യന്റെ കഴിവിന്റെ പരമാവധി ശക്തിയനുസരിച്ചുള്ള വേഗതയെ സൂചിപ്പിക്കുന്നു........

എന്നാൽ ഇതുമുഖേന ഇസ്ലാം, അസൂയക്ക് അടിത്തറ പാകിയിരിക്കുകയാണ് എന്നു ധരിക്കരുത്. എന്തെന്നാൽ ധാർമ്മികവും ലൗകികവുമായ കാര്യങ്ങളിൽ ഈ ഒരു മത്സരം ആവശ്യമാണ്. ഇതു കൂടാതെ പൂർണ്ണമായ അഭിവൃദ്ധി ഒരിക്കലും കരസ്ഥമാക്കുവാൻ സാധിക്കുകയില്ല. സമുദായങ്ങളും വ്യക്തികളും തമ്മിലുള്ള മത്സരം തന്നെയാണ് എല്ലാ അഭിവൃദ്ധികളുടേയും അടിത്തറ. കുൻതും ഖൈറ ഉമ്മത്തിൻ എന്നു പറഞ്ഞുകൊണ്ട് ഇസ്ലാമികശരീഅത്ത് സ്വാർത്ഥതയുടെ വേര് പിഴുതെറിഞ്ഞിരിക്കുകയാണ്. എന്തെന്നാൽ ഒരു വിശ്വാസിയുടെ കടമയാണ്., ഏതൊരു സ്ഥാനത്തേക്കാണോ അവൻ എത്തിയിരിക്കുന്നത് അതിലേക്ക് ഉടനെ തന്നെ മറ്റുള്ളവരെയും എത്തിക്കുക എന്നുള്ളത്. എന്തുകൊണ്ടെന്നാൽ അവന്റെ ഉദ്ദേശ്യം തന്നെ മറ്റുള്ളവർക്ക് പ്രയോജനം എത്തിക്കുക എന്നതാണ്. അതുപോലെത്തന്നെ പറയുന്നു;

وَلۡتَكُنۡ مِّنۡكُمۡ اُمَّةٌ يَّدۡعُوۡنَ اِلَى الۡخَيۡرِ وَيَاۡمُرُوۡنَ بِالۡمَعۡرُوۡفِ
وَيَنۡهَوۡنَ عَنِ الۡمُنۡكَرِ‌ؕ وَاُولٰٓـئِكَ هُمُ الۡمُفۡلِحُوۡنَ (3:105)

അതായത്, ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കുകയും നല്ല കാര്യത്തെക്കുറിച്ച് അധ്യാപനം നടത്തുകയും ചീത്ത കാര്യങ്ങളിൽ നിന്ന് വിലക്കുകയും ചെയ്യുക മാത്രം ജോലിയായിട്ടുള്ള ഒരു സംഘം നിങ്ങളിൽ നിന്നുണ്ടാകേണ്ടതാണ്. അക്കൂട്ടർ തന്നെയാണ് വിജയം പ്രാപിക്കുന്നവർ. ചുരുക്കത്തിൽ, ഒരു വിശ്വാസി ഏതൊരു നന്മ കരസ്ഥമാക്കുകയാണെങ്കിലും അവൻ മറ്റുള്ളവരെക്കൂടി അതിലേക്ക് ക്ഷണിക്കും. പെട്ടെന്ന് വരൂ ഈ നന്മകളെ കരസ്ഥമാക്കൂ എന്നു പറയും. സ്വയം മുന്നോട്ടു കുതിക്കുമ്പോൾ പുറകിലുള്ളവരെ കൂടി വലിച്ച് തന്നോടൊപ്പം ചേർക്കുകയും എന്നിട്ട് മുന്നോട്ട് കുതിക്കുകയും ചെയ്യുക എന്നുള്ളത ഒരു വിശ്വാസിയുടെ കടമയാണ്. അതുകൊണ്ട് പുറകിലായി പോയിട്ടുള്ള ആളുകളെ വലിച്ചുകൊണ്ടുവന്ന് വീണ്ടും നിങ്ങളോടൊപ്പം ചേർക്കുക.

(തഫ്സീർ കബീർ വാള്യം 2)

വിവ: കെ.നജ്മുദ്ദീൻ,മുറിയക്കണ്ണി



**സീറത്തുന്നബി(സ)**

– ഹ. മിർസാ ബഷീർ അഹ്മദ് MA (റ)

സമ്പാ: മുഹമ്മദ് ആരിഫ്

# ദിവ്യദൗത്യത്തിന്റെ ആരംഭം

പകലിന്റെ ഉദയകിരണങ്ങൾ കിഴക്കൻ ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ട് കൊണ്ടിരുന്നു. ലോകം മുഴുവൻ പ്രോജ്ജ്വലമാക്കേണ്ട ആ സൂര്യൻ ഉദയം ചെയ്യേണ്ട സമയം അടുത്ത് വന്നു. പതിവ് പോലെ നബി തിരുമേനി (സ) ഹിറാ ഗുഹയിൽ തന്റേതായ രീതിയിൽ ദൈവാരാധനയിൽ മുഴുകി. ദിവ്യദർശനങ്ങൾ ലഭിക്കാൻ തുടങ്ങി. ആറ് മാസത്തോളം അതേ അവസ്ഥയിൽ തിരുമേനി കഴിച്ച്കൂട്ടി.

40 വയസ്സ് പ്രായമായ നബി തിരുമേനിയുടെ പ്രകൃതം അപ്പോഴേക്കും നുബുവത്തിനും രിസാലത്തിനും പാകമായ അവസ്ഥയിൽ എത്തിച്ചേർന്നിരുന്നു. അനുഗ്രഹീത റംസാൻ മാസത്തിലെ അവസാന പത്തിലെ തിങ്കളാഴ്ച ദിവസം തിരുമേനി പതിവു പോലെ ആരാധന നിമഗ്നനായിരുന്നു. പെട്ടെന്ന് തികച്ചും അപരിചിതമായ ഒരു രൂപം തിരുമേനിയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. ജിബ്രീൽ എന്ന ആ ദൈവദൂദൻ തിരുമേനിയെ സംബോധന ചെയ്ത്കൊണ്ട് പറഞ്ഞു! "ഇഖ്റഅ്" നീ വായിക്കുക അതായത് നീ പറയുക, അഥവാ നീ ജനങ്ങളിലേക്ക് എത്തിക്കുക!

"എനിക്ക് വായിക്കാനറിയില്ല" തിരുമേനി പ്രതിവചിച്ചു. അതായത് എനിക്ക് ഈ ഉത്തവാദിത്വം വഹിക്കാ നാവില്ല. ഈ മറുപടി കേട്ട മലക്ക് തിരുമേനിയെ പിടിച്ച് മാറോടമർത്തി. പിടിവിട്ട് കൊണ്ട് ജിബ്രീൽ വീണ്ടും പറഞ്ഞു. "ഇഖ്റഅ്". എന്നാൽ തിരുമേനിയുടെ മറുപടിക്ക് മാറ്റമൊന്നും ഉണ്ടായില്ല. മലക്ക് വീണ്ടും തിരുമേനിയെ നെഞ്ചോട് ചേർത്ത് നന്നായി അമർത്തി. പിടിവിട്ട് കൊണ്ട് ജിബ്രീൽ വീണ്ടും പറഞ്ഞു 'ഇഖ്റഅ്' എന്നാൽ തിരുമേനി അപ്പോഴും ശങ്കിച്ചു നിന്നതേയുള്ളു. അങ്ങനെ ആ ദൈവദൂദൻ മൂന്നാമതും നബിയെ പിടിച്ചുകൊണ്ട് മാറോടമർത്തി. ഇപ്പോഴത്തെ ജിബ്രീലിന്റെ ആലിംഗനം തിരുനബിയുടെ ഹൃദയത്തിൽ സ്വാധീനം ചെലുത്തുന്ന വിധമായിരുന്നു. തിരുനബിയുടെ പ്രകൃതം ദിവ്യസന്ദേശം സ്വീകരിക്കാൻ സന്നദ്ധമായിരിക്കുന്നു എന്ന് ബോധ്യം വന്ന ജിബ്രീൽ ആ മഹാത്മാവിനെ പിടിയിൽ നിന്ന് മുക്തനാക്കിയ ശേഷം പറഞ്ഞു. **സർവ്വവും സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ ഓതുക. അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു. ഓതുക നിന്റെ റബ്ബ് അത്യുന്നതനും പേന കൊണ്ട് പഠിപ്പിച്ചവനുമത്രെ അവൻ. അവൻ മനുഷ്യന് അവ നറിയാത്തത് പഠിപ്പിച്ചിരിക്കുന്നു.** ഇത്രയും പറഞ്ഞ് കൊണ്ട് ജിബ്രീൽ (അ) അപ്രത്യക്ഷനായി. നബിതിരുമേനിയാണെങ്കിൽ ആകുലതയിലും അസ്വസ്ഥതയിലും ആണ്ട് പോയ അവസ്ഥയിലായിരുന്നു. തിരുമേനിയുടെ ഹൃദയം തുടിക്കുന്നുണ്ടായിരുന്നു. കാരണം ഇതെന്താണ് കാര്യം എന്നും ഇനിയെന്താണ് സംഭവിക്കാനിരിക്കുന്നതെന്നും അല്ലാഹുവിനെ അറിയൂ.

ഇതേ അവസ്ഥയിൽ നബി തിരുമേനി ഹിറാ ഗുഹയിൽ നിന്നും പുറത്തിറങ്ങി വീട്ടിലേക്ക് മടങ്ങി ഭാര്യ ഖദീജയോട് പറഞ്ഞു. *എന്നെ പുതപ്പിക്കു എന്നെ പുതപ്പിക്കു.* തന്റെ പ്രിയതമന്റെ അവസ്ഥ കണ്ട് പരിഭ്രമിച്ച് പോയ ഖദീജ(റ) ഉടനെ തന്നെ ഒരു വിരിപ്പ് കൊണ്ട് വന്ന് നബി (സ) യെ പുതപ്പിച്ചു. അൽപം കഴിഞ്ഞ് ശാന്തനാവുകയും അസ്വസ്ഥത കുറയുകയും ചെയ്തപ്പോൾ സംഭവിച്ചതെല്ലാം ഹ: ഖദീജ(റ) യോട് വിവരിച്ചു.

അവസാനം തിരുനബി (സ) പറഞ്ഞു.

ഞാൻ എന്റെ ജീവനെ സംബന്ധിച്ച് ഭീതിയിലാണ്. തിരുനബി(സ) യുടെ അവസ്ഥ നന്നായി അറിയുന്ന (ഹ)ഖദീജ (റ) സാന്ത്വനപ്പെടുത്തികൊണ്ട് പറഞ്ഞു. "ഇല്ല ഇല്ല ഒരിക്കലുമങ്ങനെ സംഭവിക്കുകയില്ല താങ്കൾ സന്തോഷവാനായിരിക്കു. അല്ലാഹുവാണെ, ദൈവമൊരിക്കലും അങ്ങയെ അപമാനിക്കുകയില്ല. അങ്ങ് ബന്ധുക്കളുടെ നേരെ കാരുണ്യവും ഔദാര്യവും കാട്ടുന്നു. അങ്ങ് സത്യസന്ധതയോടെ വർത്തിക്കുകയും പാവങ്ങളെയും അശരണരേയും സഹായിക്കുകയും അവരുടെ ഭാരം പേറുകയും ചെയ്യുന്നു. നമ്മുടെ നാട്ടിൽ നിന്ന് അപ്രത്യക്ഷമായി കഴിഞ്ഞ നന്മകൾ അങ്ങു വീണ്ടും കൊണ്ടു വരുന്നു. അങ്ങ് അതിഥികളോട് ബഹുമാനപൂർവം പെരുമാറുന്നു. ജനങ്ങളുടെ അവകാശങ്ങൾക്കായി അവരെ സഹായിക്കുകയും ചെയ്യുന്നു."

ഇപ്രകാരം പറഞ്ഞ ശേഷം ഹ: ഖദീജ (റ) തിരുനബിയെ തന്റെ പിതൃസഹോദരനായ വറക്കത്തിബ്നു നൗഫലിന്റെ അടുക്കൽ കൂട്ടികൊണ്ട് പോയി. ആ സമയത്ത് വിഗ്രഹാരാധന ഉപേക്ഷിച്ച് ക്രിസ്തുമത വിശ്വാസിയായി തീർന്നിരുന്നു വറക്കത്തിബ്നു നൗഫൽ. ബൈബിൾ വിജ്ഞാനത്തിൽ അൽപ സ്വൽപം അവഗാഹം നേടിയിരുന്ന അദ്ദേഹം വാർദ്ധക്യം മൂലം കാഴ്ച പോലും നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു.

ഹ: ഖദീജ (റ) തിരുനബി (സ) യെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടു പോയി എന്നിട്ട് പറഞ്ഞു. തന്റെ അനന്തരവന് പറയാനുള്ളതൊന്ന് കേൾക്കുമൊ ?

എന്താ കാര്യം ? വർക്ക ചോദിച്ചു. തിരുനബി (സ) വറക്കത്തിബ്നു നൗഫലിനോട് എല്ലാ കാര്യങ്ങളും വിവരിച്ചു.

സഭവവിവരങ്ങളെല്ലാം കേട്ടപ്പോൾ വറക്കത്ത് പറ നഞ്ഞു. നിശ്ചയമായും മോശയ്ക്ക് അവതരിച്ച ദൈവദൂതൻ തന്നെയാണ് അങ്ങയ്ക്കും വെളിപ്പെട്ടിരിക്കുന്നത്. ഹാ, എന്നിൽ ശക്തിയുണ്ടായിരുന്നെങ്കിൽ നിന്റെ സമൂഹം നിന്നെ രാജ്യഭ്രഷ്ടനാക്കുമ്പോൾ ഞാൻ ജീവിച്ചിരുന്നുവെങ്കിൽ ! ഇത് കേട്ട തിരുനബി(സ) ആശ്ചര്യപൂർവം ചോദിച്ചു. എന്റെ സമൂഹം എന്നെ പുറത്താക്കുമെന്നോ? " അതെ തന്റെ സമൂഹത്തിന്റെ വിദ്വേഷത്തിന് പാത്രമാകാതെ ഒരു ദൈവദൂതനും വന്നിട്ടില്ല. ആ സമയത്ത് ഞാൻ ജീവനൊടെ ഉണ്ടെങ്കിൽ സർവശക്തിയും ഉപയോഗിച്ച് ഞാൻ നിന്നെ സഹായിക്കുന്നതാണ്."

ഇപ്രകാരം പറഞ്ഞ വറക്കത്തിന് ആ ദിനങ്ങൾ കാണാനുള്ള ഭാഗ്യമുണ്ടായില്ല. കുറച്ച് കാലം കഴിഞ്ഞ് അദ്ദേഹംഈ ലോകത്തോട് വിട പറഞ്ഞു.

**ഫിത്റത്തെ വഹ്യ്**

അതിന് ശേഷം കുറച്ച് കാലത്തേക്ക് വെളിപാടിന്റെ പരമ്പര നിലച്ചു. കുറച്ച് കാലം വരെ (ഹ) ഇബ്നു അബ്ബാസിന്റെ നിഗമനമനുസരിച്ച് 40 ദിവസം വരെ ഈ സ്ഥിതി വിശേഷം തുടർന്നു. ഈ കാലഘട്ടം ഫത്റത്തിന്റെ കാലഘട്ടം എന്നാണ് അറിയപ്പെടുന്നത്. ദിവ്യസന്ദേശത്തിന്റെ സൂര്യപ്രഭ പൊയ്മറഞ്ഞത് പോലെ, വെള്ളം കൊതിക്കുന്ന വേളകളിൽ ഒരിറ്റ് മഴത്തുള്ളി പെയ്ത ശേഷം മാനം വീണ്ടും മേഘാവൃതമായത് പോലെയുള്ള പ്രതീതിയായിരുന്നു തിരുമേനിക്ക്. കഠിന പരിഭ്രാന്തിയിലും അസ്വസ്ഥതയിലുമാണ് തിരുമേനി ആ ദിനങ്ങൾ കഴിച്ച് കൂട്ടിയത്. രാവും പകലും തിരുമേനി സദാ ചിന്താ നിമഗ്നനായിരുന്നു.

ഇതെന്താണ് കാര്യമെന്നും ഇനിയെന്താണ് സംഭവിക്കാൻ പോകുന്നതെന്നും അല്ലാഹുവിനേ അറിയു. ആ അപരിചിതനായ ദൈവദൂതന്റെ വരവിന്റെ ഉദ്ദേശം എന്താണ്? ഇത് അല്ലാഹുവിൽ നിന്നുള്ള സമാധാന സന്ദേശമാണൊ? അതോ എന്റെ മനസ്സിന്റെ തോന്നലുകളോ? തിരുമേനി വ്യാകുലചിത്തനായി. ഈ ചോദ്യങ്ങൾ തിരുമേനിയെ അലട്ടി കൊണ്ടിരുന്നു. ഏത് വരെയെന്നാൽ ആ ദിനങ്ങളിൽ തിരുമേനി മനക്ലേശം മൂലം ഒരു കുന്നിൻ മുകളിൽ കയറി ജീവനൊടുക്കാൻ വരെ വിചാരിച്ചു എന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. എന്നാൽ അപ്പോഴൊക്കെയും ദൈവത്തിന്റെ മാലാഖ വിളിച്ചു പറയുമായിരുന്നത്രെ. "നോക്കു മുഹമ്മദ് (സ) അങ്ങനെ ഒരിക്കലും ചെയ്യരുത്. താങ്കൾ തീർച്ചയായും അല്ലാഹുവിന്റെ ദൂതനാണ്. ഈ ശബ്ദം കേൾക്കു മ്പോൾ തിരുമേനി പിന്മാറുമായിരുന്നു എന്നും വീണ്ടും അസ്വസ്ഥതയും ആകുലതയും വർദ്ധിക്കുമ്പോൾ തിരുമേനി വീണ്ടും സ്വയം ആഹുതി ചെയ്യാൻ തയ്യാറാവുമായിരുന്നു. മേൽ പ്രസ്താവിച്ച ഹദീസിന് പ്രത്യക്ഷാർത്ഥം കൊടുക്കുന്നതിന് പകരം വ്യാഖ്യാനവിധേയമാക്കാവുന്നതാണ്. അദൃശ്യമാലാഖയുമായുള്ള തിരുമേനിയുടെ കൂടിക്കാഴ്ച യഥാർത്ഥത്തിൽ തന്റെ തന്നെ ചിന്തകളുടെ പ്രതിഫലനങ്ങളോ അല്ലെങ്കിൽ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള വല്ല പരീക്ഷണം ആയിരിക്കുമോ എന്ന് ഭയന്ന തിരുമേനി തന്റെ ആത്മാവിനെ വീണ്ടും ദൈവമാർഗത്തിൽ താഴ്മയുടേയും വിനയത്തിന്റേയും അവസ്ഥയിൽ വിട്ട് കൊണ്ട് അതിനെ ഉന്മൂലനം ചെയ്തു എന്ന് ഇതിനെ വ്യാഖ്യാനിക്കാവുന്നതാണ്. അങ്ങനെ വരുമ്പോൾ തിരുമേനി കുന്നിൻ മുകളിൽ നിന്ന് ജീവനൊടുക്കാൻ ചാടി എന്നത് ഒരു ആലങ്കാരിക പ്രയോഗം മാത്രമായി കണക്കാക്കാം. എന്തായാലും തിരുമേനിയെ സംബന്ധിച്ചിടത്തോളം ആ ദിനങ്ങൾ ഉദ്വേഗാത്മ്മകമായിരുന്നു എന്ന് പറയാതെ വയ്യ. ഇതേ അവസ്ഥയിൽ ഒരിക്കൽ തിരുമേനി ഹിറാഗുഹയിൽ നിന്ന് വീട്ടിലേക്ക് പോകുന്ന സമയത്ത് പെട്ടെന്ന് ഒരു ശബ്ദം കേട്ടു. തിരുമേനിയെ ആരോ സംബോധനം ചെയ്യു ന്നത് പോലെ തോന്നി. തിരുമേനി നാലുപാടും നോക്കിയെങ്കിലും ആരെയും കാണാൻ സാധിച്ചില്ല. അവസാനം മുന്നിലോട്ട് നോക്കിയപ്പോൾ തിരുമേനി കണ്ടത് ഹിറാ ഗുഹയിൽ വെച്ച് കണ്ട അതേ മാലാഖയെയാണ്. അദ്ദേഹം ആകാശ ഭൂമികൾക്കിടയിൽ ഒരു വലിയ കസേരയിൽ ഉപവിഷ്ഠനായിരിക്കുന്നു. ഇത് കണ്ട തിരുമേനി ഭയന്ന് വിറ ക്കുകയും ഉടനെ തന്നെ വീട്ടിലേക്ക് പോവുകയും ചെ യ്തു. വീട്ടിൽ വെച്ച് ഹ: ഖദീജയോട് എന്നെ പുതപ്പിക്കു എന്നു പറഞ്ഞു. ഹ: ഖദീജ ഉടനെ തന്നെ തിരുമേനിയെ പുതപ്പിച്ചു. തിരുമേനി അൽപ്പം കിടന്നു. കിടന്ന ഉടനെ തിരുമേനിയുടെ കാതുകളിൽ പ്രൗഢഗംഭീരമായ വാക്കുകൾ മുഴങ്ങി.

*മേൽക്കുപ്പായമണിഞ്ഞ് നിൽക്കുന്നവനെ! എഴുന്നേറ്റ് മുന്നറിയിപ്പ് നൽകുക, നിന്റെ നാഥന്റെ മഹത്വം നീ വിളംബരപ്പെടുത്തുക, നിന്റെ വസ്ത്രങ്ങളെ ശുദ്ധീകരിക്കുക, മാലിന്യത്തെ വിട്ടൊഴിയുക.*

ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്)






# ഇദാ തവാദഅൽ അബ്ദു റഫഅല്ലാഹു ഇലസ്സമാഇസ്സാബിഅ

നബി തിരുമേനി (സ) പറഞ്ഞു, *ഇദാ തവാധഅൽ അബ്ദു റഫഅല്ലാഹു ഇലസ്സമാഇസ്സാബിഅ.* (കൻസുൽ ഉമ്മാൽ: വാല്യം 1, പേജ് 25). നിങ്ങളിൽ നിന്ന് ഇസ്‌ലാമിക ശരീഅത്തും നിർദ്ദേശവും അനുസരിച്ച് വിനയത്തിന്റെ മാർഗം സ്വീകരിക്കുന്നവരെയെല്ലാം അല്ലാഹു ഏഴാനാകാശത്തേക്ക് ഉയർത്തുന്നതാണ്. ഒരു വ്യക്തി ചാടുകയാണെങ്കിൽ അത് പത്തടിയിൽ കൂടുതൽ പോകാറില്ല. ആറടിയുള്ള മതിൽ ചാടിക്കടന്നാൽ പറയും തന്ത്രശാലിയായ കള്ളനാണ്. പരിശീലിച്ചിട്ടുണ്ടാകും. അതുകൊണ്ടാണ് ചാടിക്കടന്നത്. എന്നാൽ ഒരു സാധാരണ വ്യക്തിക്ക് ആറേഴ് അടിയുള്ള മതില് തന്നെ ചാടിക്കടക്കാൻ കഴിയില്ല. അപ്പോൾ ഏഴാനാകാശത്തേക്ക് എത്താനുള്ള ശക്തി നിങ്ങൾക്കെങ്ങിനെ ലഭിക്കാനാണ്? എന്നാൽ ഏഴാനാകാശത്തേക്ക് എത്താനുള്ള സംവിധാനം അല്ലാഹു നിങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്.

പറയുന്നു, വിനയവും എളിമയും സ്വായത്തമാക്കുകയാണെങ്കിൽ ആ ചുമതല നാം ഏറ്റെടുക്കുന്നതാണ്. നിങ്ങളെ കൈപിടിച്ച് ഏഴാനാകാശത്തേക്ക് എത്തിക്കുന്നതാണ്. നടക്കാൻ കഴിയാത്ത കാലുറക്കാത്ത ചെറിയ കുട്ടികളെ മാതാവ് എടുത്ത് ഒക്കത്തിരുത്തുകയും, ആറോ ഏഴോ അടി ഉയരമുള്ള എവിടെയെങ്കിലും ഇരുത്തണമെങ്കിൽ ഇരുത്തുകയും ചെയ്യുന്നു. അല്ലെങ്കിൽ പിതാവ് അവനെ തോളത്തിരുത്തുന്നു. എന്നാൽ അവിടെ വരെ എത്തുന്നതിനുള്ള കഴിവ് ആ കുട്ടിക്കുണ്ടായിരിക്കുകയില്ല.

അല്ലാഹുവിന് മുന്നിൽ നമ്മുടെ അവസ്ഥ ആ കുട്ടിയേക്കാളും പരിതാപകരമാണ്. അല്ലാഹുവിന്റെ ശക്തി മാതാവിനേക്കാളും പിതാവിനേക്കാളും കൂടുതലാണ്. അത് അനുമാനത്തിനും അതീതമാണ്. അതിനാൽ ഒരു സേവകന് യഥാർത്ഥ അർത്ഥത്തിൽ സേവകനാകണമെങ്കിൽ, അവന് തന്റെ കഴിവുകളെ വളർച്ചയുടെ പാരമ്യതയിൽ എത്തിക്കണമെങ്കിൽ അവന് ഈ മാർഗങ്ങളെ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

അടുത്തത് സൃഷ്ടികളോടുള്ള സഹതാപമാണ്. ഞാൻ മുമ്പും സൂചിപ്പിച്ചിട്ടുണ്ട്, ചെറുതും വലുതുമായ നമ്മിൽപെട്ട ഓരോരുത്തരുടേയും കടമ തന്നെ സൃഷ്ടികളോടുള്ള അനുകമ്പയാണ്. അൻസാറിന്റെ കടമയും ഇതുതന്നെയാണ്. നിങ്ങളുടെ കടമയും ഇതു തന്നെയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനം തന്നെ ലോകത്തെ സേവിക്കുന്നതിനു വേണ്ടിയാണ്. എന്തു തന്നെയായാലും നാം ലോകത്തോട് അനുകമ്പ വച്ചു പുലർത്തുക തന്നെ ചെയ്യേണ്ടതാണ്. എനിക്കോർമ വരുന്നു, ഞാൻ ആഫ്രിക്കയിൽ പോയ സമയത്ത് ഇസ്‌ലാം സൃഷ്ടികളോട് അനുകമ്പ കാണിക്കുന്നതിനുള്ള അദ്ധ്യാപനമാണ് നൽകുന്നതെന്ന് പറയുമ്പോഴൊക്കെ തന്നെ അവർ അൽഭുതപ്പെടുമായിരുന്നു. അവരതിൽ വളരെ പ്രഭാവിതരാവുകയും സന്തോഷിക്കുകയും ചെയ്യുമായിരുന്നു. നിങ്ങൾക്കായി സ്നേഹത്തിന്റെ സന്ദേശമാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്, സമത്വത്തിന്റെ സന്ദേശമാണ് കൊണ്ടുവന്നിരിക്കുന്നത് എന്ന് ഞാൻ അവരോട് പറയുമായിരുന്നു. ഒരിക്കൽ ഞാൻ അവരോട് പറഞ്ഞു, നിങ്ങളുടെ ആദരവിന്റേയും മാന്യതയുടേയും സൂര്യൻ ഉദിച്ചു കഴിഞ്ഞു, ഇനി ഭാവിയിൽ ലോകം നിങ്ങളെ വിദ്വേഷത്തോടും നിന്ദ്യതയോടും കൂടി നോക്കുന്നതല്ല, നാമതിന് ജാമ്യക്കാരനാണ്.

മർദ്ദിതരോടും വെറുക്കപ്പെട്ടവരോടും, ലോകം നിന്ദ്യതയോടെ കാണുന്നവരോടും, ഭാവിയിൽ ആരും തന്നെ വിദ്വേഷത്തോടും നിന്ദ്യതയോടും കാണുന്നതല്ല എന്ന് നാം പറയേണ്ടതാണ്. യഥാർത്ഥത്തിൽ ഇതിനു വേണ്ടി തന്നെയാണ് അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിച്ചിട്ടുള്ളതും. എന്നാൽ ഈ വിളംബരത്തിന് ശേഷം അല്ലെങ്കിൽ ഈ വിളംബരമുണ്ടായിട്ടു കൂടി നാം നമ്മുടെ കടമകളിലേക്ക് ശ്രദ്ധിക്കുന്നില്ലായെങ്കിൽ ഇന്നല്ലെങ്കിൽ നാളെ നമ്മെ സംബന്ധിച്ചും നിരാശരാകുന്നതാണ്. ഇരുന്നൂറ് മുന്നൂറ് വർഷങ്ങൾക്കു മുമ്പ് ക്രിസ്തുമതവും ഇതേ സന്ദേശവുമായിട്ടു തന്നെയാണ് ആഫ്രിക്കയിൽ എത്തിയത്.

ഞാനവരോട് പറഞ്ഞു, ക്രിസ്തുമതം നിങ്ങളുടെ രാജ്യത്ത് വന്നപ്പോൾ പാതിരിമാർ പറഞ്ഞതും അവർ കർത്താവായ യേശുവിന്റെ സ്നേഹത്തിന്റെ സന്ദേശം കൊണ്ടാണ് വന്നിരിക്കുന്നത് എന്നതാണെന്ന് ഞാനും അംഗീകരിക്കുന്നു. എന്നാൽ അവരുടെ തൊട്ടു പിന്നിൽ യൂറോപ്യൻ സമുദായങ്ങളുടെ സൈന്യം മുന്നേറുകയായിരുന്നു. അവരുടെ പീരങ്കികളിൽ നിന്ന് വർഷിച്ചിരുന്നത് പുഷ്പങ്ങളല്ല അഗ്നിയുണ്ടകളായിരുന്നു. പിന്നീട് അവർ നിങ്ങളെ ഏതവസ്ഥയിലാക്കിയെന്നുള്ളത് നിങ്ങൾക്ക് സ്വയമറിയാം. ഞാൻ പറയേണ്ട ആവശ്യമില്ല.

ഇപ്പോൾ സ്നേഹത്തിന്റെ സന്ദേശവുമായി വന്ന ഞങ്ങൾ അൻപത് വർഷമായി നിങ്ങൾക്കിടയിൽ നിന്നുകൊണ്ട് നിങ്ങൾക്ക് സേവനം ചെയ്തു കൊണ്ടിരിക്കുകയാണ്. നിങ്ങൾക്കറിയാം, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നുമുണ്ട് നിങ്ങളുടെ അവകാശങ്ങളിൽ ഞങ്ങൾക്ക് നോട്ടവുമില്ല. നിങ്ങളുടെ രാഷ്ട്രീയത്തിൽ ഞങ്ങൾ കൈകടത്തുന്നുമില്ല, നിങ്ങളുടെ സമ്പത്തിൽ ഞങ്ങൾക്ക് യാതൊരു താൽപര്യവുമില്ല. ഞങ്ങൾ സമ്പാദിച്ചതൊക്കെ തന്നെയും നിങ്ങളുടെ രാജ്യത്തിന് വേണ്ടി ചെലവഴിച്ചു. ........

ഞാനവരോട് പറഞ്ഞു, നിങ്ങളുടെ സമ്പത്തിൽ ഞങ്ങൾക്ക് യാതൊരു താൽപര്യവുമില്ല. പുറത്തുള്ള ഞങ്ങളുടെ സഹോദരന്മാർ ചെയ്ത ത്യാഗത്തിന്റെ ഫലമായുള്ള പണം നിങ്ങളുടെ അടുക്കലേക്ക് കൊണ്ടു വന്നു. ഇവിടെ നിന്ന് സമ്പാദിച്ചതും നിങ്ങളുടെ രാജ്യത്തിന് വേണ്ടി ചെലവഴിച്ചു, പുറത്ത് നിന്ന് കൊണ്ടുവന്നതും ഇവിടെ ചെലവഴിച്ചു. നിങ്ങളുടെ ഭരണകൂടത്തിനും ഇതറിയാം. നിങ്ങൾക്കും അറിയാം. അവരെ അതിലേക്ക് ശ്രദ്ധ ക്ഷണിക്കുക മാത്രമായിരുന്നു ഉദ്ദേശ്യം. എന്നാൽ യൂറോപ്യൻ സമുദായങ്ങൾ നിങ്ങളോട് ചെയ്തത് ഇത്തരത്തിലായിരുന്നില്ല. അവർ തങ്ങളോടൊപ്പം പീരങ്കികളും കൊണ്ടു വന്നിരുന്നു. അവർ നിങ്ങളുടെ രാഷ്ട്രീയത്തിൽ കൈകടത്തി. നിങ്ങളെ അവരുടെ അധീനതയിലാക്കി. നിങ്ങളുടെ മാന്യത അപഹരിച്ചു. നിങ്ങളുടെ സമ്പത്തുകൾ കൊള്ളയടിച്ചു..............

ചുരുക്കത്തിൽ നാം അവരോട് അത്തരത്തിൽ പെരുമാറിയില്ല. അഥവാ നാം ഏതെങ്കിലും സമുദായത്തോട് അത്തരത്തിൽ പെരുമാറുകയും ദൈവസൃഷ്ടികളോട് അനുകമ്പ കാണിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പിന്നെ നമുക്ക് യഥാർത്ഥ സേവകരാകാൻ സാധിക്കുകയുമല്ല, അഹ്മദിയ്യാ ജമാഅത്തിന് അതിന്റെ ഉദ്ദേശ്യവും ലക്ഷ്യവും പൂർത്തിയാക്കാനും സാധിക്കില്ല. അതോടൊപ്പം അല്ലാഹു നിങ്ങൾക്ക് നൽകിയിരിക്കുന്ന കഴിവുകളെ വളർച്ചയുടെ പാരമ്യതയിൽ എത്തിക്കുക എന്ന നിങ്ങളുടെ അവകാശത്തിൽ നിങ്ങൾ പരാജിതരായിത്തീരുകയും ചെയ്യുന്നു.

(പ്രഭാഷണം: 16.10.70)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

## ഒരു യഥാർത്ഥ സേവകന്റെ പന്ത്രണ്ട് ഗുണങ്ങൾ

1. ഉന്നത ധാർമിക ഗുണം
2. സഹനം
3. കരുണ
4. പവിത്രത
5. വിനയം
6. എളിമ
7. ശാലീനത
8. സൃഷ്ടികളോടുള്ള സഹാനുഭൂതി
9. ആത്മപരിശുദ്ധി
10. അനുവദനീയമായ ഭക്ഷണം
11. സത്യസന്ധമായ സംഭാഷണം
12. പാപങ്ങളെ വർജിക്കൽ



അൽഹഖ്
വാർത്താപത്രിക
2012 സെപ്തം-ഒക്ടോ
പുസ്തകം 20 ലക്കം 9-10

## യുഗനാദം

ഹദ്റത് അഹ്മദ്(അ)

# വഖ്ഫെ നൗ രജതജൂബിലി

അഹ്മദിയ്യാ ജമാഅത്തിന്റെ ശതാബ്ദി വേളയിൽ പുതു നൂറ്റാണ്ടിലേക്ക് ത്യാഗസന്നദ്ധരായ കർമഭടന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) 1987 ലാണ് വഖ്ഫെ നൗ പദ്ധതി ജമാഅത്തിന് മുന്നിൽ സമർപ്പിക്കുന്നത്. കേവലം അയ്യായിരം പേരെയാണ് ഹുസൂർ ആദ്യത്തിൽ ലക്ഷ്യമിട്ടത്.

അഹ്മദീ മാതാപിതാക്കൾ ആവേശത്തോടും ആത്മാർത്ഥതയോടും കൂടി തങ്ങളുടെ ജനിക്കാൻ പോകുന്ന മക്കളെ അതെ, അവരുടെ മുഖം ദർശിക്കുന്നതിന് മുമ്പെ ദൈവമാർഗത്തിൽ നൽകാൻ സന്നദ്ധരായി. അതൊരു ആരംഭമായിരുന്നു. അയ്യായിരം പൂർത്തിയായപ്പോൾ, ആദ്യഘട്ടത്തിൽ അവസരം ലഭിക്കാതിരുന്നവർ ഹുസൂറിനോട് തങ്ങളുടെ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് കത്തുകളെഴുതി. അങ്ങിനെ വഖ്ഫെ നൗ പദ്ധതിക്ക് ഹുസൂർ തുടർന്നും അനുമതി നൽകി. ചിലർ തങ്ങളുടെ എല്ലാ മക്കളേയും ഈ അനുഗ്രഹീത പദ്ധതിയിലേക്ക് സമർപ്പിച്ചു. ഇന്ന് ആദ്യ ബാച്ചിന് 25 വയസ് പൂർത്തിയാവുകയാണ്. ചിലരെങ്കിലും സ്വയം പിന്നോട്ട് നീങ്ങിയെങ്കിലും ഭൂരിപക്ഷവും മാതാപിതാക്കൾ, തങ്ങൾക്ക് ജന്മത്തോടൊപ്പം നൽകിയ, സുകൃതത്തിൽ പ്രതിജ്ഞാബദ്ധരായി ഉറച്ചു നിൽക്കുന്നു.

ഈ 25 ാം വർഷം നമുക്കൊരു ഉണർത്തുപാട്ടാണ്. ആദ്യ കാലത്ത് മക്കളെ സമർപ്പിക്കാൻ കഴിഞ്ഞവർ, ഇന്ന് 25 വയസ് പൂർത്തിയാക്കിയ വഖ്ഫെ നൗ അംഗങ്ങൾ. ശേഷം ഉൾപ്പെട്ട മാതാപിതാക്കൾ, കുട്ടികൾ എല്ലാവരും ഒരു ആത്മപരിശോധനക്ക് വിധേയരാവണം.

വഖ്ഫെ നൗ എന്ന പേരല്ല യഥാർത്ഥ ലക്ഷ്യമെന്നും ഓരോ കുട്ടിയും സ്വയം തങ്ങളെ വഖ്ഫ് ചെയ്യുന്നവരായി മാറണമെന്നും ഹുസൂർ ആവശ്യപ്പെടുന്നു. അതിന് കഴിഞ്ഞാൽ ഓരോ വഖ്ഫെ നൗ അംഗവും സൗഭാഗ്യവാനും സൗഭാഗ്യവതിയുമാണ്. മാതാപിതാക്കളും ആ സുകൃതത്തിന്റെ അംശം പറ്റുന്നവരായി മാറും.

ജീവിതം വഖ്ഫ് ചെയ്യുന്ന നിർണായക നിമിഷം ഹ്ദറത്ത് മുസ്‌ലിഹ് മൗഊദ് (റ) എങ്ങിനെയാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തന്റെ മൂത്ത പുത്രൻ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ്, ജീവിതം വഖ്ഫ് ചെയ്തപ്പോൾ ഹുസൂർ (റ) പറഞ്ഞു. 'ഞാൻ ആഗ്രഹിച്ചതും നാസിർ സ്വയം വഖ്ഫ് ചെയ്യണമെന്നാണ്.'

വഖ്ഫിന്റെ പ്രാധാന്യം സ്വയം ഉൾകൊള്ളുകയും മക്കളെ അതിന് പ്രാപ്തരാക്കുകയും ചെയ്യാൻ അതോടൊപ്പം ഈ മഹത്സംരംഭത്തിന്റെ ധ്വജവാഹകരായി മാറാൻ നമുക്ക് രജതജൂബിലിയുടെ ഈ അനുഗ്രഹീത വേളയിൽ ശപഥം ചെയ്യാം. അല്ലാഹു നമ്മുടെ സദുദ്യമങ്ങളെ സ്വീകരിച്ചനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

## വഖ്ഫ്

### ദൈവസ്നേഹിതരാക്കുന്നു

ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്ന അല്ലാഹുവിന്റെ ദാസരോട് അല്ലാഹു കരുണയോടും സ്നേഹത്തോടും പെരുമാറുന്നു. അല്ലാഹു പറയുന്നു, وَاللّٰهُ رَءُوۡفٌۢ بِالۡعِبَادِ (അൽബഖറ:208) അല്ലാഹു നൽകിയ ജീവിതത്തെ അല്ലാഹുവിന്റെ മാർഗത്തിൽ തന്നെ വഖ്ഫ് ചെയ്യുന്നവരാണിവർ. തങ്ങളുടെ ജീവനെ അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിക്കുന്നതും തങ്ങളുടെ ധനത്തെ അവന്റെ തന്നെ മാർഗത്തിൽ ചിലവു ചെയ്യുന്നതും അവന്റെ അനുഗ്രഹവും സൗഭാഗ്യവുമായി കരുതുന്നു. (മൽഫൂസാത്ത്: വാള്യം 1, പേജ് 364).

### ശാശ്വത ആനന്ദത്തിനുള്ള മാർഗം

വാസ്തവത്തിൽ ജനങ്ങൾ വഖ്ഫിന്റെ യാഥാർത്ഥ്യത്തിൽ നിന്നും അതിനു ശേഷം ലഭിക്കുന്ന ആനന്ദത്തിൽ നിന്നും അജ്ഞരാണ്. അല്ലായെങ്കിൽ ആ ആനന്ദത്തിൽ നിന്നും സന്തോഷത്തിൽ നിന്നുമുള്ള ഒരു അംശമെങ്കിലും അവർക്ക് ലഭിച്ചിരുന്നുവെങ്കിൽ അനന്തമായ അഭിലാഷങ്ങളുമായി അവർ ഈ മൈതാനത്തേക്ക് വന്നേനെ. ഞാൻ സ്വയം ആ മാർഗത്തിന്റെ പൂർണ്ണ അനുഭവജ്ഞനാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രം ഞാൻ ഈ സംതൃപ്തിയേയും ആനന്ദത്തേയും കരസ്ഥമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം വഖ്ഫ് ചെയ്യുന്നതിനായി മരിച്ച ശേഷം വീണ്ടും ജീവിക്കുകയും പിന്നെയും മരിക്കുകയും ജീവിക്കുകയും ചെയ്യുകയാണെങ്കിലും എന്റെ ആവേശം ഒരു ആനന്ദത്തോടൊപ്പം വർദ്ധിച്ചുകൊണ്ടേയിരിക്കണം എന്നതാണ് എന്റെ അഭിലാഷം. (മൽഫൂസാത്ത്: വാള്യം 1, പേജ് 370)

### അലസത അകറ്റുന്നു

ഓർത്തുകൊള്ളുക, അല്ലാഹുവിനു വേണ്ടി ജീവിതം വഖ്ഫ് ചെയ്യുന്നവർ നിസ്സഹായനാകുന്നില്ല. ഒരിക്കലുമില്ല. പ്രത്യുത, ദീനിനും അല്ലാഹുവിനും വേണ്ടിയുള്ള വഖ്ഫ് മനുഷ്യനെ സമർത്ഥനും ജാഗരൂഗനുമാക്കുന്നു. അലസതയും മടിയും അവനോടടുക്കുന്നതല്ല.
(മൽഫൂസാത്ത്: വാള്യം 1, പേജ് 365)

### പരിശുദ്ധജീവിതം

പരിശുദ്ധ ജീവിതത്തിന്റെ അവകാശിയാകുന്നതിന്നായി അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ മുഴുവൻ കഴിവുകളും ശക്തികളും ജീവിതാവസാനം വരെ വഖ്ഫ് ചെയ്യുക.
(മൽഫൂസാത്ത്: വാള്യം 2, പേജ് 90)

### ശാശ്വത സമാധാനം

തന്റെ വ്യക്തിത്വത്തെ അല്ലാഹുവിന് സമർപ്പിക്കുകയും തന്റെ ജീവിതം അവന്റെ മാർഗത്തിൽ വഖ്ഫ് ചെയ്യുകയും നന്മയിൽ മുഴുകിയിരിക്കുകയും ചെയ്യുന്നവർ ദൈവസാമീപ്യത്തിന്റെ അരുവിയിൽ നിന്ന് തന്റെ പ്രതിഫലം കരസ്ഥമാക്കുന്നതാണ്. അവർക്ക് യാതൊരു ഭയവുമുണ്ടായിരിക്കില്ല, വ്യസനവുമുണ്ടായിരിക്കില്ല. അതായത് ആരാണോ തന്റെ സർവ കഴിവുകളേയും അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിക്കുകയും തന്റെ സംസാരവും പ്രവർത്തിയും അനക്കവുമടക്കവും എല്ലാം തന്നെ അല്ലാഹുവിന് വേണ്ടി മാത്രമായിത്തീരുകയും, നന്മ ചെയ്യുന്നതിൽ മുഴുകുകയും ചെയ്യുന്നത് അവന് അല്ലാഹു തന്റെ പക്കൽ നിന്ന് പ്രതിഫലം നൽകുന്നതാണ്. ദുഖത്തിൽ നിന്നും ഭയത്തിൽ നിന്നും മോചനവും നൽകുന്നതാണ്.
(റൂഹാനി ഖസാഇൻ: വാള്യം 12, പേജ് 344)

### ദീനിസേവനം

നമ്മുടെ മിത്രങ്ങൾ അവരുടെ ഹൃദയങ്ങളിൽ ദീനിന് സേവനം ചെയ്യുന്നതിനുള്ള നിയ്യത്ത് വെക്കുക. ഏത് നിലയിലും ഏത് മാർഗത്തിലുമുള്ള സേവനമാണോ ചെയ്യേണ്ടത് ചെയ്യുക. ഞാൻ സത്യമായും പറയുന്നു, ദീനിന്റെ സേവകനും ജനങ്ങൾക്ക് ഉപകാരിയുമായവർക്കാണ് അല്ലാഹുവിന്റെ പക്കൽ വിലയുള്ളത്. (മൽഫൂസാത്ത്: വാള്യം 1, പേജ് 215)

# വഖ്ഫിന്റെ വകഭേദങ്ങൾ

**ഹദ്റത്ത് മസീഹ് മൗഊദ് (അ)**

യഥാർത്ഥ ഇസ്‌ലാമായ അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം വഖ്ഫ് ചെയ്യുക എന്നത് രണ്ട് തരത്തിലാണുള്ളത്. ഒന്ന് അല്ലാഹുവിനെ മാത്രം തന്റെ ആരാധ്യനും ലക്ഷ്യവും പ്രേമഭാജനവുമായി സ്വീകരിക്കുക. അവന്റെ ആരാധനയിലും സ്നേഹത്തിലും ഭയത്തിലും പ്രതീക്ഷയിലും മറ്റൊരു പങ്കുകാരനും ശേഷിക്കരുത്. അവന്റെ പരിശുദ്ധിയും അന്യൂനതയും ആരാധനയും ആരാധനയുടെ എല്ലാ മര്യാദകളും, കല്പനകളും, നിർദ്ദേശങ്ങളും, അതിർവരമ്പുകളും, ആകാശീയ വിധികളും ഹൃദയാത്മനാ സ്വീകരിക്കുകയും ചെയ്യുക. അങ്ങേയറ്റം എളിമയോടും, താഴ്മയോടും പ്രസ്തുത എല്ലാ കല്പനകളേയും അതിർവരമ്പുകളേയും നിയമങ്ങളേയും വിധികളേയും പരിപൂർണ്ണ സ്വീകാര്യതയോടു കൂടി ഏറ്റെടുക്കുക. അതോടൊപ്പം അവന്റെ വിശാലമായ ശക്തിപ്രകടനങ്ങളെ തിരിച്ചറിയുന്നതിനുള്ള മാധ്യമവും അവന്റെ ആധിപത്യത്തിന്റെയും ഭരണത്തിന്റെയും ഉന്നതസ്ഥാനത്തെ മനസ്സിലാക്കുന്നതിനായുള്ള മാർഗവും, അവന്റെ അനുഗ്രഹങ്ങളെ തിരിച്ചറിയുന്നതിനുള്ള ഒരു പ്രബല വഴികാട്ടിയുമായ എല്ലാ പരിശുദ്ധ സത്യത്തേയും പരിശുദ്ധ ദൈവിക ജ്ഞാനങ്ങളേയും നല്ലവണ്ണം മനസ്സിലാക്കുകയും ചെയ്യുക.

അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം വഖ്ഫ് ചെയ്യുക എന്നതിന്റെ രണ്ടാമത്തെ രീതി, അവന്റെ ദാസരുടെ സേവനത്തിലും, അനുകമ്പയിലും, സങ്കടനിവാരണത്തിലും, ഭാരലഘൂകരണത്തിലും, യഥാർത്ഥ സഹാനുഭൂതിയിലും തന്റെ ജീവിതം വഖ്ഫ് ചെയ്യുക എന്നതാണ്. മറ്റുള്ളവരുടെ സൗഖ്യത്തിനു വേണ്ടി ദുഖം ഏറ്റെടുക്കുക. മറ്റുള്ളവരുടെ ആശ്വാസനത്തിനായി സ്വയം വിഷമതകളെ സഹിക്കുക.

ഈ പ്രഭാഷണത്തിൽ നിന്നും മനസ്സിലാകുന്നത്, ഇസ്‌ലാമിന്റെ യാഥാർത്ഥ്യം വളരെയധികം ഉന്നതമാണ്. ഏതുവരെ മനുഷ്യൻ തന്റെ മുഴുവൻ വ്യക്തിത്വവും അതിന്റെ എല്ലാ കഴിവുകളോടും ആഗ്രഹങ്ങളോടും പ്രതീക്ഷകളോടും കൂടി അല്ലാഹുവിന് സമർപ്പിക്കുന്നില്ലയോ, തന്റെ അഹംഭാവത്തെ അതിന്റെ എല്ലാ അനുബന്ധങ്ങളോടൊപ്പം ഉപേക്ഷിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ആയിത്തീരുന്നില്ലയോ ആർക്കും തന്നെ മാന്യനായ മുസ്‌ലിം എന്ന് വിശേഷിപ്പിക്കാൻ സാധ്യമല്ല. ചുരുക്കത്തിൽ യഥാർത്ഥ മുസ്‌ലിമാകുന്നതിന്നായി അവന്റെ ആശ്രദ്ധമായ ജീവിതത്തിൽ ഒരു ശക്തമായ പരിവർത്തനം സംജാതമായിക്കൊണ്ട് അവന്റെ ദോഷപ്രവണമായ ആത്മാവിന്റെ അസ്ഥിത്വം അതിന്റെ എല്ലാ വികാരങ്ങളോടുമൊപ്പം ഒരിക്കൽ നശിക്കേണ്ടതാണ്. പിന്നീട് അതിനു ശേഷം അല്ലാഹുവിന്റെ ഔദാര്യവാനാകുന്നതിനുള്ള പുതിയ ജീവിതം അവനിൽ ജനിക്കേണ്ടതാണ്. ആ പരിശുദ്ധ ജീവിതത്തിൽ സ്രഷ്ടാവിന്റെ അനുസരണവും സൃഷ്ടികളോടുള്ള സഹാനുഭൂതിയുമല്ലാതെ മറ്റൊന്നും തന്നെ ഉണ്ടാകരുത്.

(ആയിനെ കമാലാത്തെ ഇസ്‌ലാം,
റൂഹാനി ഖസാഇൻ വാള്യം 5, പേജ് 53-57)

## ദൈവമാർഗത്തിലെ വഖ്ഫ്

മുഴുവൻ ശരീരഭാഗങ്ങളേയും സമയാസമയങ്ങളിൽ ദൈവിക പ്രവർത്തനങ്ങൾ പ്രകടമാകുന്ന തരത്തിൽ ദൈവാനുസരണത്തിന്റെ നിറത്താൽ വിഭൂഷിതമാക്കുകയോ അല്ലെങ്കിൽ എല്ലാ ദൈവേച്ഛയും പരിപൂർണ്ണമായും പ്രകടമാകുന്ന ഒരു പരിശുദ്ധ ദർപ്പണമാകുകയോ ചെയ്യുമ്പോഴാണ് അല്ലാഹുവിന്റെ മാർഗത്തിലുള്ള വഖ്ഫ് യഥാർത്ഥ വഖ്ഫായിത്തീരുന്നത്. ഈ പരിപൂർണ്ണ അവസ്ഥയിലേക്ക് അല്ലാഹുവിനോടുള്ള അനുസരണയും സേവനങ്ങളും എത്തുമ്പോൾ അല്ലാഹുവിന്റെ നിയമത്തിന്റെ അനുഗ്രഹത്താൽ അത്തരത്തിലുള്ള മനുഷ്യന്റെ കഴിവുകളേയും അവയവങ്ങളേയും കുറിച്ച് ദൈവിക പ്രതിബിംബം എന്നനിലയിൽ അവന്റെ കണ്ണുകൾ അല്ലാഹുവിന്റെ കണ്ണുകളെന്നും അവന്റെ നാവ് അല്ലാഹുവിന്റെ നാവെന്നും, അവന്റെ കയ്യ് അല്ലാഹുവിന്റെ കയ്യെന്നും, അവന്റെ കാത് അല്ലാഹുവിന്റെ കാത് എന്നും, അവന്റെ കാല് അല്ലാഹു വിന്റെ കാലെന്നും പറയുന്നത് ശരിയാകുന്നതാണ്. കാരണം അവന്റെ എല്ലാ അവയവങ്ങളും കഴിവുകളും അല്ലാഹുവിന്റെ മാർഗത്തിൽ അവന്റെ ഇച്ഛകളിൽ വിലയം പ്രാപിച്ചു കൊണ്ട് അവന്റെ ആഗ്രഹങ്ങളുടെ പ്രതിബിംബമാകുന്നതിനാൽ അവയെ അവന്റെ രൂപമായി വിശേഷിപ്പിക്കാവുന്നതാണ്. എപ്രകാരം ഒരു വ്യക്തിയുടെ അവയവങ്ങൾ പരിപൂർണ്ണമായും സ്വന്തം ഇഷ്ടത്തിന്റേയും ആഗ്രഹത്തിന്റേയും അധീനതയിലാണോ അതേ പ്രകാരം പരിപൂർണ്ണ മനുഷ്യൻ ആ അവസ്ഥയിലെത്തിക്കൊണ്ട് അല്ലാഹുവിന്റെ ഇച്ഛകളോടും ആഗ്രഹങ്ങളോടും പരിപൂർണ്ണ അനുയോജ്യത ഉണ്ടാക്കിയെടുക്കുന്നു. അല്ലാഹുവിന്റെ മഹത്വവും ഏകത്വവും ഉടമസ്ഥതയും ആരാധ്യതയും അവന്റെ എല്ലാ ഇച്ഛകളുടേയും ആഗ്രഹങ്ങളുടേയും കാര്യങ്ങൾ അല്ലാഹുവിന് പ്രിയപ്പെട്ടതെന്ന പോലെ തന്നെ അവർക്കും പ്രിയപ്പെട്ടതായിത്തീരുന്നു. സ്നേഹവും പ്രേമവും കൂടിച്ചേർന്ന ആത്മാർത്ഥതയാലും പരിപൂർണ്ണ എളിമയാലും നിറഞ്ഞ ഈ അതിമഹത്തായ ദൈവിക അനുസരണയും സേവനവും തന്നെയാണ് ഇസ്‌ലാമും ഇസ്‌ലാമിന്റെ യാഥാർത്ഥ്യവും ഇസ്‌ലാമിന്റെ സംക്ഷിപ്തവും.

(ആയിനെ കമാലാത്തെ ഇസ്‌ലാം,
റൂഹാനി ഖസാഇൻ വാള്യം 5, പേജ് 53-57)

## ദുഖത്തിൽ നിന്നുള്ള മോചനം

അല്ലാഹുവിന്റെ മാർഗത്തിൽ സ്വന്തം ജീവിതം വഖ്ഫ് ചെയ്യേണ്ടത് മനുഷ്യന് അനിവാര്യമാകുന്നു. ഞാൻ ചില പത്രങ്ങളിൽ വായിച്ചിട്ടുണ്ട് ഇന്ന ആര്യസമാജക്കാരൻ തന്റെ ജീവിതം ആര്യസമാജത്തിനായി വഖ്ഫ് ചെയ്തിരിക്കുന്നു. ഇന്ന പാതിരി തന്റെ ആയുസ്സ് മിഷന് നൽകി. മുസ്‌ലിംകൾ ഇസ്‌ലാമിന്റെ സേവനത്തിനും അല്ലാഹുവിന്റെ മാർഗത്തിലും എന്തുകൊണ്ട് തങ്ങളുടെ ജീവിതം വഖ്ഫ് ചെയ്യുന്നില്ല എന്നതിൽ എനിക്ക് അൽഭുതം തോന്നുന്നു.

ഓർത്തുകൊള്ളുക! ഇത് നഷ്ടക്കച്ചവടമല്ല. പ്രത്യുത, സങ്കൽപത്തിന് അതീതമായ ലാഭക്കച്ചവടമാകുന്നു. അല്ലാഹുവിന് വേണ്ടി താങ്കളുടെ ജീവിതം വഖ്ഫ് ചെയ്യുന്നവർക്കായി ആ കച്ചവടത്തിലൂടെയുള്ള ലാഭത്തേയും പ്രയോജനത്തേയും കുറിച്ച് മുസ്‌ലിംകൾക്ക് അറിവുണ്ടായിരുന്നുവെങ്കിൽ എത്ര നന്നായേനെ! അവർക്ക് തങ്ങളുടെ ജീവിതം നഷ്ടപ്പെടുകയാണോ? ഒരിക്കലുമല്ല. (2:113 فَلَهٗٓ اَجْرُهٗ عِنْدَ رَبِّهٖ ۖ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ) ഈ ദൈവത്തിനുവേണ്ടിയുള്ള വഖ്ഫിന്റെ പ്രതിഫലം അവരുടെ നാഥൻ നൽകുന്നവനാണ്. ഈ വഖ്ഫ് സർവ്വ വിധത്തിലുമുള്ള ദുഖങ്ങളിൽ നിന്നും വ്യസനത്തിൽ നിന്നും മോചനവും മോക്ഷവും നൽകുന്നതാണ്. എനിക്ക് അൽഭുതം തോന്നാറുണ്ട്, മനുഷ്യൻ പ്രകൃത്യാ സമാധാനവും സംതൃപ്തിയും ആഗ്രഹിക്കുകയും, വ്യസനങ്ങളിൽ നിന്നും ദുഖങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും ചിന്തകളിൽ നിന്നും മോചന മാഗ്രഹിക്കുന്നവരുമാകുന്നു. പിന്നെന്തുകൊണ്ടാണ് അവർക്ക് ഈ രോഗത്തിനുള്ള പരീക്ഷിച്ചറിഞ്ഞ കുറിപ്പടി സമർപ്പിക്കുമ്പോൾ അതിൽ ശ്രദ്ധിക്കാത്തത്? ദൈവത്തിനു വേണ്ടിയുള്ള വഖ്ഫിന്റെ കുറിപ്പടി 1300 വർഷങ്ങളായി അനുഭവജ്ഞമാണെന്ന് തെളിഞ്ഞിട്ടില്ലേ? സഹാബാക്കൾ (റ) ഇതേ വഖ്ഫിലൂടെ പരിശുദ്ധജീവിതത്തിന്റെയും ശാശ്വതജീവിതത്തിന്റേയും അവകാശികളായില്ലേ? പിന്നെന്തു കാരണംകൊണ്ടാണ് ഈ കുറിപ്പടിയുടെ പ്രഭാവത്തിൽ നിന്നും പ്രയോജനം ഉൾക്കൊള്ളുന്നതിൽ നിന്നും മടിക്കുന്നത്? യഥാർത്ഥത്തിൽ ജനങ്ങൾ അതിന്റെ യാഥാർത്ഥ്യത്തെ സംബന്ധിച്ചും ഈ ദൈവികവഖ്ഫിനു ശേഷം ലഭിക്കുന്ന ആനന്ദത്തെ കുറിച്ചും അജ്ഞരാണ്. അല്ലായിരുന്നെങ്കിൽ ഈ ആനന്ദത്തിന്റെയും ആസ്വാദനത്തിന്റെയും ഒരംശമെങ്കിലും അവർക്ക് ലഭിച്ചിരുന്നുവെങ്കിൽ അളവറ്റ പ്രതീക്ഷകളുമായി അവർ ഈ മൈതാനത്തേക്ക് കുതിച്ചേനെ.

(മൽഫൂസാത്ത്: വാള്യം 1, പേജ് 370-371)

ഉടൻ പ്രതീക്ഷിക്കുക
അൽഹഖ്
വാർഷികപ്പതിപ്പ്

بَلٰى ۚ مَنْ اَسْلَمَ وَجْهَهٗ لِلّٰهِ وَهُوَ مُحْسِنٌ فَلَهٗٓ اَجْرُهٗ عِنْدَ رَبِّهٖ ۖ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ ﴿١١٣﴾

# സമർപ്പണവും മോക്ഷവും ഖുർആനികവീക്ഷണം

ഹ.ഖലീഫത്തുൽ മസീഹ് സാനി (റ)

ഭാഷാർത്ഥങ്ങൾ : "അസ്‌ലമ" എന്നതിന്റെ അർത്ഥമാണ് സ്വയം അർപ്പണം ചെയ്യുക അല്ലെങ്കിൽ പൂർണമായും ഏൽപ്പിക്കുക.

വജ്ഹുൻ : എന്നതിന്റെ അർത്ഥങ്ങൾ.

(1)ശ്രദ്ധ (2) നഫ്സുശ്ശയ്ഇ ഒരു വസ്തുവിന്റെ ആസ്തിക്യം (3) മുഖം ഈ അർത്ഥങ്ങളെല്ലാം ഇവിടെ യോജിക്കുന്നതാണ്.

അപ്പോൾ ഈ ആയത്തിന്റെ അർത്ഥമിതാണ്. അതായത് (1) തന്റെ ശ്രദ്ധ മുഴുവൻ അല്ലാഹുവിനെ ഏൽപ്പിക്കുന്നവൻ. അതായത് എല്ലാ തരം ശ്രദ്ധയും അല്ലാഹുവിലേക്കാക്കുക. (2) തന്റെ അസ്തിത്വം പൂർണമായും അല്ലാഹുവിന്റെ കീഴിലാക്കുകയും അതിനെ അല്ലാഹുവിന്റെ കൈകളിൽ നൽകുകയും ചെയ്യുക. (3) തന്റെ മുഖം അല്ലാഹുവിനു കീഴ്പ്പെടുത്തികൊടുക്കുന്നവൻ. എല്ലാ സമയത്തും അവന്റെ ദൃഷ്ടി അവനിലേക്ക് ആയിരിക്കുകയും അല്ലാഹുവിനെ കൂടാതെയുള്ളവയിലേക്ക് ദൃഷ്ടി പൊങ്ങാതിരിക്കുകയും ചെയ്യണം.

മുഹ്സിനൂൻ : ഇഹ്സാൻ എന്നതിന് രണ്ട് അർത്ഥങ്ങളാണുള്ളത്. (1) മറ്റുള്ളവർക്ക് ഔദാര്യമായി നൽകുക. യാതൊരു കർമവും ഇല്ലാതെ തന്നെ ഒരാളോട് നല്ല രീതിയിൽ പെരുമാറുകയോ അല്ലെങ്കിൽ അവന്റെ കർമ്മത്തിനുള്ള പ്രതിഫലത്തേക്കാളും അധികം നൽകുക. (2) മനുഷ്യൻ തന്റെ വ്യക്തിപരമായ ജോലിയിൽ ഉയർന്ന നിലവാരം കരസ്ഥമാക്കുക. അതായത് അവന്റെ ജോലിയെ സംബന്ധിച്ച് നല്ല ജ്ഞാനമുണ്ടായിരിക്കുകയോ അല്ലെങ്കിൽ ചെയ്യുന്ന ജോലിയെല്ലാം നല്ലതായിരിക്കുകയോ ചെയ്യുക. ചുരുക്കത്തിൽ ഇഹ്സാൻ എന്നതിതാണ്. (1) മറ്റുള്ളവരോട് പ്രതിഫലമൊന്നും കാംക്ഷിക്കാതെ നല്ലപോലെ പെരുമാറുക. (2) തന്റ അറിവിലും പ്രവൃതിയിലും നന്മലക്ഷ്യമായിരിക്കുകയും അവയിൽ തിന്മ കടന്നുകൂടാൻ അനുവദിക്കാതിരിക്കുകയും ചെയ്യുക.

ഹ : അലി (റ) പറയുന്നു

അന്നാസു അബ്നാഉ മാ യുഹ്സിനൂന

അതായത് മനുഷ്യൻ അവൻ നന്നായിട്ടറിയുന്ന ഏതൊന്നിന്റേയും മക്കളാകുന്നു. അതായത് മനുഷ്യൻ ആദരിക്കപ്പെടുന്നത് അവൻ നല്ലവണ്ണം പഠിച്ചിട്ടുള്ള അറിവനുസരിച്ചും അവന് ഏറ്റവും ഭംഗിയായി ചെയ്യാൻ സാധിക്കുന്ന പ്രവൃതിയനുസരിച്ചുമായി രിക്കും. ഏതുപോലെയെന്നാൽ മരപ്പണിക്കാരൻ അറിയപ്പെടുന്ന ഒരാൾ. അയാൾക്ക് മറ്റുപല പണികളും അറിയാം. ഉദാഹരണത്തിന്, റൊട്ടിയുണ്ടാക്കുവാനറിയാം, കൃഷി സംബന്ധമായ അറിവും അത് ചെയ്യുവാനും കഴിയും. അല്ലെങ്കിൽ കൊല്ലന്റെ പണിയും അറിയും അതും നടത്താൻ സാധിക്കും. എന്നാൽ അയാൾ അറിയപ്പെടുന്നത് മരപ്പണിക്കാരൻ എന്നാണ്. എന്തെന്നാൽ അയാൾക്ക് ഏറ്റവും കൂടുതൽ അറിയാവുന്നത് മരപ്പണിക്കാരന്റെ ജോലിയാണ് . അതുപോലെ കയ്യെഴുത്തുകാരന് മറ്റു പണികളും ചെയ്യാൻ അറിയാം. എന്നാൽ പകർത്തെഴുത്തുകാരൻ എന്നാണ് അറിയപ്പെടുന്നത്. കാരണം അയാൾക്ക് കൂടുതൽ അറിയാവുന്നത് എഴുത്താണ്. അത് അയാളുടെ ജോലിയുമാണ്. അതുപോലെ ഒരു ഡോക്ടർ മറ്റു പല ജോലികളും അറിയുന്ന ആളായിട്ടും ഡോക്ടർ എന്നാണ് വിളിക്കപ്പെടുന്നത് കാരണം ഡോക്ടറുടെ ജോലിയാണ് ഏറ്റവും കൂടുതൽ അറിയാവുന്നത്. അതുകൊണ്ട് മുഹ്സിൻ എന്നാൽ പൂർണ്ണമായ അറിവും പൂർത്തിയായി പ്രവൃത്തി ചെയ്യുന്ന ആളുമാണ്.

അതുപോലെ *അഹ്സനശ്ശയ്അ* എന്നതിനർത്ഥമാണ് *ജഅ്ലഹു ഹസനത്തൻ* .(അതിനെ നന്നായി ഉണ്ടാക്കി) ഉദാഹരണമായി വിശുദ്ധ ഖുർആൻ പറയുന്നു الَّذِيٓ اَحْسَنَ كُلَّ شَيْءٍ خَلَقَهٗ അതായത്. സ്രഷ്ടാവ് ഓരോ വസ്തുവിനും ഉത്തമമായ ഉപദർശനം പ്രദാനം ചെയ്തിരിക്കുന്നു.

**ഇഹ്സാൻ** : (പ്രതിഫലേച്ഛയില്ലാതെ ഉപകാരം ചെയ്യുക ) എന്നത്. *ഇൻആം* (ഔദാര്യം ചെയ്യുക)ൽ നിന്നും വിത്യസ്ഥമായ ഒന്നാണ്. *ഇൻആം* എന്നത് മറ്റുള്ളവരിലാണ് ഉണ്ടാകുക. എന്നാൽ *ഇഹ്സാൻ* സ്വന്തം മനസ്സിലും മറ്റുള്ളവരിലും ഉണ്ടാകുന്നു. അതു കൊണ്ട് എല്ലാ മനുഷ്യകുലത്തോടും നല്ലപോലെ പെരുമാറുക എന്നതാണ് *ഇഹ്സാൻ.*

**അദ്‌ല്** : *അദ്‌ല്* നീതിപൂർവമായ പെരുമാറ്റം എന്ന തിനെ അപേക്ഷിച്ചും *ഇഹ്സാൻ* എന്നതിന്റെ സ്ഥാനം ഉയർന്നതാണ്. *അദ്‌ല്* എന്നാൽ ആർക്കെങ്കിലും എത്രയാണോ അവകാശമുള്ളത് അത്രമാത്രം നൽകുകയും അതിനേക്കാൾ കൂടുതൽ നൽകാതിരിക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ *ഇഹ്സാൻ* എന്നത് അവകാശപ്പെട്ടതിനേക്കാളും കൂടുതൽ നൽകുകയും എടുക്കുമ്പോൾ അവകാശപ്പെട്ടതിലും കുറച്ച് എടുക്കുകയും ചെയ്യുക എന്നതാണ്. (മുഫറദാത്തെ റാഗിബ്) "*അഖ്റബ്*" ൽ ഇതിലും സംക്ഷിപ്തമായിട്ടുള്ള അർത്ഥങ്ങൾ നൽകിയിരിക്കുന്നു. *അത്താബിൽ ഹസനി* നല്ല കാര്യം പറഞ്ഞു, നല്ല കാര്യം അറിഞ്ഞു അല്ലെ ങ്കിൽ നല്ല കാര്യം ചെയ്തു. "*അസാഅ*" എന്നതിന്റെ വിപരീതമാണിത് . അതായത് ദുഷ്ടപ്പെരുമാറ്റം എന്നതിന്റെ നേർ വിപരീത അർത്ഥം നൽകുന്നു. അതുകൊണ്ട് അതിന്റെ അർത്ഥവും സൽപ്പെരുമാറ്റം എന്നാണ്.

*അഹ്സനഹു* എന്നതിന് *അലിമഹു* എന്നും അർത്ഥമുണ്ട്. അതായത് അതിനെ നല്ലവണ്ണം മനസ്സിലാക്കി. *ഫുലാനുൽ യുഹ്സിനുൽ ഖിദ്അത്ത* ഇന്നയാൾക്ക് ഖിദ്അത്തിനെ കുറിച്ചു നല്ല അറിവുണ്ട് എന്ന് പറയാറുണ്ട്.


*അഹ്സനു ലഹൂ വബിഹിൻ* എന്നതിനർത്ഥം നല്ല പ്രവർത്തി ചെയ്തു അല്ലെങ്കിൽ ആരോടെങ്കിലും നന്മ പ്രവർത്തിച്ചു എന്നാണ്. (അഖ്റബ്)

ഇസ്‌ലാമിക വീക്ഷണത്തിൽ *അസ്‌ലമ വജ്ഹഹൂ,* **വഹ്വ മുഹ്സിനുൻ** എന്നിവക്കുള്ള അർത്ഥം, റസൂൽ തിരുമേനിയെ പിൻപറ്റുകയും സ്വയം അല്ലാഹുവിന് വേണ്ടി സമർപ്പിക്കുകയും റസൂൽ കരീം (സ) യെ പൂർണമായും അനുസരിക്കുന്നവനുമായ വ്യക്തി എന്നാണ്. ഹദ്റത് ആയിശ (റ)യിൽ നിന്നുള്ള നിവേദനം. ഹ: റസൂൽ കരീം (സ) പറഞ്ഞു: *മിൻ അമില അമലൻ ലൈസ അലൈഹി അമ്റുനാ ഫഹുവ റദ്ദുൻ.*

അതായത് നമ്മുടെ കൽപ്പനയോ അനുവാദമോ ഇല്ലാത്ത ഒരു പ്രവൃത്തി ആരെങ്കിലും ചെയ്യുകയാണെങ്കിൽ അത് സ്വീകരിക്കപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ ദൈവിക വചനങ്ങൾ കൊണ്ടു വന്നിട്ടുള്ള റസൂൽ കരീം(സ)ക്ക് മാത്രമേ അല്ലഹുവിന്റെ ഇഷ്ടം കൂടുതൽ അറിയാൻ സാധിച്ചിരുന്നുള്ളു. ഹദീസിൽ വരുന്നു ഒരിക്കൽ റസൂൽ കരീം (സ)യോടു ചോദിക്കപ്പെട്ടു. അല്ലാഹുവിന്റെ റസൂലേ "*ഇഹ്സാൻ*" എന്നാൽ എന്താണ്. തിരുനബി പറഞ്ഞു: നീ അല്ലാ ഹുവിനെ കാണുന്ന ഭാവത്തിൽ ആരാധിക്കുക അല്ലെങ്കിൽ കുറഞ്ഞ പക്ഷം നിന്നെ കണ്ട്കൊണ്ടിരിക്കുന്നു എന്ന ചിന്തയെങ്കിലും നിനക്കുണ്ടാവണം. യഥാർത്ഥത്തിൽ ഇത് മനുഷ്യന്റെ ആത്മീയ പുരോഗതി തിരിച്ചറിയുവാനുള്ള നിലവാരമാണ്.

ദൈവാരാധന. ദൈവത്തെ കാണാൻ സാധിക്കും വിധം പൂർണത കൈവരിക്കേണ്ടതാണെന്ന് റസൂൽ കരീം (സ) പറഞ്ഞിരിക്കുന്നു. അതല്ലെങ്കിൽ ഞാൻ ദൈവത്തിന്റെ മുമ്പിലാണ് നിൽക്കുന്നത് എന്ന ബോധം ഉണ്ടാകുന്ന അവസ്ഥയെങ്കിലും അവനിലുണ്ടാകണം. ദൈവത്തിന്റെ കൺമുന്നിൽ നിൽക്കുമ്പോൾ മനുഷ്യന്റെ ഹൃദയം വിശാലമാകുന്നു. തോറ്റോടുന്ന സൈന്യം രാജാവിന്റെ വരവ് കാണുമ്പോൾ നിൽക്കുന്നത് പോലെ.എന്നാൽ ഈ രണ്ടു കാര്യങ്ങളിൽ എന്തെങ്കിലും ഒന്നു പോലും ഇല്ലായെങ്കിൽ പിന്നെ അവൻ മുഹ്സിൻ ആകുന്നില്ല.

ഹ: ആയിശ(റ)യുടെ നിവേദനമനുസരിച്ച് *മൻ അസ്‌ലമ വജ്ഹഹു ലില്ലാഹി വഹുവ മുഹ്സിനുൻ* എന്നതിന്റെ അർത്ഥം.



# ഉദ്യോഗമല്ല സ്വയം തൊഴിൽ സ്വായത്തമാക്കൂ

ഹ്ദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)

ഞാൻ എന്റെ യുവാക്കളെ ഉപദേശിക്കുകയാണ്. അവർ ഉദ്യോഗം നേടാൻ വേണ്ടി മാത്രം വിദ്യ അഭ്യസിക്കരുത്. ഉദ്യോഗങ്ങൾ, സമൂഹത്തിന് ഭക്ഷണമൊരുക്കാൻ പര്യാപ്തമല്ല. മറിച്ച് ഉദ്യോഗസ്ഥൻ, രാഷ്ട്രത്തിന്റെ സമ്പത്ത് തിന്നുകയാണ് ചെയ്യുന്നത്. നിങ്ങൾ കച്ചവടം ചെയ്യുകയും, വ്യവസായങ്ങളിൽ ഭാഗാവാക്കാവുകയും കണ്ടുപിടുത്തങ്ങൾ നടത്തുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾ രാഷ്ട്രത്തെ ഭക്ഷിപ്പിക്കുന്നവരായി മാറുന്നതാണ്. ഭക്ഷിപ്പിക്കുന്നവർ, ഭക്ഷിക്കുന്നവനേക്കാൾ ഉത്തമനാണ്. ഉദ്യോഗവും ആവശ്യമാണ്. പക്ഷെ നമ്മളെല്ലാവരും ഉദ്യോഗത്തിലേക്ക് മാത്രം ശ്രദ്ധിക്കുന്നവരാകരുത്. നാം കൂടുതൽ കൂടുതൽ സ്വയം തൊഴിൽ സ്വായത്തമാക്കണം. അങ്ങിനെ രാജ്യത്തിന് പുരോഗതി ലഭിക്കുന്നതാണ്. രാജ്യത്തിന് അത്യാവശ്യമുള്ളത്ര ഉദ്യോഗം മാത്രം സ്വീകരിക്കുക. പ്രഭാഷണം(21/11/52)

(1) തന്റെ ശ്രദ്ധയെ അല്ലാഹുവിന് വേണ്ടി അടിയറവ് വെക്കുകയും അതോടൊപ്പം റസൂൽ കരീം (സ)യെ പൂർണമായും പിൻപറ്റുന്ന ആളുമായിരിക്കണം.

(2) തന്റെ ശ്രദ്ധയെ മുഴുവനായും അല്ലാഹുവിന് വേണ്ടി സമർപ്പിക്കുകയും തന്റെ ആത്മീയനിലവാരം അല്ലാഹുവിനെ കാണാൻ തുടങ്ങുന്നത്രയും പൂർണത കൈവരിക്കുകയും ചെയ്യണം. അഥവാ അവന്റെ കർമ്മങ്ങൾ അല്ലാഹുവിന്റെ കൽപനകൾക്കനുസൃതമായിരിക്കണം.

**വ്യാഖ്യാനം**

ഇസ്‌ലാം എന്നതിനർത്ഥം അല്ലാഹുമായുള്ള ബന്ധം ശരിയാക്കുകയും അല്ലാഹുവിന്റെ സൃഷ്ടികളെ സ്നേഹിക്കുകയും ചെയ്യുക എന്നതാണ്.

ചുരുക്കത്തിൽ മോക്ഷത്തിനർഹമായിട്ടുള്ള വ്യക്തി ഒരു വശത്ത് പൂർണമായും തന്നെത്താൻ അല്ലാഹുവിന്റെ കാൽകീഴിൽ സമർപ്പിക്കുകയും, ചോദിക്കാനുള്ളതെല്ലാം അവനോടു തന്നെ ചോദിക്കുകയും ചെയ്യുന്നതാണ്. മറുവശത്ത് മറ്റുള്ളവരിൽ നിന്നും ഒന്നും സ്വീകരിക്കാൻ തയ്യാറാവാത്ത വിധം തന്റെ കോന്തല വിശാലമാക്കുന്നവനുമാണ്. അതായത് എല്ലാവർക്കും നൽകുവാൻ മുതിരുന്ന ആളായിരിക്കും.

ഇത് സംബന്ധിച്ച് എന്റെ ഒരു ഈരടിയുണ്ട്.

"തൂ സബ് ദുനിയാ കൊ ദേ ലേക്കിൻ
ഖുദ് തേരെ ഹാഥ് മേ ഭീക് ന ഹോ"

നീ എല്ലാവർക്കും നൽകുക. പക്ഷെ നിന്റെ കയ്യിൽ ഭിക്ഷാ പാത്രമാകരുത്.

അല്ലാഹുവിനോട് ചോദിക്കുകയും പിന്നീട് ലോകർക്ക് നൽകുകയും ചെയ്യുക എന്നുള്ളത് മുഹ്സിന്റെ കഴിവാണ്.

യഥാർത്ഥത്തിൽ, *അനാബത്തെ ഇല്ലല്ലാഹ്* (അല്ലാഹുവിലേക്കുള്ള കുനിയൽ), *തവജ്ജയേ ഇലല്ലാഹ്*, (അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കൽ) *ശഫക്കത്ത് അലന്നാസ്* (ജനങ്ങളോടുള്ള അലിവ് ) എന്നിവയാണ് ഇസ്‌ലാമിക അദ്ധ്യാപനത്തിന്റെ ചുരുക്കം.

.......... "*മൻ അസ്‌ലമ*" എന്നതിൽ *അഹാബത്തെ ഇല്ലല്ലാഹ്* അഥവാ അല്ലാഹുവിലേക്കുള്ള അനുസരണയോടുള്ള കുനിയൽ എന്നത് പ്രകടമാണ്.

"വഹുവ മുഹ്സിനുൻ" എന്നതിൽ ജനങ്ങളോടുള്ള ദയയും വരുന്നു. കൂടാതെ *ബലാ* എന്നും പറഞ്ഞിരിക്കുന്നു. അതായത് മോക്ഷം എന്നുള്ളത് അക്കൂട്ടരുമായി മാത്രം പ്രത്യേകപ്പെടുത്തിയിട്ടുള്ളതാണ്. നിങ്ങളുമായിട്ടല്ല. അത്തരം ആളുകൾക്ക് അവരുടെ നാഥന്റെ പക്കൽ അതിനുള്ള പ്രതിഫലം സുനിശ്ചിതമാണ്.

സൂക്ഷ്മമായൊരു കാര്യം ഇതിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. അതായത്, മോക്ഷം എന്നുള്ളത് തങ്ങളുമായി മാത്രം നിജപ്പെടുത്തപ്പെട്ടതാണെന്ന് ചിലർ പറഞ്ഞിരുന്നു. എന്നാൽ അല്ലാഹു പറയുന്നു, മോക്ഷത്തിന്റെ രഹസ്യം എന്നത് അല്ലാഹുവിന് വേണ്ടി സ്വയം സമർപ്പണം ചെയ്യലാണ്. അല്ലാതെ ഏതെങ്കിലും ഒരു പ്രത്യേക മതം സ്വീകരിക്കലല്ല. അതുകൊണ്ട് , പേരു കൊണ്ട് മാത്രം മോക്ഷം ലഭ്യമാകുകയില്ല. മറിച്ച് അല്ലാഹുവിൽ നിന്ന് പുതിയ കൽപനകളെന്തെങ്കിലും വരുമ്പോഴൊക്കെ അതു സ്വീകരിക്കുക എന്നുള്ളതാണ് യഥാർത്ഥ ഇസ്‌ലാം. അതിനെ നിഷേധിക്കൽ മോക്ഷത്തിന് എതിരാണ്.

ഇനിയുള്ള പ്രശ്നം ഇത് കൂടാതെ മറ്റുവല്ല മോചകരും ഉണ്ടോ ഇല്ലയോ എന്നതാണ്. ഇസ്‌ലാം മോക്ഷത്തെക്കുറിച്ച് പറയുന്നത് "*അസ്‌ലമ വജ്ഹഹു ലില്ലാഹി വഹുവ മുഹ്സിനുൻ*" എന്നതിന്റെ കീഴിലാണ്.

മറ്റൊന്ന് അല്ലാഹു മാലിക്കാണ് (ഉടമസ്ഥനാണ്). അവൻ ഇച്ഛിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കും. അവൻ ഏതെങ്കിലും ഒരു ഹിന്ദുവിനോ, സിക്ക്കാരനോ, ക്രസ്ത്യാനിക്കോ, യഹൂദിക്കോ പൊറുത്തു കൊടുക്കുവാനോ ആഗ്രഹിക്കുകയാണെങ്കിൽ ആർക്കാണ് അതിനെ തടയാൻ സാധിക്കുക.

*ബലാ മൻ അസ്‌ലമ വജുഹഹു ലില്ലാഹി* എന്നതിൽ തങ്ങളുടെ അസ്തിത്വം മുഴുവനായും അല്ലാഹുവിനു വേണ്ടി സമർപ്പിക്കുക എന്നത് ഓരോ വിശ്വാസിയുടെ കടമയാണ് എന്നതിലേക്കും സൂചന നൽകിയിരിക്കുന്നു. അവരുടെ ഭൗതീക ആവശ്യങ്ങളേയും അവർ ധാർമ്മിക ആവശ്യങ്ങൾക്കു കീഴിലാക്കുന്നതാണ്.

പ്രത്യക്ഷത്തിൽ ഇത് നിസ്സാര കാര്യമായി തോന്നുമെങ്കിലും യഥാർത്ഥത്തിൽ ഇസ്‌ലാമും ഇതരമതങ്ങളും തമ്മിലുള്ള വ്യത്യാസം ഇതു തന്നെയാണ്. ഇസ്‌ലാം, നിങ്ങൾ അറിവ് സമ്പാദിക്കരുതെന്നോ, കച്ചവടം നടത്തരുത് എന്നോ നിർമാണപ്രവർത്തനങ്ങളിൽ ഭാഗഭാക്കാകരുതെന്നോ ഭരണസ്ഥിരതക്ക് വേണ്ടി പരിശ്രമിക്കരുതെന്നോ പറയുന്നില്ല. മറിച്ച് അത് മനുഷ്യന്റെ കാഴ്ചപ്പാട് മാറ്റുക മാത്രമാണ് ചെയ്യുന്നത്.

ലോകത്ത് എല്ലാ ജോലികൾക്കും രണ്ടു തരത്തിലുള്ള വീക്ഷണങ്ങളാണുള്ളത്. ഒന്ന് പുറം തോടിൽ നിന്നും കഴമ്പു കരസ്ഥമാക്കുവാനുള്ള കാഴചപ്പാട്. മറ്റൊന്ന് കഴമ്പിൽ നിന്നും തൊലി കരസ്ഥമാക്കുന്ന കാഴചപ്പാട്. ................തൊലിയിൽ നിന്നും കഴമ്പ് കരസ്ഥമാക്കാണമെന്ന് പ്രതീക്ഷിക്കുന്ന വ്യക്തികൾ അവരുടെ ഉദ്ദേശ്യത്തിൽ വിജയിക്കണമെന്നില്ല. മാത്രമല്ല അധികവും പരാജയപ്പെടുകയുമാണ് ചെയ്യാറുള്ളത്. എന്നാൽ കഴമ്പ് കരസ്ഥമാക്കുന്നവർക്ക് അതോടൊപ്പം തൊലിയും ലഭിക്കുന്നു.

റസൂൽ കരീം (സ) യുടെയും അനുയായികളുടെയും പ്രയത്നങ്ങൾ ദീനിന് വേണ്ടിയായിരുന്നു. എന്നാൽ ഭൗതികമായ അനുഗ്രഹങ്ങളിൽ നിന്നും അവർ തടയപ്പെട്ടതുമില്ല. ദീൻ കിട്ടി കഴിഞ്ഞ ആളുകൾക്ക് പിന്നാലെ ഭൗതിക ലോകം ഭിക്ഷുകനെ പോലെ വരുന്നതാണ്. എന്നാൽ ദുനിയാവിനോടൊപ്പം ദീൻ ലഭിക്കണമെന്നില്ല. പലപ്പോഴും അത് കിട്ടുകയില്ലെന്നു മാത്രമല്ല അവശേഷിച്ച ദീനും കയ്യിൽ നിന്ന് പൊയ്പ്പോകുന്നു.

*ലാ ഖൗഫുൻ അലൈഹിം വലാഹും യഹ്സിനൂൻ.* വരാനിരിക്കുന്ന കാര്യങ്ങളെ കുറിച്ചാണ് ഭയം ഉണ്ടാകുക. ഖേദം കഴിഞ്ഞു പോയതിനും.

അല്ലാഹു പറയുന്നു, മുസ്‌ലിംകളുടെ ഭാവി സുരക്ഷിതമായിരിക്കുന്നതാണ്. അവർക്ക് നഷ്ടം വരുത്താൻ ഒരു സമുദായത്തിനും സാധ്യമല്ല. അവരുടെ ഭൂതകാലം അവരെ ഒരിക്കലും വിഷമിപ്പിക്കുകയുമില്ല...........

ഇവിടെ *അസ്‌ലമ വജ്ഹഹു* എന്നതു പ്രകാരം പ്രവർത്തിച്ചു കൊണ്ട് ഇസ്‌ലാമിൽ പ്രവേശിക്കുമ്പോൾ അവരുടെ എല്ലാ മുൻകാലപാപങ്ങളും മാപ്പാക്കപ്പെടുന്നു. അതായത് ഒരു സത്യവിശ്വാസിയുടെ ഭൂത കാലം ഒരിക്കലും അവനെ ശല്ല്യപ്പെടുത്തുകയില്ല. എന്തെന്നാൽ വിശ്വാസിയായ ശേഷം അവൻ മാതാവിന്റെ ഉദരത്തിൽ നിന്നും വന്ന നവജാത ശിശുവിനെ പോലെയായി തീരുന്നു. പിന്നീട് അവർ എന്തെങ്കിലും തിന്മ ചെയ്യുകയാണെങ്കിൽ തീർച്ചയായും അത് അവരുടെ കർമ്മ പുസ്തകത്തിൽ രേഖപ്പെടുത്തുന്നതാണ്. എന്നിരുന്നാലും തൗബ അഥവാ പശ്ചാത്തപിച്ചു മടങ്ങിയതിന് ശേഷം മുൻകഴിഞ്ഞ എല്ലാ പാപങ്ങളും മാപ്പാക്കപ്പെടുന്നതാണ്.

(തഫ്സീറെ കബീർ വാള്യം : 2 )

സമ്പാ: ഇബ്നു മുഹമ്മദ്,മുറിയക്കണ്ണി

*പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ*

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും
എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത്ത് അബൂസൽമ (റ) ഇബ്നു അബ്ദുൽ അസദ്

### വംശാവലി

ബനൂ മഖ്സൂം ഗോത്രക്കാരൻ, അദ്ദേഹത്തിന്റെ യഥാർത്ഥ പേര് അബ്ദുല്ലാഹിബ്നു അബ്ദുൽ അസദ് എന്നാണ്. നബി(സ) യുടെ പിതൃസഹോദരിയും അബ്ദുൽ മുത്വലിബിന്റെ മകളുമായ ബുർറയായിരുന്നു മാതാവ്. നബി (സ)യുടെ സമപ്രായക്കാരൻ. കൂടാതെ അദ്ദേഹം നബി(സ)യുടെ മുലകുടി ബന്ധത്തിലുള്ള സഹോദരനുമാണ്.

അദ്ദേഹത്തിന്റെ പത്നി അബൂഉമയ്യയുടെ പുത്രിയായ ഹിന്ദ് ആയിരുന്നു. ഉമ്മെ സൽമ (റ) എന്നറിയപ്പെട്ടിരുന്ന അവർ അബൂസൽമ (റ) ന്റെ വഫാത്തിനു ശേഷം നബി (സ) പരിശുദ്ധ പത്നിമാരിൽ ഉൾപ്പെടുകയുണ്ടായി.

### ഇസ്ലാം സ്വീകരിക്കുന്നു

അബൂ സൽമ (റ) ആദ്യകാലഘട്ടത്തിൽ തന്നെ 11-ാമനായി ഇസ്ലാം മതം സ്വീകരിച്ചിരുന്നു. അക്കാലത്ത് നബി (സ) തുറന്ന നിലയിൽ തബ്ലീഗ് ആരംഭിച്ചിരുന്നില്ല. തുടർന്ന് അദ്ദേഹത്തിന് വിശേഷിച്ച് കുടുംബക്കാരിൽ നിന്ന് കൊടിയ മർദ്ദനങ്ങളും പീഡനങ്ങളും ഏൽക്കേണ്ടി വന്നു.

### അമ്മാവൻ അഭയം നൽകുന്നു

അവസാനം അദ്ദേഹം അമ്മാവനായ അബൂത്വാലിബിന്റെ അഭയത്തിൽ വന്നു. കുപിതരായ ഗോത്രക്കാർ അബൂത്വാലിബിന്റെ അടുക്കൽ വന്ന് അഭയം തിരിച്ചെടുക്കാൻ സമ്മർദ്ദം ചെലുത്തി. അന്നേരം ആദ്യമായി അബൂലഹബ് ഒരു മുസ്ലിമിന് വേണ്ടി ശബ്ദമുയർത്തി. അബൂലഹബ് പറഞ്ഞു, അഥവാ അബൂത്വാലിബ് അഭയം കൊടുക്കുന്നുവെങ്കിൽ അദ്ദേഹത്തെ ഒന്നും പറയരുത്. അല്ലെങ്കിൽ ഞാനും അദ്ദേഹത്തെ സഹായിക്കുന്നതാണ്. അങ്ങനെ കുറെക്കാലം അബൂസൽമ ആ അഭയത്തിൽ കഴിഞ്ഞു.

### ഹബ്ശയിലേക്ക്

മക്കയിലെ മർദ്ദനങ്ങളും പീഡനങ്ങളും സഹിക്കവയ്യാതായപ്പോൾ അദ്ദേഹം പത്നിയേയും കൂട്ടി ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തു. കുറച്ചു കാലശേഷം തിരിച്ചു വന്ന അദ്ദേഹം നബി (സ) യുടെ ഹിജ്റത്തിന് മുമ്പ് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു.

### ഭാര്യയും ഭർത്താവും മകനും വേർപെടുന്നു

സ്വപത്നിയേയും കൂട്ടി മദീനയിലേക്ക് പുറപ്പെട്ട അദ്ദേഹത്തെ വഴിയിൽ വെച്ച് പത്നിയുടെ കുടുംബക്കാർ തടയുകയും തങ്ങളുടെ ഗോത്രക്കാരിയെ കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല എന്നു പറഞ്ഞ് ഉമ്മെ സൽമ (റ) യെ മടക്കി കൊണ്ടുവരികയും ചെയ്തു. ഏതാനും ദിവസങ്ങൾക്കു ശേഷം അബൂസൽമ (റ) യുടെ കുടുംബക്കാർ വന്ന് തങ്ങളുടെ രക്തത്തെ തിരിച്ചു നൽകുക എന്ന് പറഞ്ഞ് മകനെ കൂട്ടികൊണ്ടു പോയി. ഒരു വർഷത്തോളം ആ അവസ്ഥയിൽ നീറിക്കഴിഞ്ഞ ഉമ്മെ സൽമയോട് സഹതാപം തോന്നിയ കുടുംബത്തിലെ ഒരു സ്ത്രീയുടെ ശുപാർശയിൽ അവരെ പോകാൻ അനുവദിച്ചു. അതേ സമയത്ത് തന്നെ മറ്റു വീട്ടുകാരും അനുകമ്പയാൽ മകനെയും വിട്ടു കൊടുത്തു. അങ്ങനെ ഒറ്റക്ക് മകനുമായി മദീനയ്ക്ക് പുറപ്പെട്ട അവരോട് സഹാനുഭൂതി തോന്നിയ ഉസ്മാൻ (റ) ഇബ്നു അബീത്വൽഹ അവരെ ഖുബാ വരെ കൊണ്ടെത്തിച്ചു.

### മദീനയിൽ

മദീനയിലെത്തിയ അബൂ സൽമ (റ) ഹദ്റത്ത് മുബശിർ (റ) ഇബ്നു മുൻസിറിന്റെ വീട്ടിൽ താമസമാക്കി. പിന്നീട് നബി തിരുമേനി (സ) അദ്ദേഹത്തിനും സഅദ് ഇബ്നു ഖൈസ്മ (റ) നും ഇടയിൽ സഹോദര്യബന്ധം സ്ഥാപിച്ചു. കൂടാതെ അദ്ദേഹത്തിന് മദീനയിൽ ഒരു വീടും നബി (സ) നൽകുകയുണ്ടായി.

### ബഹുമതി

നബി (സ) ഹിജ്രി രണ്ടാം വർഷം ഒരു ഉദ്യമത്തിനായി പുറപ്പെട്ടപ്പോൾ അബൂ സൽമ (റ) നെ മദീനയിലെ അമീറായി നിയമിക്കുകയുണ്ടായി. ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) അബൂസൽമ (റ) നെ പ്രശംസിച്ചു കൊണ്ട്, വിശുദ്ധ ഖുർആനിലെ *ഫഅമ്മാമൻ ഊത്തിയ കിതാബഹു ബിയമീനിഹി ഫയഖൂലു ഹാഉമുഖ്റഊ കിതാബിയെ* (അൽ ഹാഖ: 20) എന്ന വചനം അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തുന്നു എന്ന് പറയുകയുണ്ടായി. അതായത്, ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ വലതുകയ്യിൽ കർമ പുസ്തകം കൊടുക്കപ്പെടുകയും ഇത് നിങ്ങളുടെ കർമപു സ്തകമാണ് വായിച്ചു കൊള്ളുക എന്നു പറയപ്പെടുന്നവരിൽ ഉൾപ്പെട്ട വ്യക്തിയാണ് അബൂ സൽമ (റ).

### യുദ്ധ മൈതാനത്ത്

ബദ്ർ യുദ്ധവേളയിൽ അദ്ദേഹം വളരെ നിർഭയനായി പോരാടുകയുണ്ടായി. ഉഹദ് യുദ്ധാവസരത്തിലും അദ്ദേഹം തന്റെ ധീരത പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ ഉഹദ് യുദ്ധവേളയിൽ അദ്ദേഹത്തിന്റെ കയ്യിന് മാരകമായ മുറിവേൽക്കുകയുണ്ടായി. മാസങ്ങളോളം ആ മുറിവ് ചികിൽസിക്കുകയുണ്ടായി. തൽഫലമായി ആ മുറിവ് ബാഹ്യമായി ഭേദമായതായി കാണപ്പെട്ടു.

### വഫാത്ത്

കുറച്ചു നാളുകൾക്കു ശേഷം ബനീ അസദിനടുത്തേക്ക് ഒരു ഉദ്യമത്തിനായി അദ്ദേഹത്തെ നിയോഗിച്ചു. പ്രസ്തുത യാത്രയിൽ നിന്ന് തിരിച്ചെത്തിയപ്പോൾ ആ മുറിവ് വീണ്ടും പഴുക്കാൻ തുടങ്ങി. അതിന് ഏതാനും ദിവസങ്ങൾക്കു ശേഷം അദ്ദേഹം വഫാത്തായി.

### നബി (സ)യുടെ സ്നേഹം

നബി(സ)യ്ക്ക് അദ്ദേഹത്തോട് അതിരറ്റ സ്നേഹവും അനുകമ്പയും ഉണ്ടായിരുന്നു. രോഗിയായിരുന്ന വേളയിൽ അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിനായി തിരുനബി(സ) അദ്ദേഹത്തിന്റെ വീട്ടിൽ പോകുമായിരുന്നു. അദ്ദേഹത്തിന്റെ അവസാന നിമിഷങ്ങളും നബി (സ) തിരുമേനിയുടെ സാന്നിദ്ധ്യത്തിലായിരുന്നു. ആത്മാവ് ശരീരത്തിൽ നിന്നും വേർപെട്ട ഉടൻ നബി(സ) തിരുമേനി തന്റെ പരിശുദ്ധകരങ്ങളാൽ അദ്ദേഹത്തിന്റെ കണ്ണുകൾ അടയ്ക്കുകയും ഇങ്ങനെ ദുആ ചെയ്യുകയുമുണ്ടായി, അല്ലാഹുവേ! അബൂ സൽമയ്ക്ക് പൊറുത്തു കൊടുക്കേണമേ. സന്മാർഗം പ്രാപിച്ചവരിൽ അദ്ദേഹത്തിന്റെ പദവി ഉയർത്തേണമേ. അദ്ദേഹത്തിന് നല്ല അവകാശിയെ നൽകേണമേ. മുഴുലോകത്തിന്റേയും നാഥാ! അദ്ദേഹത്തിനും ഞങ്ങൾക്കെല്ലാവർക്കും പൊറുത്തു തരേണമേ. മദീനയിൽ തന്നെ അദ്ദേഹത്തെ ഖബറടക്കുകയും ചെയ്തു.

### നബി (സ) തിരുമേനി താക്കീത് നൽകുന്നു

വഫാത്തിന് ശേഷം അദ്ദേഹത്തിന്റെ വീട്ടിൽ നിന്ന് സ്ത്രീകളുടെ കരച്ചിലിന്റെ ശബ്ദം കേട്ടപ്പോൾ നബി (സ) തിരുമേനി പറഞ്ഞു, അല്ലയോ സ്ത്രീകളെ, നിങ്ങളെന്തിനാണ് കരയുന്നത്. നിങ്ങളുടെ നാവിൽ നിന്ന് അനുചിതമായ വാക്കുകൾ എന്തിന് പുറപ്പെടുവിക്കുന്നു. ഇത്തരത്തിലുള്ള സമയത്ത് മലക്കുകളുടെ സാന്നിദ്ധ്യം ഉണ്ടാകുന്നതാണ്. നിങ്ങൾ പറയുന്നതിനെല്ലാം മലക്കുകൾ ആമീൻ പറയുന്നുണ്ടാകും. അതിനാൽ അക്ഷമരായി അനുചിത വാക്കുകൾ പറയാതിരുന്നാലും.

### ഉമ്മു സൽമയുടെ പുനർവിവാഹം

കുറച്ചു നാളുകൾക്കു ശേഷം നബി (സ) ഉമ്മു സൽമയ്ക്ക് വിവാഹ സന്ദേശം അയച്ചു. ആദ്യത്തിൽ ചില ഒഴികഴിവുകൾ പറഞ്ഞെങ്കിലും തിരുനബി (സ) സമാശ്വസിപ്പിച്ചപ്പോൾ അവർ തയ്യാറായി. അങ്ങനെ അവർക്ക് പരിശുദ്ധ പ്രവാചക പത്നിയുടെ സ്ഥാനം അലങ്കരിക്കുന്നതിനുള്ള സൗഭാഗ്യവും സിദ്ധിച്ചു. കൂടാതെ അബൂ സൽമയുടെ നാല് മക്കൾക്കും നബി (സ) യുടെ പരിശുദ്ധ ശിക്ഷണത്തിൽ കഴിയുന്നതിനുള്ള തൗഫീഖും ലഭിച്ചു.

*അവ: സീറത്ത് സഹാബ*
*(ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്)*
*സമ്പാ: അബു അബ്ദുൽബാരി*

# കർമശാസ്ത്രം

## തയമ്മം എപ്പോൾ, ഏങ്ങിനെ?

വെള്ളം ഉപയോഗിക്കുന്നത് ബുദ്ധിമുട്ടാകുകയും, ഉദാഹരണമായി മനുഷ്യൻ രോഗിയാകുകയോ അല്ലെങ്കിൽ വെള്ളം ലഭിക്കാതെ വരികയോ അല്ലെങ്കിൽ വെള്ളം മലിനമാണെങ്കിലോ നമസ്കരിക്കുന്നതിന്നായി കുളിക്കുന്നതിനോ വുളു ചെയ്യുന്നതിനോ പകരമായി മനുഷ്യൻ തയമ്മം ചെയ്യുക. അതായത് പരിശുദ്ധ മണ്ണിലോ അല്ലെങ്കിൽ പൊടി പറ്റിയ ഏതെങ്കിലും വസ്തുവിലോ ഇനി അങ്ങിനെയുള്ള ഒന്നും ലഭിച്ചില്ലായെങ്കിൽ അങ്ങിനെയുള്ള ഏതെങ്കിലും കനമുള്ള വസ്തുവിലോ നമസ്കാരത്തിന്റെ നിയ്യത്തോടു കൂടി ബിസ്മില്ലാഹ് ചൊല്ലിക്കൊണ്ട് രണ്ടു കയ്യും അടിക്കുക. എന്നിട്ട് ആ കൈ ആദ്യം മുഖത്ത് തടവുക. പിന്നീട് രണ്ടു കയ്യിലും. സാധാരണ അവസ്ഥയിൽ കൈപ്പത്തി മാത്രം തടവുക മതിയാവുന്നതാണ്. എന്നാൽ കൈ തുറന്നതാണെങ്കിൽ കോട്ടോ സെറ്ററോ ധരിച്ചിട്ടില്ലായെങ്കിൽ കൈ നഗ്നമാണെങ്കിൽ പിന്നെ കൈമുട്ട് വരെ തടവേണ്ടതാണ്. കയ്യിൽ ധാരാളം മണ്ണ് പറ്റുകയാണെങ്കിൽ തടവുന്നതിന് മുമ്പായി അവയെ തട്ടിക്കളയേണ്ടതാണ്.

കുളി നിർബന്ധമായവർക്കും വുളുവിനായി ചെയ്യുന്നത് പോലെ തയമ്മം ചെയ്യാവുന്നതാണ്. ഈ തയമ്മത്തിന് ശേഷം മനുഷ്യൻ ശുദ്ധിയുള്ളവനാകുന്നു. പള്ളിയിലും വീട്ടിലും ഏത് നമസ്കാരവും അനുഷ്ഠിക്കാവുന്നതാണ്. അതിന് യാതൊരു തടസ്സവുമില്ല. വെള്ളം ലഭിക്കാത്തതു വരെ അല്ലെങ്കിൽ മനുഷ്യന് അതുപയോഗിക്കാൻ സാധിക്കാത്തതു വരെ തയമ്മം ചെയ്ത് നമസ്കരിക്കാവുന്നതാണ്. അതു പോലെ ഒരു തയമ്മം കൊണ്ട് പല നമസ്കാരങ്ങളും അനുഷ്ഠിക്കാവുന്നതാണ്. വുളു മുറിയുന്ന കാര്യങ്ങളാൽ തയമ്മവും മുറിയുന്നതാണ്. അതുകൂടാതെ വെള്ളം ലഭിച്ചാലോ അല്ലെങ്കിൽ ആരോഗ്യം വീണ്ടെടുത്തതിനു ശേഷം വെള്ളം ഉപയോഗിക്കാൻ കഴിയുന്ന അവസ്ഥയിലെത്തിയാലോ തയമ്മും ശേഷിക്കുന്നതല്ല. വുളു ചെയ്യേണ്ടത് അനിവാര്യമാകുന്നു.

തയമ്മത്താൽ ബാഹ്യമായ വൃത്തിയുടെ ഉദ്ദേശ്യം പൂർത്തിയാവുന്നില്ലായെങ്കിലും ചിന്തകളെ കേന്ദ്രീകരിക്കാനും ശ്രദ്ധയെ ഏകീകരിക്കാനും ഒരു അനുഗ്രഹീത കർമത്തിനായി സന്നദ്ധത ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യം പൂർത്തിയാകുന്നു.

(ഫിഖ്ഹ് അഹ്മദിയ്യാ, പേജ് 55)

## ചർച്ചിലെ ചർച്ച

ഖലീഫാ റാബിഅ് (റഹ്) പറയുന്നു, ഞാനോർക്കുന്നു, ഒരിക്കൽ ഡൽഹൗസിയിലുള്ള ഒരു ചർച്ചിൽ ഞങ്ങൾ പോയി. ഞങ്ങൾ സ്കൂളിൽ പഠിക്കുന്ന കാലമായിരുന്നു അത്. അവിടെയുള്ള ഒരു പ്രാദേശിക പാതിരിയുമായി ഞങ്ങൾ സംസാരം ആരംഭിച്ചു. അല്പസമയത്തിനു ശേഷം അവരുടെ വലിയ ഒരു പാതിരി സാഹിബ് അവിടെ എത്തിച്ചേർന്നു. ഏത് ക്രിസ്തീയ വിഭാഗവുമായിട്ടായിരുന്നു അവരുടെ ബന്ധം എന്നെനിക്കറിയില്ല. എന്നാലും അദ്ദേഹം ഒരു യൂറോപ്യനായിരുന്നു. ഞങ്ങളുടെ സംസാരം കുറച്ചുനേരം ശ്രവിച്ചപ്പോൾ ഞങ്ങൾ അഹ്മദികളാണെന്ന് അദ്ദേഹത്തിന് മനസ്സിലായി. അയാൾ മുന്നോട്ട് വന്ന് ഞങ്ങളോട് ചോദിച്ചു, കുട്ടികളേ നിങ്ങൾ ആരാണ്. നിങ്ങൾ അഹ്മദിയ്യാ വിഭാഗവുമായി ബന്ധമുള്ളവരാണോ. ഞങ്ങൾ പറഞ്ഞു, അതേ, ഞങ്ങൾ അഹ്മദികളാണ്. അപ്പോൾ അയാൾ പറഞ്ഞു, ശരി, എങ്കിൽ പിന്നെ നിങ്ങളോട് സംസാരിക്കാൻ ഞങ്ങൾക്കനുമതിയില്ല. ഇത്രയും പറഞ്ഞ് അയാൾ ഞങ്ങളെ യാത്രയാക്കി.

(ഖുത്വുബ ജുമുഅ, 28-01-83)

# വഖ്ഫെ നൗ

# ഹുസൂർ തിരുമനസ്സിന്റെ പുതിയ നിർദ്ദേശങ്ങൾ

1. നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി ഇന്ത്യയായിരിക്കും ഇനി മുതൽ വഖ്ഫെ നൗ കുട്ടികളുടെ കരിയർ പ്ലാനിങ്ങിന്റെ മേൽനോട്ടം വഹിക്കുക. വിദ്യാഭ്യാസത്തിന്റെ മൂന്ന് ഘട്ടങ്ങളിലും (10-ാം ക്ലാസ്സ്, +2, ഡിഗ്രി) ഓരോ വഖ്ഫെ നൗ കുട്ടിയും കരസ്ഥമാക്കിയ മാർക്ക്, അവരുടെ പഠനതൽപരത, ജമാഅത്തിന്റെ ആവശ്യകത എന്നിവ പരിഗണിച്ചായിരിക്കും പ്രസ്തുത കമ്മിറ്റി ഓരോരുത്തരുടേയും കരിയർ പ്ലാൻ ചെയ്യുക. ആയതിനാൽ ഓരോ വഖ്ഫെനൗ കുട്ടിയും 10 ലും +2 വിലും ഡിഗ്രിയിലും കരസ്ഥമാക്കിയ മാർക്കുകൾ ഈ കമ്മിറ്റിക്ക് അയച്ചു കൊടുക്കേണ്ടത് നിർബന്ധമാണ്. അതോടൊപ്പം തങ്ങളുടെ താൽപര്യവും അറിയിച്ചു കൊണ്ട് തുടർപഠനത്തിന് സദ്ർ കമ്മിറ്റി (നാസിർ തഅ്ലീം) യിൽ നിന്നും മാർഗനിർദേശം തേടേണ്ടതാണ്. തുടർന്ന് പ്രസ്തുത കമ്മിറ്റിയുടെ തീരുമാനത്തിനനുസരിച്ച് തന്നെ തുടർ വിദ്യാഭ്യാസം കരസ്ഥമാക്കുക.
2. ഇനി മുതൽ വഖ്ഫെ നൗ വിദ്യാർത്ഥികൾക്ക് 10 ലും +2 വിലും ഡിഗ്രിക്കും ജമാഅത്തിൽ നിന്ന് വിദ്യാഭ്യാസ ചിലവുകൾ ആവശ്യമായി വന്നാൽ, ഓരോ പ്രാവശ്യവും അവർ ജമാഅത്തിന് ഒരു ബോണ്ട് എഴുതി നൽകേണ്ടതാണ്. അതിൽ ഇപ്രകാരം എഴുതേണ്ടതാണ്, ഞാൻ ജമാഅത്തിനോട് വഖ്ഫെ സിന്ദഗിയുടെ (ജീവിതം വഖ്ഫ് ചെയ്യുന്നതിന്റെ) പ്രതിജ്ഞ ചെയ്തിരിക്കുന്നു. എന്റെ ഈ വിദ്യാഭ്യാസത്തിനായി ഞാൻ ആവശ്യപ്പെട്ട പ്രകാരം ജമാഅത്ത് എനിക്ക് ഇത്ര സംഖ്യ വിദ്യാഭ്യാസ ചെലവിനായി തരികയാണ്. അഥവാ ഞാൻ ഈ പ്രതിജ്ഞയിൽ നിന്ന് പിന്മാറുകയാണെങ്കിൽ മുഴുവൻ ചിലവുകളും തിരിച്ച് നൽകാൻ ബാധ്യസ്ഥനായിരിക്കും.
3. എല്ലാ വഖ്ഫെ നൗ കുട്ടികളും 15 വയസ്സ് പ്രായമാകുമ്പോൾ വഖ്ഫെ സിന്ദഗിയുടെ പ്രതിജ്ഞ പുതുക്കേണ്ടതാണ്. അതു പോലെ വിദ്യാഭ്യാസം പൂർത്തിയായാൽ വീണ്ടും തങ്ങളുടെ പ്രതിജ്ഞയെ പുതുക്കിക്കൊണ്ട് എന്റെ പഠനം പൂർത്തിയായിരിക്കുന്നു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഇപ്പോഴും എന്റെ പ്രതിജ്ഞയിൽ ഉറച്ചു നിൽക്കുന്നു. ഇനി ഞാനെന്താണ് ചെയ്യേണ്ടത് എന്ന് കേന്ദ്രത്തിനോട് എഴുതി ചോദിക്കുക.

ആയതിനാൽ എല്ലാ വഖ്ഫെ നൗവും മാതാപിതാക്കളും ഈ നിർദ്ദേശം പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതാണ്. ഏതെങ്കിലും വഖ്ഫെ നൗ കുട്ടി ഈ നിർദ്ദേശമനുസരിച്ച് നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റിയുടെ അനുമതി കരസ്ഥമാക്കാതെ തുടർപഠനം നടത്തുകയാണെങ്കിൽ അവരുടെ പേരുകൾ ഹുസൂർ തിരുമനസ്സിന്റെ സമക്ഷത്തിലേക്ക് അയച്ചു കൊടുക്കുന്നതാണ്.

വസ്സലാം, വിനീതൻ
നാസിർ തഅ്ലീം,
നാഷണൽ സദ്ർ കരിയർ പ്ലാനിംഗ് കമ്മിറ്റി ഭാരത്.

പുണ്യാത്മാക്കൾ

# ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് (റ)കപൂർതലവി

**കുടുംബം**

യു.പി യിലെ മുസഫർനഗർ നിവാസിയായ അദ്ദേഹം കപൂർതലയിലുള്ള പിതൃസഹോദരന്റെ അടുക്കലാണ് നിന്നിരുന്നത്. അതുകൊണ്ടാണ് അദ്ദേഹം കപൂർത ലവി എന്ന പേരിൽ പ്രശസ്തനായത്. അദ്ദേഹത്തിന്റെ കുടുംബം ഉന്നതകുലജാതരായിരുന്നു. ദീനിബോധം വേണ്ടുവോളമുള്ള കുടുംബമായിരുന്നു. ഖുർആൻ ഹിഫ്ള് ചെയ്യുന്ന പാരമ്പര്യമുള്ള കുടുംബമായിരുന്നു. അദ്ദേഹത്തിന്റെ പിതാവും. പിതാമഹനും, പ്രപിതാമഹ നും, പിതൃസഹോദരനും, അദ്ദേഹത്തിന്റെ മൂന്ന് സഹോദ രന്മാരും ഖുർആൻ ഹാഫിളുകളായിരുന്നു. അദ്ദേഹം ഖുർആൻ ഹാഫിളല്ലായിരുന്നെങ്കിലും ധാരാളം ഖുർ ആൻ അദ്ദേഹത്തിന് മനപ്പാഠമായിരുന്നു.

**ജനനം**

1862 ലോ 63 ലോ ആണ് അദ്ദേഹത്തിന്റെ ജനനം.

**രൂപം**

പൊക്കം കുറവായിരുന്ന അദ്ദേഹത്തിന്റെ മുഖം പ്രൗഢഗംഭീരവും സുന്ദരവുമായിരുന്നു. വലിയ കണ്ണു കളും തെളിഞ്ഞ ഉയർന്ന നെറ്റിയുമായിരുന്നു. താടി ചെറുതും മനോഹരവുമായിരുന്നു. ബലിഷ്ഠമായ ശരീ രത്തിനും മാധുര്യമേറിയ ശബ്ദത്തിനും ഉടമയായിരുന്നു അദ്ദേഹം.

**വിദ്യാഭ്യാസം**

ഫാർസി ഭാഷയും മറ്റു വിദ്യാഭ്യാസവും അദ്ദേഹം കര സ്ഥമാക്കിയിരുന്നു.

**ജോലി**

കപൂർതലയിൽ താമസിച്ചിരുന്ന കാലയളവിൽ അദ്ദേ ഹം കോടതിയിൽ അപേക്ഷകൾ എഴുതുന്ന ജോലി സ്വീകരിച്ചു. അക്കാലത്ത് ഒരാൾക്കു മാത്രമേ അപേ ക്ഷകൾ എഴുതുന്നതിനുള്ള അനുമതി കോടതി നൽ കിയിരുന്നുള്ളു. എഴുത്തിൽ നിപുണനായിരുന്ന അദ്ദേ ഹത്തെ കൊണ്ട് മജിസ്ട്രേറ്റ് ഹോഡ് ക്ലർക്കിന്റെ ജോലി യും ചെയ്യിക്കുമായിരുന്നു. അപേക്ഷ എഴുത്ത് മറ്റൊ രാളെ ഏൽപിച്ചിരുന്നു. അക്കാരണത്താൽ അദ്ദേഹ ത്തിന് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. തൽഫലമായി അദ്ദേ ഹത്തിന് വീണ്ടും വീണ്ടും മസീഹ് മൗഊദ് (അ) ന്റെ സവിധത്തിൽ ഹാജരാകാനും കൂടുതൽ ദിവസങ്ങൾ കഴിച്ചു കൂട്ടാനും അവസരം ലഭിച്ചിരുന്നു.

**ചർച്ചാ വേദി**

അതേ കോടതിയിൽ തന്നെയാണ് മുൻശി അറോഡേ ഖാൻ സാഹിബും മുഹമ്മദ് ഖാൻ സാഹിബും ജോലി ചെയ്തിരുന്നത്. ഒഴിവു സമയത്ത് മൂവരും ഒത്തുചേർ ന്ന് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വിശകലനം ചെ യ്യുകയും ചർച്ചയിൽ ഏർപ്പെടുകയും ചെയ്യുമായി രുന്നു.

**മസീഹ് മൗഊദ് (അ)മായി മുലാഖാത്ത്**

തന്റെ ബന്ധുവായ ഹാജി വലിയുല്ലാ സാഹിബിന്റെ കയ്യിൽ നിന്ന് ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥം ലഭിച്ച അദ്ദേഹം അത് വായിച്ചു തീർത്തതോടൊപ്പം മസീഹ് മൗഊദ്(അ)ന്റെ യഥാർത്ഥ പ്രേമിയായി തീർന്നു. ഒരിക്കൽ അദ്ദേഹം ലുധിയാനയിലായിരുന്ന സമയത്ത് മസീഹ് മൗഊദ് (അ) അവിടെ എത്തിച്ചേരു കയും അങ്ങനെ കൂടിക്കാഴ്ചയ്ക്കുള്ള അവസരം ലഭിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം സ്ഥിരമായി ഖാദിയാനിൽ പോകാൻ തുടങ്ങി.

**ബയ്അത്ത്**

പല തവണ ബയ്അത്തിനുള്ള അഭിലാഷം അറിയിച്ചി രുന്നുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല എന്നതായി രുന്നു മസീഹ് മൗഊദ് (അ) ന്റെ മറുപടി. അവസാനം അല്ലാഹുവിൽ നിന്നുള്ള അനുമതി ലഭിച്ചപ്പോൾ കത്ത യച്ച് കപ്പൂർത്തലക്കാരെ വിളിപ്പിച്ചു. അങ്ങനെ ലുധിയാ നയിൽ വെച്ച് അദ്ദേഹം ബയ്അത്ത് ചെയ്തു. ബയ്അ ത്തിനു ശേഷം 20 ദിവസത്തോളം അദ്ദേഹം അവിടെ തങ്ങുകയുണ്ടായി.

**സേവനങ്ങൾ**

അദ്ദേഹത്തിന്റെ കയ്യെഴുത്ത് വളരെ മനോഹരവും വൃത്തിയുള്ളതുമായിരുന്നു. അക്കാരണത്താൽ മസീഹ് മൗഊദ് (അ) നു വരുന്ന കത്തുകൾക്ക് മറുപടിയും ചോദ്യങ്ങൾക്ക് ഉത്തരവും എഴുതിയിരുന്നത് അധിക വും അദ്ദേഹം തന്നെയായിരുന്നു. കൂടാതെ പല വിജ്ഞാപനങ്ങളും ലേഖനങ്ങളും എഴുതുന്നതിനുള്ള തൗഫീഖും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. ജംഗെ മുഖദ്ദസ് എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ കൈപടയി ലാണ് എഴുതപ്പെട്ടത്. മസീഹ് മൗഊദ് (അ)ന്റെ മിക്ക യാത്രകളിലും അദ്ദേഹത്തിന് പങ്കാളിയാകുന്നതിനുള്ള തൗഫീഖ് ലഭിച്ചിട്ടുണ്ട്. സേവനത്തിനുള്ള യാതൊരു അവസരവും അദ്ദേഹം പാഴാക്കിയിരുന്നില്ല.

**ബട്ടാലവി സാഹിബുമായി സംവാദം**

ഒരിക്കൽ ഡൽഹിയിലേക്കുള്ള യാത്രയിൽ അമൃത്സർ സ്റ്റേഷനിൽ മസീഹ് മൗഊദ് (അ) നൊപ്പം നിൽക്കുക യായിരുന്നു അദ്ദേഹം. മുഹമ്മദ് ഹുസൈൻ ബട്ടാലവി യെ കണ്ടു. ഹുസൂറിനോടു പറഞ്ഞപ്പോൾ അദ്ദേ ഹ ത്തെ അറിയിക്കാൻ പറഞ്ഞു. മുൻശി സാഹിബ് തന്റെ പഴയ പരിചയക്കാരനും കൂടിയായ ബട്ടാലവി സാഹി ബിന്റെ അടുക്കൽ എത്തി. അദ്ദേഹത്തെ കണ്ട മാത്ര യിൽ അയാൾ പരിഹസിക്കാൻ തുടങ്ങി. ഹുസൂർ ഡൽ ഹിക്കു പോകുകയാണെന്ന് പറഞ്ഞപ്പോൾ അയാൾ പറഞ്ഞു, അതിന് ഞാനെന്താണ് ചെയ്യേണ്ടത്. അദ്ദേഹം തമാശ രൂപേണ പറഞ്ഞു, അവിടെ താങ്കളുടെ ജോലി ആരാണ് ചെയ്യുക. അതു കേട്ടപ്പോൾ അയാൾ അദ്ദേ ഹത്തെ ശകാരിച്ചു കൊണ്ട് പറഞ്ഞു, മീർസാ സാഹി ബിനെതിരിൽ ഞാനൊരു ഗ്രന്ഥമെഴുതിയിരുന്നു. എന്നാൽ അത് ബേഗോടു കൂടി കളഞ്ഞുപോയി. അദ്ദേഹം പറഞ്ഞു, എന്നിട്ടും ബയ്അത്ത് ചെയ്യു ന്നില്ലേ? അയാൾ ചോദിച്ചു, ഇത് അടയാളമാണോ, എനി ക്കിനിയും ഗ്രന്ഥമെഴുതാൻ സാധിക്കും. അദ്ദേഹം മറു പടി പറഞ്ഞു, അല്ലാഹുവിന് വീണ്ടും അതിനെ ഇല്ലാ താക്കാൻ കഴിയില്ലേ?

**313 സഹാബാക്കളിൽ**

മസീഹ് മൗഊദ് (അ) സുവാർത്ത നൽകിക്കൊണ്ട് ആയിനെ കമാലാത്തെ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ



പരാമർശിച്ച 313 സഹാബാക്കളിൽ 9 -ാമത്തെ പേര് അദ്ദേഹത്തിന്റേതാണ്.

**മസീഹ് മൗഊദ് (അ) ന്റെ സാക്ഷ്യം**

അല്പം സംസാരിക്കുന്ന, സൽമാർഗിയായ ആത്മാർ ത്ഥതയും കൂറും നിറഞ്ഞ വ്യക്തി എന്നാണ് ഇസാല യെ ഔഹാം എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തെ കുറിച്ച് എഴുതിയിരിക്കുന്നത്.

**ആത്മാർത്ഥത**

കറം ദീനിന്റെ കേസ് ഗുർദാസ്പൂരിൽ നടക്കുന്ന സമയ ത്ത് ഒരിക്കൽ മസീഹ് മൗഊദ് (അ) ന് കോടതിയിൽ പോകേണ്ടി വന്നു. അതിന് ഒന്നു രണ്ടു ദിവസം മുൻപ് ശക്തമായ മഴയും പേമാരിയും ഉണ്ടായി. വഴി മോശ മാകുകയും പ്രളയത്തിന്റെ അവസ്ഥ സംജാതമാകു കയും ചെയ്തു. അതിനാൽ വരേണ്ടതില്ല എന്ന് മസീഹ് മൗഊദ്(അ)നെ അറിയിക്കുന്നതിനായി ഗുർദാ സ്പൂരിൽ നിന്ന് കുറച്ചു പേർ ഖാദിയാനിലേക്ക് പുറ പ്പെട്ടു. കഴുത്തറ്റം വെള്ളത്തിലൂടെ നീന്തിയെ ന്നോണം അവർ ഖാദിയാനിലെത്തി ഹുസൂറിന് വിവരം അറി യിച്ചു. പ്രസ്തുത സംഘത്തിൽ മുൻശി സാഹിബും ഉണ്ടായിരുന്നു.

**നാമും താങ്കളും രണ്ടല്ല**

മസീഹ് മൗഊദ് (അ) നു വരുന്ന കത്തുകൾ നോക്കി അതിന്റെ സംക്ഷിപ്തം ഹുസൂറിന് അദ്ദേഹം നൽ കുമായിരുന്നു. ഒരിക്കൽ ഒരു കത്തിന്റെ പുറത്ത് മസീ ഹ് മൗഊദ് (അ) അല്ലാതെ മറ്റാരും തുറക്കരുത് എന്നെ ഴുതിയിരുന്നു. അദ്ദേഹം അത് തുറക്കാതെ തന്നെ ഹുസൂറിന്റെ പക്കൽ എത്തിച്ചു. ഹുസൂർ കാര്യം തിര ക്കിയപ്പോൾ സംഗതി പറഞ്ഞു. അപ്പോൾ ഹുസൂർ ആ കത്ത് മടക്കി അദ്ദേഹത്തിന് നൽകിക്കൊണ്ട് പറഞ്ഞു, തുറന്ന് വായിച്ചു കൊള്ളുക. നാമും താങ്കളും രണ്ടല്ല.

**നന്മയിൽ മുന്നോട്ട്**

ഒരിക്കൽ മസീഹ് മൗഊദ് (അ) ലുധിയാനയിലുണ്ടാ യിരുന്ന സമയത്ത് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ഉടൻ 60 രൂപയുടെ ആവശ്യം നേരിട്ടു. ഹുസൂർ (അ) ന്റെ പക്കൽ ആ തുക ഉണ്ടായിരുന്നില്ല. ഹുസൂർ (അ) മുൻശി സാഹിബിനോട് ചോദിച്ചു, താങ്കളുടെ ജമാഅ ത്തിന് അതിനുള്ള സംവിധാനം ചെയ്യുവാൻ സാധി ക്കുമോ? ഇൻശാഅല്ലാഹ് എന്നു പറഞ്ഞ് അദ്ദേഹം ഉടൻ കപൂർതലയിലേക്ക് പുറപ്പെട്ടു. അവിടെ എത്തി യ അദ്ദേഹം ആരോടും ഒന്നും തന്നെ പറയാതെ സ്വന്തം ഭാര്യയുടെ ആഭരണങ്ങൾ വിറ്റ് ആ പണം മസീഹ് മൗഊദ് (അ) ന് നൽകി.



# ഇമാമുസമാന്റെ ഫത്വകൾ

## പലിശയും വിശ്വാസവും

ചോദ്യം: അത്യാവശ്യം നേരിടുമ്പോൾ പലിശക്ക് പണം എടുത്ത് കച്ചവടം മുതലായവ ചെയ്യുന്നതിനെ സംബന്ധിച്ച് എന്താണ് മതവിധിയെന്ന് 16-03-1903 ന് ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചോദിക്കുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, അത് അനുവദനീയമല്ല.(ഹറാമാണ്) ഏതെങ്കിലും കൂട്ടുകാരിൽ നിന്നോ,അല്ലെങ്കിൽ പരിചയക്കാരിൽ നിന്നോ അധികം നല്കാമെന്ന യാതൊരു വിധ വാഗ്ദാനവുമില്ലാതെയും, കടം കൊടുക്കുന്ന വ്യക്തിയുടെ മനസ്സിൽ അധികം വാങ്ങാമെന്ന ഒരു ചിന്തയുമില്ലാതെയും ഒരാൾ രൂപ കടം വാങ്ങിക്കുകയും, എന്നാൽ കടക്കാരൻ കുറച്ചധികമായി നൽകുകയും ചെയ്താൽ അത് പലിശയാകുന്നില്ല. മറിച്ച് അത് **ഹൽ ജസാഉൽ ഇഹ്സാനി ഇല്ലൽ ഇഹ്സാനി. അതായത് ഔദാര്യത്തിനു പകരം ഔദാര്യമാവുകയുള്ളു. ഇത് കേട്ടപ്പോൾ ഒരാൾ ചോദിച്ചു. അടിയന്തിരമായ ആവശ്യമാണ് നേരിട്ടിരിക്കുന്നതും പലിശയില്ലാതെ മറ്റു മാർഗ്ഗങ്ങൾ ഒന്നുമില്ലായെങ്കിൽ പിന്നെയെന്താണ് ചെയ്യേണ്ടത്?**അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു,അല്ലാഹു ഇത് വിരോധിച്ചിട്ടുള്ളത് വിശ്വാസികൾക്ക് വേണ്ടിയാണ്. വിശ്വാസത്തിൽ അടിയുറച്ച് നിൽക്കുന്നവനെയാണ് യഥാർത്ഥത്തിൽ വിശ്വാസിയെന്നു പറയുന്നത്. അല്ലാഹു അയാളുടെ മേൽനോട്ടക്കാരനും, പരിപാലകനുമാണ്. ഇസ്ലാമിൽ പലിശ വാങ്ങുകയും കൊടുക്കുകയും ചെയ്യാത്ത കോടിക്കണക്കിനു വ്യക്തികൾ കഴിഞ്ഞു കടന്നിട്ടുണ്ട്. അവസാനം അവരുടെ ആവശ്യങ്ങൾ പൂർത്തിയായികൊണ്ടിരുന്നു. അല്ലാഹു പറയുന്നു. പലിശ വാങ്ങു കയും കൊടുക്കുകയും ചെയ്യരുത്. അങ്ങനെ ചെയ്യുന്നവർ അല്ലാഹുവിനോട് യുദ്ധം ചെയ്യാൻ വേണ്ടി തയ്യാറെടുക്കുകയാണ് ചെയ്യുന്നത്. വിശ്വാസത്തിന്റെ പ്രതിഫലം അല്ലാഹു പൊറുക്കുകയെന്നതാണ്. വിശ്വാസം വളരെ അനുഗ്ര ഹീതമായ ഒന്നാണ്. **അലം തഅ്ലം അന്നല്ലാഹ അലാ കുല്ലി ശൈഇൻ ഖദീർ**. എന്നതിനെ കുറിച്ച് ധാരണയുണ്ടായിരുന്നെങ്കിൽ പിന്നെയെന്തു ചെയ്യാനാണ്. അല്ലാഹുവിന്റെ ആജ്ഞയും നിഷ്ഫലമാണോ? അവന്റെ ശക്തി വളരെ വലുതാണ്. പലിശ ഒന്നും തന്നെയല്ല. ഭൂമിയിലെ വെള്ളം കുടിക്കരുതെന്ന് അല്ലാഹുവിന്റെ ആജ്ഞയുണ്ടായിരുന്നുവെങ്കിൽ എപ്പോഴും മഴവെള്ളം ആകാശത്ത് നിന്ന് അവൻ നൽകുമായിരുന്നോ? ഇതുപോലെ അത്യാവശ്യത്തിനു അവൻ സ്വയം മാർഗ്ഗം കാണിച്ചു തരുന്നു. അതു മുഖേന അവന്റെ അനുസരണക്കേടും ഉണ്ടാകുന്നില്ല. വിശ്വാസത്തിൽ അഴുക്കുകൾ നിലനിൽക്കുന്നതുവരെ അത് ദുർബലവും അശക്തവുമാണ്. അല്ലാഹു മോചിപ്പിക്കാതെ ഒരു പാപവും വിട്ടുപോവുകയില്ല.എല്ലാ പാപത്തിന്റെയും അവസരത്തിൽ അത് വിട്ടുകളയുക സാധ്യമല്ലയെന്നും,വിട്ടുകളഞ്ഞാൽ പിന്നെ ജീവിക്കാൻ കഴിയില്ലയെന്നും മനുഷ്യൻ ന്യായങ്ങൾ പറഞ്ഞുക്കൊണ്ടിരിക്കും. അത്തർ വിൽപ്പനക്കാരെയും,കച്ചവടക്കാരെയും കണ്ടിട്ടില്ലേ അവർ വർഷങ്ങളോളം പഴയ സാധനങ്ങൾ വിൽക്കുന്നു. ജനങ്ങളെ വഞ്ചിക്കുന്നു. ജോലിക്കാർ കൈകൂലി വാങ്ങുന്നു. ഇതിനു, ഇന്നത്തെ സാഹചര്യത്തിൽ (ഈ വരുമാനം ക്കൊണ്ട്) ജീവിക്കാൻ സാധിക്കുന്നില്ല എന്ന ന്യായവാദമാണ് ഇവരെല്ലാവരും ഉന്നയിക്കുന്നത്. എന്നാൽ വിശ്വാസികൾക്ക് അല്ലാഹു സ്വയം സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നു. വിഷമഘട്ടങ്ങളിലും ബുദ്ധിമുട്ടുകളിലും അല്ലാഹു സ്വയം മാർഗ്ഗം കാണിച്ചു തരുന്നുവെന്നുള്ളത് എല്ലാ ഭക്തദാസർക്കും അനുഭവബോധ്യമായ കുറിപ്പടിയാണ്. ജനങ്ങൾ അല്ലാഹുവിനെ വേണ്ടവിധം പരിഗണിക്കുന്നില്ല. അവർക്ക് ഹറാമിന്റെ കവാടത്തിലുള്ള വിശ്വാസം പ്പോലുള്ള ഒരു വിശ്വാസം അല്ലാഹുവിൽ ഇല്ല.

**ഗവർമെന്റ് നൽകുന്ന പലിശയും ബോണസും**

ഒരാൾ ചോദിച്ചു: റയിൽവേയിൽ ജോലിചെയ്യുന്നവരിൽ നിന്നു ഒരു രൂപക്ക് 25 പൈസ നിരക്കിൽ മാറ്റി വെക്കാറുണ്ട്. കുറച്ച് കാലം കഴിഞ്ഞ് ഈ തുക തിരിച്ചു തരുന്ന സമയത്ത് അതിനോടൊപ്പം കുറച്ച് രൂപയും അധികമായി നൽകുന്നു. ഇതിനെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു,ഒരു വ്യക്തി തന്റെ പ്രയോജനത്തിനായി ലാഭവിഹിതം നിശ്ചയിച്ചു കൊണ്ട് മറ്റൊരാൾക്ക് പണം കടം കൊടുക്കുന്നതിനെയാണ് ശരിഅത്തിൽ പലിശക്കുള്ള നിർവചനമായി പറഞ്ഞിട്ടുള്ളത്. ഈ നിർവചനം എവിടെയൊക്കെ സാധൂകരിക്കുന്നുവോ അവിടെയൊക്കെ പലിശ യെന്നു പറയപ്പെടും. എന്നാൽ ഒരാൾ പണം വാങ്ങിച്ചതിനു ശേഷം വാഗ്ദാനങ്ങൾ ഒന്നും ചെയ്യാതെ തന്നെ സ്വന്തമായി കുറച്ചധികം നൽകുകയാണങ്കിൽ അത് പലിശയായി ഗണിക്കപ്പെടുന്നതല്ല.........................

രാജാവ് കുറച്ച് പണം വാങ്ങിച്ചതിനു ശേഷം കൊടുക്കുന്ന ആൾ ഈ നൽകുന്നത് പലിശയാണെന്ന് മനസ്സിൽ ഉദ്ദേശിക്കാതെ അധികമായി നൽകുകയാണെങ്കിൽ അതും പലിശയിൽ പെടുന്നില്ല. അത് തികച്ചും രാജാവിൽനിന്നുള്ള ഔദാര്യമാകുന്നു.തിരിച്ചു നൽകുമ്പോൾ അധികമായി നൽകാതെ ഒരു കടവും നബി (സ) വാങ്ങിച്ചിട്ടില്ല. എന്നാൽ അധികം കിട്ടണമെന്നുള്ള ആഗ്രഹം ഉണ്ടായിരിക്കാൻ പാടുള്ളതല്ല. ആഗ്രഹമില്ലാതെ അധികമായി കിട്ടുന്നത് പലിശയിനത്തിൽ പെടുന്നില്ല. അപ്പോൾ ഒരാൾ പറഞ്ഞു, സയ്യിദ് അഹ്മദ് ഖാൻ എഴുതിയിരിക്കുന്നത് ഖുർ ആൻ പലിശക്ക് മേൽ പലിശ (കൂട്ടു പലിശ) വാങ്ങുന്നതിനെയാണ് നിരോധിച്ചിരിക്കുന്നത് എന്ന്. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. പലിശക്ക് മേൽ പലിശയെയാണ് ഖുർആൻ നിരോധിച്ചിരിക്കുന്നത്. മറിച്ച് പലിശ അനുവദനീയമാണ് എന്നത് ഖുർആന്റെ ഉദ്ദേശ്യത്തിന് വിരുദ്ധമാണ്. പാപത്തിൻ മേൽ പാപം ചെയ്യരുത് എന്ന് പറയുന്നതുപോലെയുള്ള ഒരു വചനമായിരിക്കും അത്. ഇതു കൊണ്ട് തീർച്ചയായിട്ടും പാപം ചെയ്യാം എന്നല്ല അർത്ഥമാക്കുന്നത്. എനിക്ക് തിരിച്ചുകിട്ടുമ്പോൾ പലിശ കിട്ടണമെന്ന ആഗ്രഹത്തിൽ പണം കൊടുക്കുകയാണെങ്കിൽ, ഇപ്രകാരം സർക്കാരിൽ നിന്നു കിട്ടുന്ന പണവും പലിശയിൽപ്പെടുന്നതാണ്. മറിച്ച് സർക്കാർ സ്വന്തമായി ഔദാര്യമായി നൽകുകയാണെങ്കിൽ അത് പലിശയല്ല.(അൽ ബദർ, 27-03-1903-പേജ് -75)

വിവർത്തനം: മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

**വഫാത്ത്**

വഫാത്തിന് ഒരു വർഷം മുമ്പ് അദ്ദേഹം സ്വയം തന്നെ മസീഹ് മൗഊദ് (അ) ന്റെ അടുക്കൽ സ്വപ്നത്തിൽ ദർശിക്കുകയുണ്ടായി. 1941 ആഗസ്റ്റ് 15 ന് അദ്ദേഹം രോഗബാധിതനായി. രോഗം മൂർഛരിക്കുകയും 20-ാം തിയ്യതി അദ്ദേഹം വഫാത്താകുകയും ചെയ്തു. അദ്ദേഹത്തിന്റെ മകൻ കപൂർതലയിൽ ജനാസ നമസ്കരിപ്പിക്കുകയും പിന്നീട് ജനാസ ഖാദിയാനിലേക്ക് കൊണ്ടുവരികയും ചെയ്തു. അവിടെ മൗലവി ശേർ അലി സാഹിബ് ജനാസയ്ക്ക് നേതൃത്വം നൽകുകയും ബഹിശ്തി മഖ്ബറയിൽ അടക്കം ചെയ്യുകയും ചെയ്തു. ഡൽഹൗസിയിലായിരുന്ന മുസ്ലിഹ് മൗഊദ് (റ) മടങ്ങി വന്നതിനു ശേഷം ജനാസ ഗാഇബ് നമസ്കരിച്ചു.

**ശതാബ്ദം 1912 – സെപ്റ്റംബർ**

**എസ്.**

ഹദ്റത്ത് ശേഖ് യാഖൂബ് അലി ഇർഫാനി സാഹിബ് അഹ്മദി ഖാത്തൂൻ എന്ന പേരിലൊരു പത്രിക തുടങ്ങി. പിന്നീട് അത് ഖലീഫത്തുൽ മസീഹ് സാനി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ കാലത്തിന്റെ ആരംഭം വരെ നിലനിന്നു.

അൽ ബദർ, കലാമെ അമീർ എന്ന പേരിൽ ഹുസൂറിന്റെ വാക്കുകൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി. ഇതിൽ ഹുസൂറിന്റെ ദർസെ ഖുർആൻ, ഹുസൂറിന്റെ ഡയറിക്കുറിപ്പുകൾ, ആത്മകഥ, ഹുസൂറിന്റെ വാക്കുകൾ,കത്തുകൾ എന്നിവ ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് (റ) ഈജിപ്റ്റിലേക്കും അറേബ്യയിലേക്കും പര്യടനത്തിനായി പുറപ്പെട്ടു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) യാത്രയയപ്പിനായി ദുആ ചെയ്തു.

വനിതാരംഗം

അബൂ തബസ്സും

# ചരിത്രത്തെ വിസ്മരിക്കരുത്

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹുല്ലാഹുതആല)


വഖ്ഫെ നൗ പെൺകുട്ടികൾ വഖ്ഫിന്റെ ചരിത്രത്തെ ഒരിക്കലും വിസ്മരിക്കരുത്. ലോകത്ത് ഏറ്റവും ആദ്യമായി തന്റെ കുഞ്ഞിനെ ജനനത്തിനു മുമ്പേ വഖ്ഫ് ചെയ്തത് ഒരു സ്ത്രീയായിരുന്നു. ആ സ്ത്രീ ജന്മം നൽകിയതും ആദ്യത്തെ വാഖ്ഫയെ നൗ ആയതും ഒരു സ്ത്രീയായിരുന്നു. അവരുടെ പേര് മർയം എന്നാകുന്നു. അവളെ വഖ്ഫ് ചെയ്ത മാതാപിതാക്കൾ ഉത്തമമായ നിലയിൽ അവൾക്ക് ശിക്ഷണം നൽകി. ആ ബാലികയും തന്റെ സ്ഥാനം മനസ്സിലാക്കികൊണ്ട് വഖ്ഫിന്റെ അവശ്യഘടകങ്ങളേയെല്ലാം പൂർത്തിയാക്കി. അർശിന്റെ നാഥനായ അല്ലാഹു ലോകാവസാനം വരേക്കും വിശുദ്ധ ഖുർആനിൽ വിശുദ്ധിയും സംശുദ്ധചാരിത്ര്യവുമുള്ള ആ സ്വാധിയുടെ, ഭയഭക്തിയിലും പരിശുദ്ധിയിലും ജീവിതം നയിച്ച ആ മഹതിയുടെ ജീവിതത്തെ നന്മയുടേയും തഖ്വയുടെയും ഉന്നതസ്ഥാനത്തിന് മകുടോദാഹരണമായി സംരക്ഷിക്കുകയുണ്ടായി. ഇക്കാലഘട്ടത്തിൽ നിങ്ങളുടെ മാതാപിതാക്കൾ അതേ ചര്യയെ പിൻപറ്റി ക്കൊണ്ട് നിങ്ങളെ നിങ്ങളുടെ ജനനത്തിനു മുമ്പ് തന്നെ വഖ്ഫ് ചെയ്തിരിക്കുന്നു.

നിങ്ങൾ വലുതായതിനു ശേഷം സ്വയം അവരുടെ ആ വാഗ്ദാനത്തെ വളരെ ആത്മാർത്ഥതയോടും കൂറോടും കൂടി പുതു ക്കുകയുണ്ടായി. നിങ്ങളുടെ വഖ്ഫിന്റെ ഈ സ്ഥാനവും ബഹുമതിയും നിസാരമല്ല. എന്നാൽ നിങ്ങൾ വഖ്ഫിന്റെ എല്ലാ നിബന്ധനകളേയും പൂർത്തിയാക്കി ക്കൊണ്ട് സ്വന്തം ജീവിതം ഖിലാഫത്തിന്റെ അനുസാരിയായിക്കൊണ്ട് കഴിച്ചു കൂട്ടാൻ ആരംഭിക്കുമ്പോഴാണ് വഖ്ഫിന്റെ ഈ ബഹുമതി നിങ്ങളുടെ കിരീടത്തിലെ തൂവലായി മാറുകയുള്ളൂ. അതിനാൽ എപ്പോഴും ഇക്കാര്യം ഓർമയിൽ വെക്കുക. ലോകത്തുള്ള മുഴുവൻ മതങ്ങ ളുടെയും എല്ലാ സംസ്കാരങ്ങളുടെയും ചരിത്രം അപഗ്രഥനം ചെയ്താൽ ഇസ്ലാം സ്ത്രീകൾക്കു നൽകിയിട്ടുള്ള മഹത്വവും പദവിയും ഒരിക്കലും മറ്റൊരു മതവും തന്നെ നൽകിയിട്ടില്ല എന്ന് നിങ്ങൾക്കു മനസ്സിലാകും. ഒരു സ്ത്രീ യഥാർത്ഥ അനുസാരിയും പരിപൂർണ്ണ മുസ്ലിമും ആകുക എന്നത് അവർക്ക് മുമ്പും അഭിമാനത്തിന് ഹേതുവായിരുന്നു. ഇപ്പോഴും ആണ്. ഇസ്ലാമിന്റെ ആദ്യഘട്ടത്തിൽ സ്ത്രീകൾ വിജ്ഞാനത്തിന്റേയും കർമത്തിന്റേയും സകല മേഖലകളിലും അഭിമാനാർഹവും അസൂയാവഹവുമായ പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചിട്ടുള്ളത്. യുദ്ധത്തിന്റെയോ അല്ലെങ്കിൽ ആരാധനയടേയും അഭ്യാസങ്ങളുടെയും മേഖലയായിക്കൊള്ളട്ടെ, കൃഷിയുടെയോ അല്ലെങ്കിൽ അദ്ധ്യാപനത്തിന്റേയോ മൈതാനമാകട്ടെ, അല്ലെങ്കിൽ വൈദ്യത്തിന്റെയോ ശുശ്രൂഷയുടെയോ മൈതാനമാകട്ടെ, പുരുഷന്മാരേക്കാൾ സ്ത്രീകൾ പിന്നിലായ വിജ്ഞാനത്തിന്റെയും കർമങ്ങളുടെയും ഒരു മേഖലയുമില്ല തന്നെ. മുഴുവൻ ഇസ്ലാമിക അദ്ധ്യാപനങ്ങളാലും വിഭൂഷിതരായി പർദയിൽ നിന്നു കൊണ്ട് തന്നെ ആയിരക്കണക്കിന് പുരുഷന്മാരുടെ കൂട്ടത്തെ ആ മുസ്ലിം സ്ത്രീകൾ അഭിസംബോധന ചെയ്യുകയും ദർസുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പിന്നീട് അവർ സത്യസന്ധതയുടെയും ദൈവഭക്തിയുടെയും സമർപ്പണത്തിന്റെയും മേഖലയിൽ പദമൂന്നിയപ്പോൾ സദ്വൃത്തരിലും ദൈവസാമീപ്യം കരസ്ഥമാക്കിയവരിലും പേരെടുക്കുകയുണ്ടായി. അറിവിന്റെയും കർമത്തിന്റെയും ഈ പതാക ഇസ്ലാമിന്റെ പ്രാരംഭഘട്ടത്തിൽ മാത്രമല്ല പ്രത്യുത ഇസ്ലാമിന്റെ ഈ രണ്ടാംഘട്ടത്തിലും അഹ്മദിയത്ത് അഥവാ യഥാർത്ഥ ഇസ്ലാമിൽ അഹ്മദി സ്ത്രീകൾ തന്നെയാണ് ഉയർത്തിപ്പിടിച്ചിരി ക്കുന്നത്. ഇപ്പോൾ വാഖ്ഫാത്തെ നൗ പെൺകുട്ടികളായ നിങ്ങളും ഈ പതാക അറിവിന്റെയും കർമത്തിന്റെയും എല്ലാ മേഖലയുടെയും അത്യുന്നതങ്ങളിൽ പാറിപ്പറത്തേണ്ടതാണ്. നിങ്ങൾ യുറോപ്പിന്റെ കൃത്രിമ സ്വാതന്ത്ര്യങ്ങളിലേക്കും ഐശ്വര്യങ്ങളിലേക്കും നിങ്ങളുടെ ഹൃദയത്തെയും ദൃഷ്ടിയേയും ആകർഷിതരാക്കരുത്. കാരണം അവയ്ക്ക് പിന്നിൽ ഭയാനകവും ആത്മീയജീർണ്ണതയുടെയും കാഴ്ചകളാണുള്ളത്. അത് ശരീരത്തോടൊപ്പം തന്നെ ആത്മാവിനേയും ബന്ധനത്തിൽ അകപ്പെടുത്തിക്കൊണ്ട് മനുഷ്യത്വത്തെ ദുൻയാവും ദീനും ശേഷിക്കാത്ത തരത്തിൽ പാതാളത്തിന്റെ അഗാധതലങ്ങളിൽ കുഴിച്ചുമൂടുന്നു. അതിനാൽ ലോകത്തിന്റെ നൂതനമായ കണ്ടുപിടുത്തങ്ങളിലും അതിന്റെ ആകർഷണങ്ങളിലും നിങ്ങളൊരിക്കലും അകപ്പെടരുത്. പ്രത്യുത, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദീനിനെ പുനരുജ്ജീവിപ്പിക്കുന്ന സംരംഭത്തിനും ദീനീ സേവനത്തിനുമായി സദാ സന്നദ്ധരായിരിക്കേണ്ടതാണ്. അതിനാൽ നിങ്ങളുടെ ദൃഷ്ടി എപ്പോഴും ആകാശത്തേക്കായിരിക്കണം. അതോടൊപ്പം നിങ്ങളുടെ ബുദ്ധിയുടെയും അറിവിന്റെയും കർമത്തിന്റെയും ഔന്നിത്യവും ആകാശത്തിന്റെ അനന്തതയെ സ്പർശിക്കുന്ന ദൃഢവിശ്വാസത്തിലധിഷ്ഠിതമായതായിരിക്കണം. ഈ ഔന്നിത്യങ്ങൾ വാസ്തവത്തിൽ നിങ്ങൾക്ക് കരസ്ഥമാക്കണമെന്നുണ്ടെങ്കിൽ ഇക്കാലഘട്ടത്തിലെ ഇമാമും, ഇസ്ലാമിന്റെ സുന്ദരമായ അദ്ധ്യാപനത്താൽ ലോകത്തെ പ്രശോഭിതമാക്കുകയും ചെയ്യുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിതങ്ങളെ എപ്പോഴും തങ്ങ ളുടെ മുന്നിൽ വെക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫയുടെ നിർദേശങ്ങളേയും ഉപദേശങ്ങളേയും നിങ്ങൾ മാർഗദീപമാക്കുക. ഈ അദ്ധ്യാപനങ്ങളാണ് ഇക്കാലഘട്ടത്തിലെ അമൃത്. ഇതു തന്നെയാണ് മനുഷ്യനെ അവസാനം ശാശ്വതജീവിതത്തിനവകാശിയാക്കി മാറ്റുന്നതും. ജീവിതദായകങ്ങളായ ഇക്കാര്യങ്ങളാണ് മൃത ഹൃദയങ്ങൾക്ക് നിത്യജീവിതം നൽകി ഭൂമിയിൽ നിന്ന് ഉയർത്തി ആകാശത്തിന്റെ ഔന്നിത്യത്തിലേക്കെത്തിക്കുന്നത്. അത്തരക്കാരോട് സംസാരിക്കുന്നതിൽ മലക്കുകൾ പോലും അഭിമാനിക്കുന്നു. ഈ അമൃത് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിൽ നിന്നല്ലാതെ മറ്റൊരിടത്തു നിന്നും നിങ്ങൾക്കു ലഭിക്കുന്നതല്ല എന്ന അവബോധം എപ്പോഴും നിങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. അഥവാ നിങ്ങൾ ഈ വസ്തുത മനസ്സിലാക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കു കയും, അതോടൊപ്പം വാഖിഫാതെ നൗ എന്ന നിലയിൽ തങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യത്തെ കരസ്ഥമാക്കാൻ ശ്രമിക്കുകയും അതിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടുകയും ചെയ്യുകയാണെങ്കിൽ നിശ്ചയമായും ഇഹപര ലോകത്തെ വിജയങ്ങളും മോക്ഷവും നിങ്ങൾക്ക് വിധിക്കപ്പെടുന്നതാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യസ്ഥാപകൻ പറയുന്നു, ഞാൻ സത്യം സത്യമായും പറയുന്നു, മസീഹിന്റെ കൈകളാൽ ജീവിച്ചവർ മരിച്ചു കഴിഞ്ഞു. എന്നാൽ എനിക്ക് നൽകപ്പെട്ടിരിക്കുന്ന പിയൂഷം എന്റെ കൈകളാൽ നുകരുന്നവർ ഒരിക്കലും മരിക്കില്ല. ഞാൻ പറയുന്ന ജീവിതദായകമായ കാര്യങ്ങൾക്കും എന്റെ നാവിൽ നിന്ന് പുറപ്പെടുന്ന തത്വജ്ഞാനങ്ങൾക്കും സമാനമായവ പറയുവാൻ മറ്റാർക്കെങ്കിലും സാധിക്കുമെങ്കിൽ ഞാൻ അല്ലാഹുവിൽ നിന്നുള്ളവനല്ല എന്ന് മനസ്സിലാക്കി കൊള്ളുക. എന്നാൽ മൃത ഹൃദയങ്ങൾക്ക് അമൃതാകുന്ന ഈ തത്വങ്ങളും ദൈവിക ജ്ഞാനങ്ങളും മറ്റൊരിടത്തു നിന്നും ലഭിക്കുന്നില്ലെങ്കിൽ, ആകാശത്തു തുറക്കപ്പെട്ട ഈ അരുവിയെ നിഷേധിച്ച അപരാധത്തിന് നിങ്ങളുടെ പക്കൽ യാതൊരു ഒഴിവ് കഴിവും ഉണ്ടായിരിക്കുന്നതല്ല. (ഇസാലയെ ഔഹാം, റൂഹാനി ഖസാഇൻ വാല്യം 3, പേജ് 104)

ആ മഹാത്മാവ് വീണ്ടും പറയുന്നു, നാം സ്നേഹിക്കണമെന്ന് ആഗ്രഹിക്കുന്നവർ, നമ്മുടെ ദുആകൾ അവനുവേണ്ടി എളിമയോടും ആർദ്രതയോടും കൂടി ആകാശത്തേക്ക് പോകണമെന്നും ആഗ്രഹിക്കുന്നവർ സ്വയം ദീനീസേവകനാകുന്നതിന് അർഹതപ്പെട്ടവനാണെന്ന് നമ്മെ ബോധ്യപ്പെടുത്തട്ടെ. (മൽഫൂസാത്ത്, വാല്യം 1, പേജ് 311)

അല്ലാഹു നിങ്ങൾക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. എപ്പോഴും ആത്മാർത്ഥമായ നിലയിൽ സമർപ്പണം ചെയ്തുകൊണ്ട് ദീനീസേവനത്തിന് സന്നദ്ധരായിരിക്കുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ




*(ലണ്ടനിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന വഖ്ഫെ നൗ ത്രൈമാസികയായ മർയമിന്റെ ആദ്യപതിപ്പിലേക്ക് അയച്ച സന്ദേശം)*

بَلٰى مَنْ اَسْلَمَ وَجْهَهٗ لِلّٰهِ وَهُوَ مُحْسِنٌ فَلَهٗۤ اَجْرُهٗ عِنْدَ رَبِّهٖ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ ۱۱۳

# ആത്മസമർപ്പണം

*അല്ലാഹുവിനെ അനുസരിക്കുന്നവരാകുക. അവന്റെ കൽപനക്കു മുമ്പിൽ മറ്റൊരു കൽപനക്കും വില നൽകരുത്. നേർക്കു നേരെ എതിരിടുന്ന ഘട്ടത്തിലാണ് അനുസരണത്തിന്റെ സാധീനഫലവും പരീക്ഷണവും വെളിപ്പെടുക.*

ഒരു വശത്ത് സമൂഹവും അതിലെ ആചാരാനുഷ്ഠാനങ്ങളും മാടി വിളിക്കുന്നു. മറുവശത്ത് അല്ലാഹുവിന്റെ കൽപനയുണ്ട്. സമൂഹത്തേയും ആചാരനുഷ്ഠാനങ്ങളെയുമാണ് വില വയ്ക്കുന്നതെങ്കിൽ പിന്നെ അതിന്റെ അടിമയായി മാറും. എന്നാൽ അല്ലാഹുവിനെ അനുസരിക്കുകയും മറ്റൊരു കാര്യത്തേയും വില വയ്ക്കുന്നുമില്ലെങ്കിൽ അയാൾ ശരിയായ ദൈവവിശ്വാസിയും ദൈവാനുസാരിയുമാണ്. ഇതു തന്നെയാണ് ദാസ്യത്വവും. വിശുദ്ധ ഖുർആൻ ഇസ്ലാമിനെ പരിചയപ്പെടുത്തുന്നതും ഇതു തന്നെയാണ്.

مَنْ اَسْلَمَ وَجْهَهٗ لِلّٰهِ وَهُوَ مُحْسِنٌ സത്യസന്ധമായ അനുസരണമെന്നതു, മനുഷ്യൻ തന്റേതല്ലാതായിത്തീരുകയും അവന്റെ ആഗ്രഹങ്ങളും, പ്രതീക്ഷകളും, ചിന്തകളും പ്രവൃത്തികളുമെല്ലാം തന്നെ ദൈവികതൃപ്തിക്കും അനുസരണത്തിനും കീഴിലാക്കുക എന്നതാണ്. അവൻ തിന്നുന്നതും കുടിക്കുന്നതും സഞ്ചരിക്കു ന്നതും ഒക്കെ അല്ലാഹുവിനു വേണ്ടിയാണെ ങ്കിൽ അവൻ മുസൽമാനും അല്ലാഹുവിന്റെ ദാസനും ആയിത്തീരുന്നു എന്നതാണ് എന്റെ വിശ്വാസം.

അല്ലാഹുവിന്റെ അനുസരണവും അവന്റെ തൃപ്തിയുടെ മാർഗങ്ങളും പറഞ്ഞു തന്നത് നബി(സ) തിരുമേനിയാണ്. എല്ലാ വ്യക്തികൾക്കും ദൈവിക ഭാഷണത്തിലൂടെ അവന്റെ തൃപ്തിയുടെ മാർഗങ്ങളെ കുറിച്ച് അറിവ് ലഭിക്കുകയില്ല. ഇനി അഥവാ ഉണ്ടെങ്കിൽ തന്നെ അല്ലാഹുവിനാൽ അയക്കപ്പെട്ട ദൂതൻമാരുടെ വെളിപാടുകളിലുണ്ടാകുന്ന അത്രയും സൂക്ഷ്മതയും പ്രൗഢിയും അവയ്ക്കുണ്ടാകുകയില്ല.

പ്രവാചകപ്രഭുവായ നബി(സ)യുടെ ഇടത്തും വലത്തും മുൻപിലും പിൻപിലുമായി ആയിരക്കണക്കിന് മലക്കുകൾ സംരക്ഷണത്തിനായിട്ടുണ്ടായിരുന്നു. അതുകൊണ്ട് തന്നെ നബിതിരുമേനി(സ) തന്നെയാണ് പരിപൂർണ്ണ മാതൃക. അനുസരിക്കുവാനും പിൻപറ്റുവാനുമായിട്ടുള്ളത് തിരുനബിയെ മാത്രമാണ്.

ചുരുക്കത്തിൽ ഏതൊരു കാര്യവും നന്മയായിത്തീരുന്നത് അത് അല്ലാഹുവിന് വേണ്ടി ആകുമ്പോഴും, നബി(സ) യെ അനുധാവനം ചെയ്തുകൊണ്ടാകുമ്പോഴുമാണ്.

(ബദർ. 5/03/1908)

അല്ലാഹുവിനെ കുറിച്ച് അജ്ഞരും അശ്രദ്ധരുമാകരുത്. ഇസ്ലാം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതുമിതാണ്. ഓർക്കുക, ആദർശങ്ങളുടെ കാര്യത്തിൽ ലോകത്ത് അതുല്യമായത് ഇസ്ലാം മാത്രമാണ്.

ഞാൻ സത്യമായും പറയുന്നു: വിശ്വാസപരമായും കർമ്മപരമായും ഇസ്ലാമിനെ വെല്ലാൻ ലോകത്ത് ഒരു മതവുമില്ല. ........

مَنْ اَسْلَمَ وَجْهَهٗ لِلّٰهِ وَهُوَ مُحْسِنٌ എന്നതിന് അനുഗുണമായിരിക്കണം അല്ലാഹുവിനെ കാണുന്നുണ്ട് എന്ന ഭാവത്തിൽ മുഴുവൻ ശ്രദ്ധയും അവനിലേക്കാകണം.

മുഴുവൻ ശ്രദ്ധയും അല്ലാഹുവിലേക്കാക്കുകയും താൻ അല്ലാഹുവിനെ കാണുന്നു എന്ന അവസ്ഥയിലോ കുറഞ്ഞ പക്ഷം അല്ലാഹു തന്നെ കണ്ട് കൊണ്ടിരിക്കുന്നു എന്ന പൂർണ്ണമായ ബോധ്യം ഉണ്ടായിരിക്കുകയെങ്കിലും വേണം.

(അൽഹകം 03/03/1899)


സമ്പാ: നജ്മുദ്ദീൻ

---

സമ്പാ: എ.നാസിർ

## വഖ്ഫെ നൗ

## ചോദ്യോത്തരം




**ചോദ്യം : വഖ്ഫെ നൗ പെൺകുട്ടികൾ എന്തൊക്കെയാണ് ചെയ്യേണ്ടത് ?**


ഹുസൂർ : അഞ്ച്നേര നമസ്കാരങ്ങൾ കൃത്യമായി അനുഷ്ടിക്കുക ളുഹർ, അസ്ർ നമസ്കാരസമയം സ്കൂൾ/കോളേജിൽ ആയിരിക്കും പക്ഷെ നമസ്കാരം ഒഴിവാക്കരുത്. അത് കൃത്യമായി അനുഷ്ടിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ചോദ്യം : എന്റെ ഒരു സുഹൃത്ത് എനിക്ക് കേക്ക് ഉണ്ടാക്കി തന്നു. അതിൽ ആൾക്കഹോൾ ചേർത്തിട്ടുണ്ടെന്നും പക്ഷെ കരിഞ്ഞിട്ടുണ്ടായിരുന്നു. അത്തരം കേക്ക് കഴിക്കാമൊ ?**


ഹുസൂർ : അത് ഭക്ഷിക്കരുത്. അതൊക്കെ പുതിയ വഴികൾ തുറക്കാനുള്ള കാര്യമാണ്. നിർബന്ധസാഹചര്യമാണെങ്കിൽ ശരി. അതായത് മരുന്നുകളിൽ ആൾക്കഹോൾ ചേർക്കുന്നു. പക്ഷെ അത് ചികിത്സക്ക് ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഭക്ഷണ കാര്യത്തിൽ ഇങ്ങിനെ യാതൊരു നിർബന്ധ സാഹചര്യവും ഇല്ല. ഭക്ഷണം കരിഞ്ഞത് കൊണ്ട് കാര്യം തീരുന്നില്ല. അഹ്മദികൾ അത്തരം ഭക്ഷണം കഴിക്കരുത്.

**ചോദ്യം: ജലാറ്റിൻ സാധനങ്ങൾ ഭക്ഷിക്കാമോ?**







ഹുസൂർ : ആദ്യം ശ്രദ്ധയോടെ നോക്കണം. ചിലപ്പോൾ പന്നിയുടെ എല്ലുകൾ കൊണ്ട് ഉണ്ടാക്കിയത് ഭക്ഷിക്കരുത്. എന്നാൽ ഹലാലായ ജീവികളുടേത് ഉപയോഗിക്കാം. ഞാൻ ചോക്ലേറ്റും, കേക്കു പോലും നല്ല പോലെ വായിച്ചിട്ടെ ഉപയോഗിക്കാറുള്ളൂ. അതിന്റെ പുറത്ത് അത് തയ്യാറാക്കാൻ ഉപയോഗിച്ച എല്ലാ സാധനങ്ങളുടേയും പേര് എഴുതിയിട്ടുണ്ടാകും ചിലപ്പോൾ വായിച്ചാലും മനസിലാവില്ല എന്താണെന്ന്. നല്ലതാണെന്ന് കരുതിയിരിക്കരുത്. ആദ്യം ഡിക്ഷ്നറി നോക്കി മനസിലാക്കുക .

5 May 2012
Waqfe Nau Ijtema
for Nasirat and Lajna

# ലോകം നിങ്ങളെ ശ്രദ്ധിക്കുന്നു, ഹദ്റത് മർയമിനെപ്പോലെയാകുവിൻ


ഹ. മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) ഖലീഫത്തുൽ മസീഹ് IV

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ നമുക്കെല്ലാവർക്കും കാലത്തിന്റെ ഇമാമും മഹ്ദി മസീഹുമായ വാഗ്ദത്ത മസീഹിനെ വിശ്വസിക്കാൻ സൗഭാഗ്യം ലഭിച്ചു. അല്ലാഹു പ്രത്യേകമായ നിലയിൽ നിങ്ങളെയെല്ലാവരെയും അനുഗ്രഹിച്ചിരിക്കുന്നു, നിങ്ങളുടെ മാതാപിതാക്കൾ അഹ്മദിയ്യത്ത് സ്വീകരിച്ചതിനോടൊപ്പം തന്നെ കാലത്തിന്റെ ഖലീഫയുടെ വിളിക്കുത്തരം നൽകിക്കൊണ്ട് നിങ്ങളുടെ ജീവിതം വഖ്ഫെ നൗ പദ്ധതിക്കായി സമർപ്പിച്ചു. വഖ്ഫെ നൗ പദ്ധതിയെ സംബന്ധിച്ചിടത്തോളം ഈ വർഷം വളരെ പ്രാധാന്യമുള്ള വർഷമാണ്. കാരണം ഈ വർഷം പ്രസ്തുത പദ്ധതി തുടങ്ങിയിട്ട് 25 വർഷം പൂർത്തിയാകുകയാണ്. വിശുദ്ധ ഖുർആനിൽ സൂറ ഇബ്റാഹിമിൽ അല്ലാഹു പറയുന്നു, 'ല ഇൻ ശക്കർത്തും ല അസീദന്നക്കും' അതായത് 'നിങ്ങൾ നന്ദി കാണിക്കുന്നതായാൽ ഞാൻ തീർച്ചയായും നിങ്ങൾക്ക് അനുഗ്രഹം വർദ്ധിപ്പിച്ചുതരുന്നതാണ്. അതുകൊണ്ട് നിങ്ങൾക്ക് എത്രമാത്രം അനുഗ്രഹം പ്രാപ്തമാകണമെങ്കിൽ അത്രമാത്രം നിങ്ങൾ സ്വയം അല്ലാഹുവിനോട് കൃതജ്ഞതയും ഉപകാരസ്മരണകളിലും നിമഗ്നരാവേണ്ടതാണ്. യഥാർത്ഥമായ നിലയിൽ നിലയിൽ നിങ്ങൾ ഈ വഴിയിൽ മുഴുകുന്നവരാണെങ്കിൽ നിങ്ങൾക്ക് യഥാർത്ഥജീവിതം ലഭ്യമാവുന്നതാണ്. എപ്പോഴും ഓർക്കുക, നാം ജീവിക്കുന്ന ഈ ലോകം നശ്വരമായ ഒരു വാസസ്ഥലം മാത്രമാണ്.

## ദൈവപ്രീതി കാംക്ഷിക്കുവിൻ

ആത്യന്തികമായി എല്ലാ ഓരോരുത്തരും ഈ ലോകത്ത് നിന്ന് വിടവാങ്ങുകയും അല്ലാഹുവിലേക്ക്, മരണാനന്തര ജീവിതത്തിലേക്ക് പ്രയാണം തുടരുകയും ചെയ്യുന്നു.ആ ജീവിതം ശാശ്വതവും ,എന്നെന്നും നിലനിൽക്കുന്ന ജീവിതമാണ്. നശ്വരമായ ഈ ജീവിതത്തിൽ നാം ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഫലമായിരിക്കും ആ ശാശ്വത ജീവിതത്തിന്റെ വിധി നിർണ്ണയിക്കുന്നത്. നാം ചെയ്യുന്ന എല്ലാ കർമ്മങ്ങൾക്കും അല്ലാഹു പ്രതിഫലം നൽകുന്നതാണ്. നാം തിന്മയാണ് ചെയ്യുന്നതെങ്കിൽ അതിന്റെ ശിക്ഷയും നമുക്ക് അനുഭവിക്കേണ്ടിവരും. അടിസ്ഥാനപരമായ ഈ കാര്യം നിങ്ങൾ മുമ്പിൽ വെച്ചുകൊണ്ട് നിങ്ങളുടെ എല്ലാ കർമ്മങ്ങളും അല്ലാഹുവിന്റെ പ്രീതികാംക്ഷിച്ചു കൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ നിങ്ങളുടെ ജീവിതം വിജയകരമാകുന്നതും അതുപോലെ ഒരു വിശ്വാസി തനിക്കും ലഭിക്കണമെന്നു ആഗ്രഹിക്കുന്ന ആ യഥാർത്ഥ ജീവിതം നിങ്ങൾക്ക് ലഭിക്കുന്നതുമാണ്.

ഇതിനായി ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യം എന്തെന്നാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നിങ്ങൾ എപ്പോഴും കൃതജ്ഞത കാണിക്കുക എന്നതാണ്. യഥാർത്ഥമായ നന്ദിയും കൃതജ്ഞതയും കാണിക്കുന്ന ആളുകൾക്ക് മാത്രമേ അല്ലാഹുവിന്റെ ഓരോ കൽപനയും പാലിച്ചുകൊണ്ട് ജീവിക്കാൻ സാധിക്കുകയുള്ളൂ എന്നത് സംശയലേശ്യം മനസ്സിലാക്കാം. അങ്ങനെയുള്ള ആളുകളാണ് അല്ലാഹുവിന്റെ എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാവുന്നത്. ഈ അനുഗ്രഹലബ്ധിയെ തുടർന്ന് ഈ വിശ്വാസികൾ വീണ്ടും അല്ലാഹുവിലേക്ക് തിരിയുകയും തങ്ങളുടെ നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും മനുഷ്യന്റെ നന്ദി പ്രകടനത്തിന്റെയും ഈ തുടർ പ്രക്രിയ വലയം തുടർന്നു



കൊണ്ടിരിക്കുന്നു. ഇത് പരിധിയില്ലാത്തതും അവസാനിക്കാത്തതുമായ തുടർപ്രക്രിയയാണ്. മറിച്ച് അതിന്റെ പാത എന്നെന്നും വിപുലമാകുന്നതും എന്നെന്നും നില നിൽക്കുന്നതുമാണ്. ഒരു കല്ലോ പവിഴമോ ഒരാൾ ഒരു തടാകത്തിൽ എറിയുമ്പോൾ വെള്ളത്തിൽ ഒരു വൃത്തം രൂപപ്പെടുകയും അതു ക്രമേണ വികസിക്കുകയും ചെയ്യുന്നു.

ഇതേപോലെ തന്നെയാണ് ആത്മീയതയുടെയും നന്ദി പ്രകടനത്തിന്റെയും ഈ വലയം വളരുകയും വികസിക്കുകയും ചെയ്യുന്നത്.എന്നാൽ തടാകത്തിലുണ്ടാകുന്ന ഈ ജലവളയം ആഘാതത്തിന്റെ സ്വാധീനം നിലയ്ക്കുകയോ അല്ലെങ്കിൽ തടാകത്തിന്റെ അതിരെത്തുമ്പോഴോ അവസാനിക്കുന്നു. എന്നാൽ ഞാൻ മുമ്പേ വിവരിച്ച ആത്മീയവലയം എന്നെന്നും തുടരുന്നതും വികസിക്കുന്നതുമായ ഒന്നാണ്. ഈ വലയം നമ്മുടെ ജീവിതത്തിലുടനീളം നിലനിൽക്കുകയും തുടർന്ന് മരണാനന്തരം അടുത്ത ലോകത്തേക്ക് നമ്മോടൊപ്പം പ്രയാണം തുടരുകയും ചെയ്യുന്നു. ആത്മീയതയുടെ അതിരുകൾ അനന്തവും ഒരിക്കലും അവസാനിക്കാത്തതുമാണെന്ന് മനസ്സിലാക്കുമ്പോഴാണ് ദൈവം എത്രമാത്രം നമ്മെ ഇഷ്ടപ്പെടുന്നുവെന്ന് നാം അറിയുന്നത്. കാരണം അല്ലാഹു തന്റെ സൃഷ്ടികളിൽ ചൊരിയുന്ന ഔദാര്യങ്ങൾക്കും അനുഗ്രഹങ്ങൾക്കും പരിധിയില്ല. മറിച്ച് അവൻ തന്റെ അനുഗ്രഹങ്ങൾക്കായുള്ള നമുക്ക് മുമ്പിൽ തുറക്കുകയാണ്. അതിനാൽ ഇതിൽ നിന്നും പരമാവധി പ്രയോജനമെടുത്തു കൊണ്ട് ആ സ്നേഹസമ്പന്നനായ രക്ഷിതാവുമായി മറ്റെങ്ങും ഇല്ലാത്ത വിധം ഒരു സുദൃഢബന്ധം സ്ഥാപിക്കുക എന്നത് നമ്മുടെ കടമയല്ലേ? അല്ലാഹു ഇച്ഛിക്കുന്നത് എന്തെന്നാൽ നാം നമ്മുടെ ലൗകിക ബന്ധങ്ങളെയും പ്രിയപ്പെട്ടവരെയും സ്നേഹിക്കുന്നതിലും ഉപരിയായി അല്ലാഹുവിനെ സ്നേഹിക്കുക എന്നതാണ്. ഇതിന് കാരണം നൗഊദുബില്ലാഹ് അല്ലാഹുവിനു മറ്റുള്ളവരുടെ സ്നേഹം അത്യാവശ്യമായി വേണം എന്നുള്ളത് കൊണ്ടല്ല. നാം അല്ലാഹുവിനെ ഇഷ്ടപ്പെടണം എന്ന് അവൻ ഇച്ഛരിക്കുന്നതിന് കാരണം ഇതുവഴി മാത്രമേ മാനവരാശിക്ക് ദൈവികപാതയിൽ നിലകൊള്ളാനും അതുവഴി ഭൗതികവും ആത്മീയവുമായ സമ്പത്തുകൾ കരസ്ഥമാക്കാനും സാധിക്കുകയുള്ളൂ. നിങ്ങളിൽ പല വഖ്ഫെ നൗ പെൺകുട്ടികളും പ്രായപൂർത്തിയായവരും പക്വതയെത്തിയവരുമാണ്. അതുകൊണ്ട് തന്നെ നിങ്ങളിൽ നിങ്ങളുടെ രക്ഷിതാക്കളുടെ വാഗ്ദാനം നിറവേറ്റാൻ പ്രതിജ്ഞ ചെയ്തവരുമാണ്. നിങ്ങൾ എല്ലാവരും ഓർത്തിരിക്കേണ്ട കാര്യം എന്തെന്നാൽ അല്ലാഹുവിന്റെ ഇഷ്ടത്തിനൊത്ത് ജീവിക്കുന്നതിലൂടെ മാത്രമേ വിജയകരമായ ജീവിതം ലഭിക്കുകയുള്ളൂ എന്നാണ്. അതുപോലെ തന്നെ വഖ്ഫെനൗ പെൺകുട്ടികളായ നിങ്ങൾ ഓർത്തിരിക്കേണ്ട മറ്റൊരു കാര്യം, നിങ്ങളുടെ ജീവിതം ഹ:മർയം(അ) യുടേയത് പോലെയാണ് എന്നതാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ആ മഹതിയുടെ ജീവിതവും സ്വഭാവവും നിങ്ങൾ സ്വന്തം ജീവിതത്തിലെ വഴികാട്ടിയായി മുന്നിൽ വെക്കുക.

## മാതൃകാ ജീവിതം

ഒരു വഖ്ഫെനൗ അഥവാ വഖ്ഫാത്ത നൗ മറ്റുള്ളവർക്ക് മാതൃകയും'റോൾ മോഡലും' ആയിക്കൊണ്ട് അവരെ തങ്ങളുടെ ചാരിത്ര്യവും ആത്മാഭിമാനവും സംരക്ഷിക്കുന്നതിൽ വഴികാട്ടിയാകേണ്ടവരാണ് . അത്കൊണ്ട് നിങ്ങളുടെ പെരുമാറ്റവും നിങ്ങളുണ്ടാക്കുന്ന സുഹൃത്ത് വലയവും എല്ലാം അല്ലാഹുവിന്റെ കൽപനകളനുസരിച്ചായിരിക്കണം. നിങ്ങൾ പഠിക്കുന്നത് യൂണിവേഴ്സിറ്റിയിലാകട്ടെ കോളേജിലാകട്ടെ മറ്റെവിടെയുമാകട്ടെ നിങ്ങളുടെ പെരുമാറ്റം ഉന്നത മൂല്യമുള്ളതായിരിക്കണം.പ്രത്യേകിച്ചും ആൺകുട്ടികളോടും പുരുഷന്മാരോടും ഇടപഴകുമ്പോൾ പെട്ടെന്ന് തന്നെ അവർ മനസ്സിലാക്കണം ഈ പെൺകുട്ടി ഈ പുതിയ സമൂഹത്തിൽ ജീവിക്കുന്നവളായിട്ട് കൂടി സമൂഹത്തിൽ പൊതുവെ കണ്ടുവരുന്ന അശ്ലീലതയിലും മറ്റ്

അനാവശ്യപ്രവർത്തികളിലും ഇവൾ അകപ്പെടുകയില്ല എന്ന്. അങ്ങനെ ഒരൊറ്റ പുരുഷൻ പോലും നിങ്ങളെ അനാവശ്യമായ രീതിയിൽ നോക്കുക പോലും അരുത് എന്നല്ല മറിച്ച് നിങ്ങളുടെ പെരുമാറ്റത്തിന്റെ ഉന്നത നിലവാരം മൂലം അവർ വളരെ ആദരപൂർവ്വവും ബഹുമാനത്തോടെയും നിങ്ങളോട് പെരുമാറാൻ നിർബന്ധിതരാകണം.

## ഹദ്റത് മറിയം(അ)

വിശുദ്ധഖുർആൻ ഹ:മറിയം(അ) യുടെ മറ്റൊരു വലിയ ഗുണമായി വിവരിക്കുന്നത് ' അവർ സിദ്ധീഖ' ആണ് എന്നു പറഞ്ഞു കൊണ്ടാണ്. അതായത് ഹ: മറിയം(അ) നെ സത്യം മാത്രം പറയുന്ന സ്ത്രീ എന്നു വിശേഷിപ്പിക്കുന്നു. വിശുദ്ധഖുർആൻ ആ മഹതിയുടെ ഉന്നതമായ ധാർമ്മിക നിലവാരത്തെ ചൂണ്ടി കാണിച്ചു കൊണ്ട് അവർക്കെതിരെ യഹൂദികൾ ഉന്നയിക്കുന്ന സകല ദുരാരോപണങ്ങളും നിരാകരിക്കുന്നു. അതിനു ശേഷം ലോകം മുഴുവനും ആ മഹതിക്കെതിരെ തിരിഞ്ഞാലും അവരെല്ലാം തെറ്റിലും ഹ: മറിയം(അ) പറഞ്ഞത് മുഴുവൻ സത്യമായിരിക്കുന്നതുമാണ്. ഇതിനു കാരണം അവരുടെ മനസ്സിൽ എന്നും അല്ലാഹുവിനോടുള്ള ഭയം ഉണ്ടായിരുന്നു എന്നതാണ്. അതുകൊണ്ടു തന്നെ വളരെ നിസ്സാരമായ തെറ്റുകളിൽ നിന്നു പോലും അവർ അകന്നു നിന്നു. ഇംറാന്റെ ഭാര്യയായ ഹന തന്റെ ഗർഭത്തിലിരിക്കുന്ന ശിശുവിനെ ദൈവത്തിന്റെ സേവനത്തിനായി നൽകുമെന്നു വാഗ്ദാനം ചെയ്തു. ആ മകൾ കാണിച്ച സത്യത്തിന്റെ ഉന്നതമായ നിലവാരമാണ്. അതുകൊണ്ട് തന്നെ ഹ:മറിയം(അ) തന്റെ മാതാവിന്റെ വാഗ്ദാനം പരിപൂർണ്ണമായ നിലയിൽ നിറവേറ്റി.

നിങ്ങൾ എന്തു പറയുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴും നിങ്ങൾ ഒരു വഖ്ഫെ നൗ ആണെന്ന് ജനങ്ങൾക്ക് ബോധ്യമാകണം. എന്നല്ല നിങ്ങൾ ഒരു വഖ്ഫെ നൗ ആയതുകൊണ്ടാണ് നിങ്ങൾ സിദ്ദീഖ അഥവാ സത്യവതിയായ സ്ത്രീ ആയത് എന്ന് ജനങ്ങൾ മനസ്സിലാക്കണം. എന്തു തന്നെ സംഭവിച്ചാലും സത്യം മാത്രം പറയുന്ന ആൾ എന്ന രീതിയിൽ നിങ്ങൾ അറിയപ്പെടണം. ഈ ഒരു ഉന്നതമായ മൂല്യം കൈവരിക്കുമ്പോൾ മാത്രമേ നിങ്ങൾ കാലത്തിന്റെ ഖലീഫയോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നവരാകുകയുള്ളൂ. ധാരാളം വഖ്ഫാത്തെ നൗ കുട്ടികൾ കല്യാണം കഴിയാത്തവരാണ്. വിവാഹശേഷം നിങ്ങളുടെ ജീവിതത്തിൽ സത്യത്തിന്റെ ഈ പ്രകടനവും സത്യം പറച്ചിലും വളരെ പ്രധാന്യമുള്ളതാണ്. വിവാഹശേഷം ഭർത്താവുമായും ഭർത്ത്യവീട്ടുകാരുമായുള്ള നിങ്ങളുടെ ബന്ധം നിങ്ങളുടെ സത്യസന്ധത പാലിക്കുക എന്ന ഉന്നതനിലവാരത്തെ ഏറ്റവും ചെറിയ അളവിൽ പോലും മാറ്റാതിരിക്കാനോ ബാധിക്കാതിരിക്കാനോ സൂക്ഷിക്കേണ്ടതാണ്. നിങ്ങൾ ഹ: മർയം(അ) ജീവിതം നോക്കുകയാണെങ്കിൽ മനസ്സിലാക്കാം അവർ അല്ലാഹുവിനെ ആരാധിക്കുകയും അവനുമായി പ്രത്യേകമായ ഒരു ബന്ധം ഉണ്ടാക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ മർയം(അ) അവന്റെ പ്രത്യേക അനുഗ്രഹങ്ങൾക്ക് പാത്രീഭൂതയാവുകയും അതുവഴി അവരുടെ എല്ലാ ആവശ്യങ്ങളും അല്ലാഹു സ്വയം നിറവേറ്റുകയും ചെയ്തു. അതുകൊണ്ടാണ് ശൂന്യതയിൽ നിന്നുള്ള അളവറ്റ അനുഗ്രഹങ്ങൾക്കുടമയായി ഹ:മർയം(അ) മാറിയത്. ഹ:മർയം(അ) നോട് രക്ഷിതാവായ ഹ: സകരിയ്യ 'നിനക്കെവിടെ നിന്നാണ് ഇത്രയും അനുഗ്രഹങ്ങൾ ലഭിക്കുന്നത് എന്ന് ചോദിച്ചപ്പോൾ ' ഇന്നല്ലാഹ യർസുകു മൈയ്യശാഉ ബി ഐെരി ഹിസാബ് ' എന്ന് ആ മഹതി ഉത്തരം പറയുന്നത് അതുകൊണ്ടാണ്. അതായത് തീർച്ചയായും അല്ലാഹു അവൻ ഇഷ്ടപ്പെടുന്നവർക്ക് കണക്കില്ലാതെ നൽകുന്നു. ഒരു യഥാർഥ വിശ്വാസിയുടെ മറ്റൊരു അടയാളം അല്ലാഹു കണക്കില്ലാതെ അവന് നൽകുകയും അവന്റെ എല്ലാ ആവശ്യങ്ങളും പൂർത്തിയാക്കുകയും ചെയ്യുന്നു എന്നതാണ്. അതിനാൽ നിങ്ങൾ എപ്പോഴും ചിന്തിക്കുക ,നിങ്ങൾ അല്ലാഹുവുമായി ഒരു സുദൃഢമായ ബന്ധം നിലനിർത്തുകയാണെങ്കിൽ അവൻ നിങ്ങളെ നിങ്ങൾക്ക് ചിന്തിക്കാൻ പോലും പറ്റാത്ത രീതിയിൽ അനുഗ്രഹിക്കുന്നതാണ്. നിങ്ങളുടെ എല്ലാ ആവശ്യങ്ങളും അവൻ നേരിട്ട് നിറവേറ്റിത്തരുന്നതായിരുക്കും. നിങ്ങൾ ഈ നില പ്രാപിക്കുമ്പോൾ  നിങ്ങളുടെ കണ്ണുകൾ ഒരിക്കലും ഈ ദുനിയാവിന്റെ ആകർഷണതയിൽ അകപ്പെട്ടു പോകില്ല എന്നു മാത്രമല്ല ഭൗതികരായ ആളുകളുടെ സൗഭാഗ്യങ്ങളിലും സമ്പത്തിലും നിങ്ങൾക്ക് ഭ്രമമുണ്ടായിരിക്കുന്നതല്ല. മറിച്ച് അല്ലാഹുവുമായുള്ള സുദൃഢബന്ധം കാരണത്താൽ നിങ്ങളുടെ മനസ്സിൽ എന്നും സംതൃപ്തിയും സന്തോഷവും ആയിരിക്കും ഉണ്ടാവുക. ഇതുതന്നെ ആയിരിക്കണം ഒരു വഖ്ഫെ നൗ വിന്റെ മുഖമുദ്ര. ഈ സംതൃപ്തിയും സന്തോഷവും നിങ്ങളിൽ നിലനിൽക്കുകയും, മറ്റുള്ളവരുടെ  ഭൗതികമായ സുഖാഡംബരങ്ങളിൽ നിങ്ങൾ ആകൃഷ്ടരാവാതിരിക്കുകയും  മറിച്ച് നിങ്ങളുടെ എല്ലാ അഭിലാഷങ്ങളും അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു കൊണ്ട് ഈ വഴിയിലേക്ക് തിരിക്കുകയാണെങ്കിൽ, യഥാർത്ഥമായ നിലയിൽ നിങ്ങൾ അവന്റെ പ്രീതിക്ക് പാത്രീഭൂതരായിത്തീരുന്നതാണ്. കാരണം അല്ലാഹു യഥാർത്ഥ വിശ്വസികളോട് വാഗ്ദാനം ചെയ്തിരിക്കുന്നതെന്തെന്നാൽ നിങ്ങൾക്ക് പ്രതീക്ഷിക്കാൻ പോലും പറ്റാത്ത വഴിയിലൂടെ അവൻ നിങ്ങളെ സഹായിക്കുമെന്നതാണ് .

യഥാർത്ഥ വിശ്വാസികൾ എന്നു ഖുർആൻ വിവരിച്ച രണ്ടു സ്ത്രീകളിൽ ഒരാളാണ് ഹ:മർയം(അ) എന്നതിൽ നിന്നു തന്നെ അവരുടെ ഉന്നതമായ അവസ്ഥ നമുക്ക് മനസ്സിലാക്കാവുന്നതാണ്.ആ മഹതിയുടെ ദൈവഭക്തി തന്നെയാണ് അവരെ വിശ്വാസികൾക്ക് ഒരു മാതൃകയാക്കിത്തീർക്കാൻ കാരണം. അതുകൊണ്ട് നിങ്ങളെല്ലാവരും  ഓർത്തിരിക്കുക

നിങ്ങളുടെ വ്യക്തിത്വത്തിനു നേരെ ആരോപണം ഉന്നയിക്കാൻ പറ്റാത്ത രീതിയിൽ ആക്കിത്തീർക്കുക എന്നത് മാത്രമാവരുത് നിങ്ങളുടെ ലക്ഷ്യം. മറിച്ച് ഇതിലുപരിയായി ഉന്നതമായ ധാർമ്മിക നിലവാരം കരസ്ഥമാക്കിക്കൊണ്ട് നിങ്ങളുടെ പെരുമാറ്റം  അത് മറ്റുള്ളവർ നിങ്ങളെ പിന്തുടരത്തക്കവിധം സുന്ദരമാക്കിത്തീർക്കുക. ആയതിനാൽ ആരാധനയുടെ കാര്യത്തിൽ നിങ്ങൾ മറ്റുള്ളവർക്ക് മാതൃകയായിരിക്കേണ്ടതാണ്. അതുപോലെ സത്യസന്ധതയുടെ കാര്യത്തിലും നിങ്ങൾ മറ്റുള്ളവർക്ക് യഥാർത്ഥ മാതൃകയായി ത്തീരേണ്ടതാണ്. അല്ലാഹുവിനോടുള്ള വിശ്വസ്ഥതയുടെ കാര്യത്തിലും നിങ്ങൾ മറ്റുള്ളവർക്ക് മാതൃകയാവേണ്ടതാണ് പരിശുദ്ധിയുടേയും, ചാരിത്ര്യം സൂക്ഷിക്കുന്നതിന്റേയും കാര്യത്തിൽ നിങ്ങൾ മറ്റുള്ളവർക്ക് മാതൃകയായി തീരേണ്ടതാണ് അത് പൊലെ സമയം പാഴാക്കുന്ന പ്രയോജനരഹിതമായ പ്രവർത്തനങ്ങളിൽ നിന്നും മാറിനിന്ന് കൊണ്ട് നിങ്ങൾ ഇവിടെ മാതൃക കാഴ്ചവെക്കേണ്ടതാണ്. പെൺകുട്ടികൾക്ക് ഫാഷൻ അത്യാവശ്യമാണെന്നും അതു കൊണ്ട് അതുകൊണ്ട് അവർക്ക് ഫാഷൻ സംബന്ധമായി എന്തെങ്കിലും പ്രോഗ്രാമുകൾ വേണമെന്നാണ് പൊതുവിൽ പറയാറുള്ളത്. അത്തരം പരിപാടികൾ നിന്നെല്ലാം വിട്ടു നിൽക്കാൻ ശ്രമിക്കേണ്ടതാണ്. മേൽ പറഞ്ഞ എല്ലാ കാര്യങ്ങളും നിങ്ങൾ സ്വായത്തമാക്കുകയാണെങ്കിൽ നിങ്ങൾ ഉന്നതമായ ധാർമ്മിക ബോധം ഉള്ള ഒരു വ്യക്തി എന്നതിലുപരി ഭാവിതലമുറയുടെ ദൈവഭക്തിയുടേയും ധാർമ്മികതയുടേയും ജാമ്യക്കാരായി അറിയപ്പെടും. അതു കൊണ്ട് എല്ലാ പ്രവർത്തങ്ങളിലും അല്ലാഹുവിനെ മുന്നിൽ കാണുക.

## ഖലീഫയുടെ ഇംഗിതം

അല്ലാഹു ഇഷ്ടപ്പെടാത്ത എല്ലാ പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കുക. അതു പോലെ ഖിലാഫത്തിനോട് ആത്മാർത്ഥമായ രീതിയിൽ ഒരു ബന്ധം എല്ലായിപ്പോഴും വച്ചു പുലർത്തികൊണ്ട് ഏതു തരത്തിലുള്ള ത്യാഗത്തിനു സന്നദ്ധരായിരിക്കുക.


ഖലീഫയുടെ ജുമുഅ ഖുതുബയും മറ്റു പ്രഭാഷണങ്ങളും ശ്രദ്ധപൂർവം കേട്ടു കൊണ്ട് അനുസരിച്ച് പ്രവർത്തിക്കാൻ പരമാവധി ശ്രമിക്കുക. അല്ലാഹു നിങ്ങൾക്ക് അതിനുള്ള കരുത്ത് നൽകുമാറാകട്ടെ. ആമീൻ.

സ്കൂളിൽ നിങ്ങൾ പഠനത്തിൽ മുഴുവൻ ശ്രദ്ധയും ചെലുത്തുക. അപ്പോൾ നിങ്ങൾ അഭ്യസ്ഥവിദ്യരാവുകയും അതു വഴി ജമാഅത്തിനായി നിങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ പ്രവർത്തനങ്ങൾ ചെയ്യാനും സാധിക്കുന്നതാണ്. നിങ്ങളുടെ ഭാവി പരിപാടി അഥവാ ഉപരിപഠനത്തെ കുറിച്ച് വഖ്ഫെ നൗ ഡിപ്പാർട്ട്മെന്റ് മുഖേന കാലത്തിന്റെ ഖലീഫയോട് മാർഗനിർദേശം തേടേണ്ടതാണ്. തുടർന്ന് ആ നിർദ്ദേശാനുസരണം നിങ്ങൾ നിങ്ങളുടെ ഉപരിപഠനം നടത്തേണ്ടതാണ് എപ്പോഴും മാതാപിതാക്കളെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുക. അതു പോലെ നിങ്ങളുടെ സഹോദരങ്ങളോട് കാരുണ്യത്തോടും സ്നേഹത്തോടെയും പെരുമാറുക. മുതിർന്നവരെ എപ്പോഴും നിങ്ങൾ  ബഹുമാനിക്കുക.


സ്കൂളിൽ സത്പെരുമാറ്റത്തിന്റെ കാര്യത്തിൽ സമാനതകളില്ലാത്ത രീതിയിലായിരിക്കണം നിങ്ങളുടെ സ്വഭാവം എത്രത്തോളമെന്നാൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരു പോലെ നിങ്ങളുടെ ഈ പെരുമാറ്റ രീതി പിന്തുടർന്നു വരും. അവർ നിങ്ങളെ ഒരു മാതൃകയുമായി കണക്കാക്കണം. അല്ലാഹു നിങ്ങൾക്ക് ഈ അവസ്ഥ കൈവരിക്കാനുള്ള  തൗഫീഖ് നൽകുമാറാകട്ടെ.

ഇവിടെ സന്നിഹിതരായിട്ടുള്ള ഉമ്മമാരോട് എനിക്ക് പറയാനുള്ളത് നിങ്ങളുടെ വഖ്ഫെ നൗ കുട്ടുകളുടെ ധാർമികമായ പരിശീലനത്തിന് നിങ്ങൾ അവർക്ക് ഒരു മാതൃകയായിരിക്കുക അതു കൊണ്ട് എല്ലായിപ്പോഴും നല്ല ഭാഷ  അഥവാ നല്ല വാക്കുകൾ ഉപയോഗിക്കുക. ജമാഅത്തിന്റെ വ്യവസ്ഥകൾ അഥവാ നിസാമെ ജമാഅത്തിനെതിരായി ഒരിക്കലും സംസാരിക്കാതിരിക്കുക.

സമ്പാ: വഹീദാ തയ്യിബ്, പഴയങ്ങാടി




# അദൃശ്യമായ ആതിഥ്യം



ഒരിക്കൽ മൗലാനാ സാഹിബും ഗുലാം ഹൈദർ സാഹിബും ഒരു ഗ്രാമത്തിൽ പോയി തിരിച്ചു വരികയായിരുന്നു. കയ്യിൽ അവശേഷിച്ചത് കേവലം 9 പൈസ മാത്രം. രാവി നദി കടന്ന് പോകണം. 2 പൈസ കടത്തുകാരന് കൊടുത്തു. അങ്ങിനെ സുഹൃത്തിനാണെങ്കിൽ പനി വരുന്നു. ഗ്രാമത്തിലെത്തുക സാധ്യമല്ല. അടുത്തുള്ള സിക്കുകാരുടെ ഗ്രാമത്തിലെത്താനും വഴിയില്ല. വല്ല പ്രകാരവും അടുത്ത സ്ഥലത്തുള്ള പള്ളിയിലെത്തി. രാത്രി 10 മണി സമയം. പള്ളിയിൽ ഒരു യാത്രക്കാരൻ കിടക്കുന്നുണ്ട്. ഏതായാലും സുഹൃത്തിന് തന്റെ കോട്ട് പുതപ്പിച്ച് കൊണ്ട് മൗലാന സാഹിബ് ഭക്ഷണം തേടി പുറത്തിറങ്ങി. പക്ഷെ ശ്മശാന മൂകത മാത്രം. ഒന്നും കിട്ടാതെ തിരിച്ച് പള്ളിയിലെത്തി. സുഹൃത്ത് ഗുലാം ഹൈദറിന്റെ പനിയാണെങ്കിൽ വർദ്ധിച്ച് കൊണ്ടിരിക്കുന്നു. ഈ അപരിചിതമായ സ്ഥലത്ത് സുഹൃത്തിന്റെ ആരോഗ്യ നില കൂടുതൽ വഷളായാൽ എന്ത് ചെയ്യും. മൗലാനാ സാഹിബ് പറയുന്നു എന്റെ ഹൃദയം സങ്കടം കൊണ്ട് വിങ്ങുകയായിരുന്നു. അങ്ങിനെ തന്നെ ഞാൻ സുജൂദിൽ വീണ് കരഞ്ഞ് കരഞ്ഞ് ദുആ ചെയ്തു. ദുആക്ക് ശേഷം മുഖം കഴുകാൻ പുറത്തേക്ക് വാതിൽ തുറന്നപ്പോൾ അപരിചിതനായ ഒരാൾ ഒരു കയ്യിൽ ചൂടുള്ള ചപ്പാത്തിയും ഹൽവയും മറു കയ്യിൽ ചൂടുള്ള ഇറച്ചി കറിയും കൊണ്ട് കാത്ത് നിൽക്കുന്നു. ഞാൻ ആശ്ചര്യഭരിതനായി രാത്രി 2 മണി നേരത്ത് ഇയാൾ ആർക്കാണ് ഭക്ഷണം കൊണ്ട് വന്നിരിക്കുന്നത്. ഏതായാലും ഞാൻ അയാളോട് ചോദിച്ചു. നിങ്ങൾ ആരെ കാണാൻ വന്നതാണ്. ആഗതൻ പറഞ്ഞു ഞാൻ നിങ്ങളെ കാണാനാണ് വന്നത്. ഈ ഭക്ഷണം സ്വീകരിച്ചാലും. ഞാൻ ചോദിച്ചു, ഭക്ഷണം കഴിച്ച പാത്രം എവിടെയാണ് വെക്കുക. അയാൾ പറഞ്ഞു അകത്ത് തന്നെ വച്ചാൽ മതി. ഞാൻ അകത്ത് വന്ന് ഗുലാം ഹൈദറലിക്ക് ഭക്ഷണം കൊടുക്കു. അയാളുടെ അസുഖത്തിനും മാറ്റം വന്നു. അയാൾ നല്ലപോലെ ഭക്ഷണം കഴിച്ചു. ഇനിയും ഒരാളുടെ ഭക്ഷണം ഉണ്ടായിരുന്നു. അത് ഞാൻ പള്ളിയിൽ കിടന്ന യാത്രക്കാരന് കൊടുത്തു. തുടർന്ന് പാത്രങ്ങളെല്ലാം പള്ളിയുടെ ഒരു മൂലയിൽ വെച്ച് വാതിലിന് സാക്ഷയിട്ട് കിടന്നുറങ്ങി. രാവിലെ നോക്കിയപ്പോൾ സാക്ഷയൊക്കെ അതേപ്പോലെയുണ്ട്. പക്ഷെ പാത്രങ്ങൾ കാണാനുണ്ടായിരുന്നില്ല. അതേ ഹദ്റത്ത് മസീഹ് മൗഊദ് (അ) നുണ്ടായ ഒരു ഇൽഹാമിൽ അല്ലാഹു പറയുന്നു, എല്ലാവരും മുഖം തിരിച്ചാലും ഞാൻ ഭൂമിയുടെ അടിയിൽ നിന്നോ, ആകാശത്തിന്റെ അനന്തതയിൽ നിന്നോ സഹായിക്കാൻ കഴിയുന്നവനാണ്. (ഹയാത്തെ ഖുദ്സി ഭാഗം 1)

# ഭക്ഷണം വാനലോകത്ത് നിന്ന്



Hazrat Roshan Ali (R)

ഹദ്റത്ത് മൗലാനാ ഹക്കീം നൂറിദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) പറയുന്നു, ഹാഫിസ് റോശൻ അലി തന്റെ പ്രഭാഷണത്തിനിടയിൽ ആകാശീയ ഭക്ഷണം കഴിക്കുകയുണ്ടായി. തികച്ചും ജാഗ്രതാവസ്ഥയിൽ ഇറച്ചിക്കറിയും പൊറാട്ട (നെയ്യിൽ വേവിച്ച ചപ്പാത്തി) യും കഴിച്ചു.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) വിവരിക്കുന്നു. ഞാൻ ഹുസൂർ (റ) ന്റെ ഈ വിവരണം കേട്ടപ്പോൾ, ഹാഫിസ് റോശൻ അലി സാഹിബിനോട് കാര്യങ്ങൾ വിശദമായി അന്വേഷിച്ചു.

അദ്ദേഹം പറഞ്ഞു ഒരിക്കൽ ഞാൻ ഭക്ഷണം കഴിച്ചിരുന്നില്ല. ക്ലാസും പ്രതീക്ഷിച്ച് കുറേ നേരം ഇരുന്നു. കുറേ വൈകിയാണ് ക്ലാസ് തുടങ്ങിയത്. വിശപ്പ് വകവെക്കാതെ ഞാൻ ക്ലാസിൽ മുഴുകി. ക്ലാസിൽ ഉറക്കെ വായിക്കുന്ന കുട്ടിയുടെ ശബ്ദം ഞാൻ കേൾക്കുന്നുണ്ടായിരുന്നു. എല്ലാം കാണുന്നുമുണ്ടായിരുന്നു. അങ്ങിനെ പതിയെപ്പതിയെ ഒന്നും കേൾക്കാനും കാണാനും കഴിയാത്ത അവസ്ഥയിലായി. പക്ഷെ എന്റെ കണ്ണും കാതും തുറന്നിരിക്കുക തന്നെയായിരുന്നു.

ഈ അവസ്ഥയിൽ എന്റെ മുന്നിൽ അപ്പോൾ തയ്യാറാക്കപ്പെട്ട ഭക്ഷണമെത്തി. നെയ്യിൽ ചുട്ട ചപ്പാത്തിയും ഇറച്ചിക്കറിയും. ഞാൻ നല്ല രസത്തോടെ ഭക്ഷിച്ചുകൊണ്ടിരുന്നു. അങ്ങിനെ വിശപ്പടങ്ങിയപ്പോൾ എന്റെ അവസ്ഥ മാറി.



Dr.Mufti Muhammad Sadiq(R)

പിന്നെ ക്ലാസിലെ ശബ്ദം കേൾക്കാൻ തുടങ്ങി. എനിക്ക് ഭക്ഷണം കഴിച്ച ശേഷം ഉണ്ടാകുന്ന ഉന്മേഷം കിട്ടി. ഞാനാകട്ടെ ഇരിക്കുന്ന സ്ഥലത്ത് നിന്ന് എവിടേക്കും പോവുകയോ അവർ പ്രത്യക്ഷത്തിൽ ഭക്ഷണം എത്തിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല.

# വഖ്ഫെ സിന്ദഗിയുടെ പ്രതിജ്ഞാ ഫോറം

ഞാൻ എന്റെ മുഴുജീവിതവും സ്വമേധയാ ദൈവപ്രീതി മാത്രം കാംക്ഷിച്ചു കൊണ്ട് വഖ്ഫ് ചെയ്യുന്നു.
ഞാൻ അംഗീകരിക്കുന്നു;-

1. എന്നോട് നിർദേശിക്കുന്ന ഏത് സേവനവും യാതൊരു പ്രതിഫലേച്ഛയുമില്ലാതെ നിർദേശാനുസരണം നിർവഹിക്കുന്നതായിരിക്കും.
2. വാക്കാലോ കർമപരമായോ ജമാഅത്ത് വ്യവസ്ഥിതിക്കെതിരിൽ എന്നിൽ നിന്ന് യാതൊരു പ്രതികരണവും ഉണ്ടാകുന്നതല്ല. വഖ്ഫെ സിന്ദഗി പദ്ധതിയെ തികഞ്ഞ ആദരവോടെ വീക്ഷിച്ചു കൊണ്ട് കേന്ദ്ര നിർദേശാനുസരണം പ്രവർത്തിക്കുന്നതായിരിക്കും.
3. എന്റെയും കുടുംബത്തിന്റേയും ഉപജീവനാർത്ഥം ജമാഅത്ത് എന്തെങ്കിലും തുക നിശ്ചയിക്കുകയാണെങ്കിൽ അത് എന്റെ അവകാശമല്ല മറിച്ച്, ഒരു ഉപഹാരമായി കരുതി സ്വീകരിക്കുന്നതാണ്.
4. എന്റെ ശിക്ഷണ പഠനകാര്യങ്ങൾക്കായുള്ള എല്ലാ നിർദേശങ്ങളും പൂർണ്ണമായും അനുസരിക്കുന്നതായിരിക്കും.
5. എനിക്കായി നിർദേശിക്കപ്പെടുന്ന പ്രവർത്തനങ്ങൾ അവ എത്ര നിസാരമായതാണെങ്കിലും അതിൽ നിന്നും മുഖം തിരിക്കാതെ പ്രസന്നതയോടെ പൂർണ്ണ താൽപര്യത്തോടെ അത് പൂർത്തിയാക്കുന്നതായിരിക്കും.
6. ഏതെങ്കിലും ഘട്ടത്തിൽ, ഏതെങ്കിലും രീതിയിലുള്ള ശിക്ഷാനടപടികൾ എനിക്കെതിരിൽ സ്വീകരിക്കുകയാണെങ്കിൽ യാതൊരു ഒഴിവുകഴിവും, ആക്ഷേപവും ഉന്നയിക്കാതെ അത് സഹിക്കുവാൻ സന്നദ്ധനായിരിക്കും.
7. ഇന്ത്യയിലോ പുറത്തോ എവിടെയാണോ ജമാഅത്ത് എന്നെ നിയോഗിക്കുന്നത് അവിടെ ഓഫീസിന്റെ നിർദേശാനുസരണം സസന്തോഷം സേവനമനുഷ്ടിക്കുന്നതാണ്.
8. ഏതെങ്കിലും കാരണത്താൽ എപ്പോഴെങ്കിലും എന്നെ ഒഴിവാക്കി നിർത്തുകയാണെങ്കിൽ യാതൊരു ആക്ഷേപവും ഉണ്ടായിക്കുന്നതല്ല. എന്നാൽ എന്നെ ചുമതലപ്പെടുത്തിയിരിക്കുന്ന ഉത്തരവാദിത്വത്തിൽ നിന്നും സ്വമേധയാ അകന്നു നിൽക്കാൻ എനിക്ക് അവകാശമുണ്ടായിരിക്കില്ല.
9. ജീവനും, ധനവും, അന്തസും, വികാരങ്ങളുമെല്ലാം ത്യജിക്കുവാൻ ഞാൻ സന്നദ്ധനായിരിക്കും.
10. ഏതൊരു വ്യക്തിയുടെ കീഴിലാണോ പ്രവർത്തിക്കുവാൻ ഞാൻ നിർദേശിക്കപ്പെടുന്നത് അദ്ദേഹത്തെ പൂർണ്ണമായും അനുസരിക്കുന്നതായിരിക്കും.
11. മേൽ നിർദ്ദേശങ്ങൾ വളരെ ശ്രദ്ധാപൂർവ്വം വായിച്ച് ബോധ്യപ്പെട്ടതിന് ശേഷം ദൃഢനിശ്ചയത്തോടു കൂടിയാണ് ഈ ഫോറം ഞാൻ പൂരിപ്പിച്ചിരിക്കുന്നത്.

ഈ പ്രതിജ്ഞകളെ പാലിക്കുവാനുള്ള തൗഫീഖ് അല്ലാഹു എനിക്ക് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ


ചരിത്രം

ഇഷ്


### മുഹമ്മദ് അലി ജിന്ന മസ്ജിദ് ഫസലിൽ

# മുസ്ലിം ലീഗ് ലണ്ടൻ ശാഖ രൂപവൽക്കരിക്കുന്നു

**(മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് മർഹൂം, റബ്വ)**



1933 ഏപ്രിലിൽ വലിയ പെരുന്നാളിന്റെ അവസരത്തിൽ ഖാഇദെ അഅ്സം മുഹമ്മദ് അലി ജിന്ന ലണ്ടനി ലെ West Heath House Ham steetൽ ഉണ്ടായിരുന്നു. ലണ്ടൻ ഇമാം ഹദ്റത്ത് മൗലാനാ അബ്ദുർ റഹീം സാഹിബ് ദർദ്ന്റെ പ്രത്യേക താൽപര്യത്തിൽ സംഘടിപ്പിച്ച യോഗത്തിൽ 'ഇന്ത്യയുടെ ഭാവി" എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തുകയുണ്ടായി.



M.A.JINNAH

1946 ഡിസംബർ 3ന് വൈസ്രോയി ലോർഡ് പവൽ കോൺഗ്രസ്സ് ലീഗ് നേതാക്കളോടൊപ്പം ലണ്ടനിലെത്തി. പ്രധാനമന്ത്രി അറ്റ്ലിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തുകയുണ്ടായി. തുടർന്ന് വട്ടമേശ സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തു.

ലണ്ടനിലെ ഇമാമായിരുന്ന മൗലാനാ മുശ്താഖ് അഹ്മദ് സാഹിബ് ബാജ്വയുടെ നേതൃത്വത്തിൽ ലണ്ടൻ ഫസൽ മോസ്കിൽ ജിന്നക്ക് സ്വീകരണം നൽകുകയുണ്ടായി. ഈ അവസരത്തിൽ മസ്ജിദ് ഫസലിൽ വെച്ചാണ് ആൾ ഇന്ത്യാ മുസ്ലിം ലീഗിന്റെ ലണ്ടൻ ശാഖ രൂപവൽക്കരിക്കുന്നത്.



A.R.DARD

# തലമുറയെ നിലനിർത്തിക്കൊണ്ടു പോകുന്നതിനുള്ള മാർഗം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)



സന്താനങ്ങളെ ഖുർബാൻ ചെയ്താൽ വംശം അഭിവൃദ്ധിപ്പെടുന്നു എന്നതാണ് ഹദ്റത്ത് ഇബ്റാഹിം(അ)ന്റെ ഖുർബാനി നമുക്ക് നൽകുന്ന പാഠം. ആരെങ്കിലും തന്റെ വംശം പുരോഗതി കൈവരിക്കണമെന്നും വ്യപിക്കണമെന്നും അവനും അവന്റെ സന്താനങ്ങൾക്കും ആദരവ് ലഭിക്കണമെന്നും ആഗ്രഹിക്കുന്നുവെങ്കിൽ അതിനുള്ള മാർഗം തന്റെ സന്താനങ്ങളെ ദീനിന്റെ മാർഗത്തിൽ ത്വജിക്കുക എന്നതാണ്. ഈ പ്രതിവിധിയിൽ നിന്നും നമ്മുടെ മിത്രങ്ങൾ ഫലമെടുക്കേണ്ടതാണ്. അഥവാ തങ്ങളുടെ തലമുറകൾ ലോകത്ത് വ്യാപിക്കുന്നതിനും ആയിരക്കണക്കിന് വർഷങ്ങളോളം അവരുടെ നാമം ആദരവോടു കൂടി നിലനിൽക്കണമെന്നും ആഗ്രഹിക്കുന്നവർ ഇബ്റാഹിമിന്റെ മാതൃകയെ പിൻപറ്റേണ്ടതാണ്. ഹദ്റത്ത് ഇബ്റാഹിം (അ)ന് ഇത്ര അനുഗ്രഹങ്ങൾ നൽകാൻ അദ്ദേഹം അല്ലാഹുവിന്റെ ബന്ധുക്കാരനൊന്നുമല്ലായിരുന്നു എന്നത് ഓർക്കേണ്ടതാണ്. അദ്ദേഹത്തിന്റെ മാതൃകയെ പിൻപറ്റുകയും സ്വയം തന്നേയും തന്റെ സന്താനങ്ങളേയും അല്ലാഹുവിന്റെ മാർഗത്തിൽ ത്വജിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും അല്ലാഹു ഹദ്റത്ത് ഇബ്റാഹിം (അ) നൽകിയ ആ അനുഗ്രഹത്തിൽ നിന്ന് ഫലമെടുക്കാൻ സാധിക്കുന്നതാണ്.

## ഒരു കുട്ടിയെ വഖ്ഫ് ചെയ്യട്ടെ

ഓരോ കുടുംബവും ഒരു കുട്ടിയെ നൽകുക എന്നതാണ് വിശ്വാസത്തിന്റെ ഏറ്റവും ലഘുവായ അടയാളം. ഇത്രയും പോലും ചെയ്യാൻ കഴിയാത്തവർ നാവ് കൊണ്ട് പറയുന്നില്ലെങ്കിലും പ്രവർത്തനം കൊണ്ട് പറയുന്നത് *ഇദ് ഹബ് അൻത വറബ്ബുക്ക ഫഖാതിലാ ഇന്നാ ഹാഹുനാ ഖാഇദൂൻ* എന്നാണ്. അതായത് അല്ലയോ മൂസാ! നീയും നിന്റെ നാഥനും രണ്ടുപേരും പോയി ശത്രുക്കളോട് യുദ്ധം ചെയ്യുക. ഞങ്ങൾ ഇവിടെ ഇരിക്കുകയെ ഉള്ളു. അവർ നാവ് കൊണ്ട് ഇങ്ങനെ പറയുന്നില്ലായെങ്കിലും സ്വന്തം പ്രവർത്തനം കൊണ്ട് ഇതു തന്നെയാണ് പറയുന്നത്, അവന്റെ ഹൃദയത്തിൽ ഇതു തന്നെയാണ്. ആരുടെ ഹൃദയത്തിലാണോ ഇതുള്ളത് അവനും വിശ്വാസി ആകുകയില്ല.

## നബി (സ)യുടെ അടുത്ത ബന്ധു

ലോകത്തെ പുറംകാലിനടിച്ച് ദീനിനു വേണ്ടി തന്റെ ജീവിതം വഖ്ഫ് ചെയ്യുന്നവർ, തന്റെ സന്താനത്തിന് വിദ്യാഭ്യാസം നൽകി ദീനിന് വേണ്ടി വഖ്ഫ് ചെയ്യുന്നവർ നബിതിരുമേനി(സ)യുടെ അടുത്ത ബന്ധുക്കളാകുന്നു. അവരിലൂടെയാണ് ഇസ്‌ലാം ജീവിക്കുന്നത്.

## ശാശ്വതമായ ക്ഷണം

എപ്രകാരം ഓരോ അഹ്മദിയും ചന്ദ കൊടുക്കുന്നത് തന്നിൽ നിർബന്ധമാക്കിയിട്ടുണ്ടോ അപ്രകാരം തന്റെ ഏതെങ്കിലുമൊരു സന്താനത്തെ ദീനിന് വേണ്ടി വഖ്ഫ് ചെയ്യുന്നതാണെന്ന് തന്നിൽ നിർബന്ധമാക്കട്ടെ.

(മുത്വാലിബാത് തഹ്‌രീക് ജദീദ്: പേജ് 137 - 139)

## ഇസ്മാഈൽ (അ) ആയിത്തീരുക

ജമാഅത്തിലെ ഓരോ വ്യക്തിയും ഹദ്റത്ത് ഇബ്റാഹിം (അ) ഹദ്റത്ത് ഇസാമാഈൽ (അ) നെ സമർപ്പിച്ചത് പോലെയുള്ള ത്യാഗം സമർപ്പിക്കേണ്ടത് അനിവാര്യമാകുന്നു. അതിന്റെ ഫലമായിട്ടാണ് മുഹമ്മദ് റസൂലുല്ലാഹ് (സ)യെ പോലുള്ള വ്യക്തിത്വം ജനിച്ചത്. ഇന്നും നമ്മിലുള്ള ഓരോ വ്യക്തിയും ഇസ്മാഈൽ ആയിത്തീരുകയാണെങ്കിൽ വളരെ പെട്ടെന്നു തന്നെ അസാധ്യമായ കാര്യങ്ങൾ സാധ്യമാകുന്നതാണ്. ഇന്ന് ലോകത്ത് കൃത്യവിലോപവും നിരീശ്വരത്വവും ഭൗതീകതയും മതത്തിൽ നിന്നുള്ള അകൽച്ചയും വ്യാപകമായിരിക്കുന്നു. അക്കാരണത്താൽ ലോകത്ത് അതിമഹത്തായ ഒരു വിപ്ലവം സംജാതമാകുമെന്ന് ഒരു നിമിഷനേരത്തേക്ക് പോലും ചിന്തിക്കാൻ സാധ്യമല്ല. അതിനാൽ വരിക! നമുക്ക് നമ്മുടെ കഴുത്തുകളെ അല്ലാഹുവിന്റെ കവാടങ്ങളിൽ കുനിച്ചുകൊണ്ട് സ്വന്തം കൈകളാൽ അതിനെ അറുക്കാം. അങ്ങിനെ മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെ ഭരണം വീണ്ടും ലോകത്ത് സ്ഥാപിതമാകട്ടെ.

(താരീഖെ അഹ്മദിയ്യത്ത്: വാള്യം 9, പേജ് 627)

## സമുദായത്തിന്റെ ജീവിതം

ലോകത്ത് ഒരിക്കലും പൈസകൊണ്ട് തബ്‌ലീഗ് നടന്നിട്ടില്ല. പണത്താൽ ലോകത്തിന്റെ അറ്റങ്ങളോളം തങ്ങളുടെ തബ്‌ലീഗിനെ എത്തിക്കാൻ സാധിക്കും എന്ന് ധരിക്കുന്ന സമുദായത്തേക്കാൾ വഞ്ചിതരും വിഡ്ഢികളും ഭ്രാന്തരുമായ സമുദായം മറ്റൊന്നില്ല. നിങ്ങളിൽ നിന്നുള്ള ഓരോ വ്യക്തിയും തങ്ങളുടെ ജീവനും കൊണ്ട് മുന്നോട്ടു വരികയും അല്ലയോ അമീറുൽ മുഅ്മിനീൻ! അല്ലാഹുവിനും അവന്റെ റസൂലിനും അവന്റെ ദീനിനും അവന്റെ ഇസ്‌ലാമിനും വേണ്ടി ഹാജരാണ് എന്ന് പറയുകയും ചെയ്യുമ്പോഴാണ് ജീവന്റെ ലക്ഷണം ഉണ്ടാകുന്നത്. നിങ്ങളുടെ ജീവിതങ്ങൾ നിങ്ങളുടേതല്ല മറിച്ച് ഇസ്‌ലാമിന്റേതാണെന്ന് എന്നു മുതലാണോ നിങ്ങൾ മനസ്സിലാക്കുന്നത്, കേവലം ഹൃദയത്തിൽ മനസ്സിലാക്കുക മാത്രമല്ല മറിച്ച് അതിനനുസരിച്ച് പ്രവർത്തനങ്ങളും ആരംഭിക്കുന്നത് അന്ന് നിങ്ങൾക്ക് പറയാൻ കഴിയും നിങ്ങൾ ജീവനുള്ള ജമാഅത്താണെന്ന്.

(ഖുത്വുബ ജുമുഅ: 11.01.35)

## സുവാർത്ത

അല്ലാഹു നിങ്ങൾക്കായി വലിയ വലിയ ബഹുമതികൾ ഒരുക്കിയിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് അവന്റെ ദീനിന്റെ പ്രചരണത്തി നായി സ്വയം തങ്ങളെ സമർപ്പിക്കുക. അവൻ നൽകാൻ തുടങ്ങിയാൽ മനുഷ്യൻ കണ്ട് അൽഭുതപ്പെടുന്ന തരത്തിൽ നൽകുന്നു. നാം മുഴുവൻ ആയുസ്സിലും ഭൗതീക യോഗ്യതയൊന്നും ഇല്ലാതെ തന്നെ കരസ്ഥമാക്കിയത് വലിയ വലിയ ഡിഗ്രികൾ കരസ്ഥമാക്കിയവർക്കു പോലും നേടാൻ കഴിഞ്ഞിട്ടില്ല. അതുപോലെ സാമ്പത്തികമായ നിലയിൽ നാം സങ്കൽപിക്കുക പോലും ചെയ്തിട്ടില്ലാത്ത മാർഗങ്ങളിലൂടെ നമ്മെ അല്ലാഹു സഹായിച്ചിട്ടുണ്ട്. അതിനാൽ അല്ലാഹുവിൽ ഭരമേൽപിച്ചു കൊണ്ട് നിങ്ങൾ അവനിലേക്ക് നടന്നടുക്കുക. അഥവാ അവനിൽ വിശ്വാസമർപ്പിച്ചുകൊണ്ട് അവനിലേക്ക് അടുക്കുകയാണെങ്കിൽ നിശ്ചയമായും നിങ്ങളുടെ ദൈവം നിങ്ങളെ പാഴാക്കുന്നതല്ല. അവൻ നിങ്ങളുടെ കയ്യിൽ പിടിക്കുന്നതാണ്. നിങ്ങളുടെ ദൈവം നിങ്ങളുടെ മുന്നിൽ നിൽക്കുന്നുവെന്ന് നിങ്ങൾ അനുഭവിച്ചറിയുന്നതാണ്..............................

അവന്റെ അനുഗ്രഹങ്ങൾ റസൂൽ തിരുമേനി (സ) യിലോ അല്ലെങ്കിൽ മസീഹ് മൗഊദ് (അ) ലോ അല്ലേ ങ്കിൽ എന്നിലോ അവസാനിച്ചു എന്ന് നിങ്ങൾ കരുത രുത്. അവന്റെ അനുഗ്രഹങ്ങളുടെ കവാടങ്ങൾ നിങ്ങളെല്ലാവർക്കുമായി തുറന്നു കിടക്കുകയാണ്. അഥവാ നിങ്ങൾ ആ കവാടങ്ങളിലൂടെ പ്രവേശിച്ചു കൊണ്ട് പ്രസ്തുത അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നില്ലായെങ്കിൽ നിങ്ങളേക്കാൾ ഭാഗ്യഹീനർ മറ്റാരുമുണ്ടാകില്ല. എന്നാൽ നിങ്ങൾ പരിശ്രമിച്ചു കൊണ്ടിരിക്കുകയും അവന്റെ അനുഗ്രത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുകയാണെങ്കിൽ സയ്യദ് അബ്ദുൽ ഖാദിർ ജീലാനി (റഹ്), ശിബ്‌ലി (റഹ്), മുഈനുദ്ദീൻ ചിശ്തി (റഹ്) എന്നിവർ കരസ്ഥമാക്കിയത് നിങ്ങൾക്കും കരസ്ഥമാക്കാൻ സാധിക്കുന്നതാണ്.

(അൽഫള്ൽ ദിനപത്രം: 22.10.55)

- ഇബ്നു അശ്റഫ്




ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

# നമസ്കാര പാഠങ്ങൾ



(സമ്പാ: അബൂ അബ്ദുൽ ബാരി)

**മാലികി യൗമിദ്ദീന്റെ നിർവചനം**

وَمَآ أَدۡرَىٰكَ مَا يَوۡمُ ٱلدِّينِ ۝ ثُمَّ مَآ أَدۡرَىٰكَ مَا يَوۡمُ ٱلدِّينِ ۝ (അൽ ഇൻഫിത്വാർ: 18,19) യൗമിദ്ദീൻ എന്താണെന്ന് നിങ്ങൾക്കെങ്ങിനെ മനസ്സിലാക്കിതരും എന്ന് അല്ലാഹു എന്ത് കൊണ്ടാണ് പറഞ്ഞത്? അല്ലാഹുവിന് മനസ്സിലാക്കിത്തരാൻ അറിയില്ലേ? ഉദാഹരണം നൽകുന്നു, അന്ധനോട് പ്രകാശം ഇങ്ങനെയാകുന്നു എന്ന് പറഞ്ഞാൽ അയാൾക്ക് മനസ്സിലാകില്ല. അപ്പോൾ നിങ്ങൾ പറയും, നിനക്ക് മനസ്സിലാക്കാൻ കഴിയില്ല.... (നിങ്ങൾക്ക് നൽകപ്പെടാത്ത കാര്യത്തെ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയില്ല) അപ്പോൾ യൗമുദ്ദീൻ എന്നതിന്റെ നിർവചനത്തിൽ നിങ്ങൾ ചിന്തി ക്കുകയാണെങ്കിൽ നിങ്ങൾക്ക് മനസ്സിലാകും. ഇതിൽ ചിന്തിക്കുക.

يَوۡمَ لَا تَمۡلِكُ نَفۡسٌ لِّنَفۡسٍ شَيۡـًٔا ۖ وَٱلۡأَمۡرُ يَوۡمَئِذٍ لِّلَّهِ (അൽ ഇൻഫിത്വാർ:20). യൗമുദ്ദീനിനിൽ ഒരു ജീവനും ഒന്നിന്റേയും ഉടമസ്ഥനായിരിക്കില്ല. ഏത് വരെ സ്വയം ഈ അവസ്ഥയിലൂടെ മനുഷ്യൻ കടന്നുപോകുന്നില്ലയോ ഇതിനെ കുറിച്ച് ചിന്തിക്കാൻ മനുഷ്യന് സാധ്യമല്ല.

നമ്മിലുള്ള ഗുണങ്ങളിലൂടെയാണ് നാം തിരിച്ചറിയപ്പെടുന്നത്. എന്റെ ഒന്നും തന്നെ അവശേഷിക്കുന്നതല്ല എന്ന അവസ്ഥയെ കുറിച്ച് മനുഷ്യന് ചിന്തിക്കാൻ തന്നെ കഴിയില്ല. കാരണം എല്ലാം അല്ലാഹുവിനാൽ നൽകപ്പെട്ടതാണ്. അവൻ എല്ലാം തന്നെ തിരിച്ചെടുക്കുകയാണെങ്കിൽ, മനുഷ്യന് നൽകപ്പെട്ട ജീവിതത്തിൽ നിന്നും ബന്ധുക്കളിൽ നിന്നെല്ലാം അവൻ പിന്തള്ളപ്പെടുന്നു. ഇതാണ് യൗമുദ്ദീനിന്റെ നിർവചനം.

അതിനു ശേഷം പറയുന്നു, وَمَا قَدَرُوا۟ ٱللَّهَ حَقَّ قَدۡرِهِۦ അവർ അല്ലാഹുവിന്റെ പ്രതാപത്തെ മനസ്സിലാക്കിയില്ല. وَٱلۡأَرۡضُ جَمِيعًا قَبۡضَتُهُۥ يَوۡمَ ٱلۡقِيَٰمَةِ (അസ്സുമർ: 68) ഖിയാമത്ത് നാളിൽ ഭൂമി പരിപൂർണ്ണമായും അവന്റെ നിയന്ത്രണത്തിലായിരിക്കും.

وَٱلسَّمَٰوَٰتُ مَطۡوِيَّٰتُۢ بِيَمِينِهِۦ (അസ്സു മർ:68) ആകാശം അവന്റെ കയ്യിൽ ചുരുട്ടപ്പെടുന്നതാണ്. وَنُفِخَ فِي ٱلصُّورِ فَصَعِقَ مَن فِي ٱلسَّمَٰوَٰتِ وَمَن فِي ٱلۡأَرۡضِ (അസ്സുമർ:69). കാഹളം ഊതപ്പെടുന്നതാണ്. ആകാശഭൂമിയിലുള്ളതെല്ലാം തന്നെ ബോധരഹിതരായി വീഴുന്നതാണ്. ഒന്നും തന്നെ മനസ്സിലാകാത്ത അബോധാവസ്ഥ. അല്ലാഹു ഇച്ഛിക്കുന്നവൻ ബോധശൂന്യനാകുന്നതല്ല. പിന്നീട് രണ്ടാമതും കാഹളം ഊതപ്പെടും. അപ്പോൾ എല്ലാവരും എഴുന്നേറ്റു നിൽക്കുന്നതാണ്. إِلَّا مَن شَآءَ ٱللَّهُ അല്ലാഹു ഇച്ഛിക്കുന്നവരൊഴികെ. ഇതിൽ ആരാണ് ഉദ്ദേശ്യം? ഏറ്റവും ആദ്യം റസൂൽ തിരുമേനി (സ) ആകുന്നു. (മാലികി യൗമിദ്ദീനോടൊപ്പം ഞാനിക്കാര്യം ചേർത്തിരുന്നു.) മാലികി യൗമിദ്ദീനാണ്, അന്നേ ദിവസം അവൻ നൽകിയതെല്ലാം തിരിച്ച് ആവശ്യപ്പെടുന്നതാണ്.

റസൂൽ തിരുമേനി(സ) ജീവിതത്തിൽ തന്നെ എല്ലാം അല്ലാഹുവിന് നൽകിയിരുന്നു. ഖുർആനിൽ നിന്നും തെളിയുന്നത് ഒരു കണിക പോലും തന്റെയടുക്കൽ വെച്ചിരുന്നില്ല എന്നാണ്. അപ്പോൾ ഖിയാമത്ത് നാളിൽ അല്ലാഹു എങ്ങിനെയാണ് ആവശ്യപ്പെടുക? അല്ലാഹുവിന് കീഴിൽ റസൂൽ തിരുമേനി(സ)യാണ് ഉടമസ്ഥൻ എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് ഇതേ അർത്ഥത്തിലാണ്. കാരണം തന്റെ അസ്ഥിത്വം അടക്കം ഒന്നും അവശേഷിപ്പിക്കാതെ എല്ലാം അല്ലാഹുവിന് ഏൽപ്പിച്ചു കഴിഞ്ഞാൽ ഖിയാമത്ത് നാളിൽ അല്ലാഹു വീണ്ടും നബി(സ)യോട് അവശ്യപ്പെടുകയില്ല. അതുകൊണ്ടാണ് ഞാൻ ഭിന്നാഭിപ്രായം പറഞ്ഞത്. കാരണം ധാരാളം വ്യഖ്യാതാക്കൾ എഴുതിവെച്ചിരിക്കുന്നത്, റസൂൽ തിരുമേനി(സ)യും ബോധരഹിതനാകുന്നതാണ്, മൂസാ (അ) യും ബോധരഹിതനാകുന്നതാണ്. ഇത് തെറ്റാണ്. ഇത് റസൂൽ തിരുമേനി (സ) മേൽ ആരോപണമാണ്. റസൂൽ തിരുമേനി (സ) ബോധരഹിതനാകുക അസാധ്യമാണ്. കാരണം ബോധമുണ്ടായിരുന്ന സമയത്ത് ജീവിതത്തിൽ തന്നെ നൽകിക്കഴിഞ്ഞത് അല്ലാഹു എങ്ങിനെ വീണ്ടും വാങ്ങും? إِلَّا مَن شَآءَ ٱللَّهُ എന്നത്, ജീവിതത്തിൽ തന്നെ എല്ലാം അല്ലാഹുവിന്റെ അധീനതയിൽ നൽകിയ റസൂൽ തിരുമേനി (സ) ആകുന്നു. മാലികി യൗമിദ്ദീൻ നമസ്കാരത്തിൽ ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമാണ്. എല്ലാം തന്നെ വാസ്തവത്തിൽ മടക്കിനൽകിയ ഏറ്റവും വലിയ വ്യക്തിത്വം റസൂൽ തിരുമേനി (സ) ആകുന്നു.

റസൂൽ തിരുമേനി (സ) യെ കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു,

قُلۡ إِنَّ صَلَاتِي وَنُسُكِي وَمَحۡيَايَ وَمَمَاتِي لِلَّهِ رَبِّ ٱلۡعَٰلَمِينَ (അൽ അൻആം: 163) നീ വിളംബരപ്പെടുത്തുക, എന്റെ നമസ്കാരം, എന്റെ ത്യാഗങ്ങൾ, എന്റെ ജീവിതവും മരണവും എല്ലാം തന്നെ അല്ലാഹുവിന്റേതായിക്കഴിഞ്ഞു. ഈ വിളംബരം ഇവിടെയാണ് ഉണ്ടായത്. ഖിയാമത്ത് നാളിൽ എനിക്ക് തിരിച്ചു തരിക എന്ന് പറഞ്ഞ് അല്ലാഹു എങ്ങിനെയാണ് വീണ്ടും ആവശ്യപ്പെടുക? ഇതാണ് മാലികി യൗമിദ്ദീനിന്റെ അർത്ഥം. ഈ യാഥാർത്ഥ്യത്തെ ആരെങ്കിലും മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അത് മസീഹ് മൗഊദ് (അ) ആകുന്നു. മസീഹ് മൗഊദ് (അ) പറയുന്നു, ഭൂമിയിൽ മാലികി യൗമിദ്ദീൻ ആക്കപ്പെട്ട ദൂതനാണ് ഇത്. എല്ലാം അദ്ദേഹത്തെ ഏൽപ്പിച്ചു. ഇനി എന്താണോ ചെയ്യുന്നത് അത് ഉടമസ്ഥന്റെ പ്രതിനിധിയായിട്ടാണ് ചെയ്യുക. എന്താണോ ഉടമസ്ഥൻ ആഗ്രഹിക്കുക അതുമാത്രമേ പ്രവർത്തിക്കൂ. അതിൽ നിന്നും മനസ്സിലാകുന്നത് റസൂൽ തിരുമേനി (സ) ബോധരഹിതനാകില്ല എന്നാണ്. കാരണം നമ്മുടെ കഴിവുകളെയാണ് ബോധം എന്നു പറയുന്നത്. ബോധം തിരിച്ചു പോയാൽ എല്ലാം തിരിച്ചു പോകും. അതുകൊണ്ട് فَصَعِقَ مَن فِي ٱلسَّمَٰوَٰتِ എന്നത് കൊണ്ടുള്ള താൽപര്യം, ആദ്യകാഹളം ഊതപ്പെടുമ്പോൾ എല്ലാ വസ്തുക്കളും അതിന്റെ കഴിവുകളിൽ നിന്ന് പുറം തള്ളപ്പെടും എന്നതാണ്. കാരണം, യഥാർത്ഥ ഉടമസ്ഥൻ അല്ലാഹുവാണ്. ആദ്യം തന്നെ മടക്കി നൽകിയവരോട് ആവശ്യപ്പെടുന്നതല്ല.

(ഉർദു ക്ലാസ് നമ്പർ: 314, 22.10.97)

# വഖ്ഫെ സിന്ദഗി

ജീവിതം അർപണം ചെയ്ത് സേവനം ചെയ്യുന്നവരേടും മുറബ്ബിമാരോടും ഞാൻ പറയുന്നു, ലോകർ നിങ്ങളുടെ സ്ഥാനത്തെ മനസ്സിലാക്കുകയോ മനസ്സിലാക്കാതിരിക്കുകയോ ചെയ്യട്ടെ. പക്ഷേ അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം വരിക്കാമെന്ന് നിങ്ങൾ ഉടമ്പടി ചെയ്തവരാണ്. ആ ഉടമ്പടി സദുദ്ദേശ്യത്തോടുകൂടി അല്ലാ ഹുവിന് വേണ്ടി നിങ്ങൾ പാലിക്കുന്നവരാണെങ്കിൽ ലോകരെ നിങ്ങൾ അല്പം പോലും ഭയക്കേണ്ടതില്ല. ജമാഅത്ത് വ്യവസ്ഥിതിയോട് പറ്റിച്ചേർന്നിരിക്കുക. നിങ്ങൾ ജമാഅത്തുപരമായ തഅ്ലീം തർബിയ്യത്തിനും, ലോകർക്ക് ഇസ്ലാമിന്റെ സന്ദേശം എത്തിക്കുന്നതിനും വേണ്ടിയുള്ള കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളാണ്. ഇത് നിങ്ങളുടെ വലിയ ഉത്തരവാദിത്വമാണ്. തീരുമാനമെടുക്കേണ്ട ഒരുപാട് കാര്യങ്ങളിൽ കാലത്തിന്റെ ഖലീഫ നിങ്ങളെ അവലംബമാക്കാറുണ്ട്. അതു കൊണ്ട് ഈ ചുമതല മനസ്സിലാക്കി ഭൗതികമായ എല്ലാ ഉയർച്ച താഴ്ചകളേയും മനസ്സിൽ നിന്ന് നീക്കുക. നിങ്ങളിൽ അർപിതമായ പ്രവൃത്തി ഏകാഗ്രചിത്തയോടെ നിർവഹിക്കുക. അല്ലാഹുവിന് വേണ്ടി ഈ വെറുപ്പ് സഹിക്കുകയാണെങ്കിൽ അല്ലാഹു തന്നെ നിങ്ങളുടെ എളുപ്പത്തിനുള്ള മാർഗങ്ങൾ ഒരുക്കി തരുന്നതാണ്. മാനസികമായ പീഡ അകറ്റുന്നതിനുള്ള സാഹചര്യവും ഒരുക്കി തരുന്നതാണ്. വീടുകളിലും, മുറബ്ബിമാരുടെ വീടുകളിലും കുട്ടികളുടെ മുന്നിൽ വെച്ച് ഭാരവാഹികൾക്കെതിരിൽ ഒന്നും സംസാരിക്കരുത്. നിങ്ങളുടെ ഭാര്യമാർക്കും മനസ്സിലാക്കി കൊടുക്കുക. ജീവിതം വഖ്ഫ് ചെയ്തവരുടെ ഭാര്യമാരും ജീവിതം വഖ്ഫ് ചെയ്തവരെ പോലെയാണ്, അല്ലെങ്കിൽ അങ്ങിനെ ആകേണ്ടതാണ്. അതുകൊണ്ട് ഓരോ കാര്യവും ക്ഷമയോടും സഹനത്തോടും കൂടി സഹിക്കേണ്ടതാണ്. അല്ലാഹുവിന്റെ മുന്നിൽ താണുകേണു അപേക്ഷിക്കേണ്ടതാണ്. അവന്റെ മുന്നിൽ കുനിയേണ്ടതാണ്. ഇൻശാഅല്ലാഹ് അവൻ തീർച്ചയായും അനുഗ്രഹിക്കുന്നതാണ്.

# വഖ്ഫെ നൗ കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള നിർദ്ദേശങ്ങൾ

1. വഖ്ഫെ നൗ കുട്ടികളുടെ പരിപാലനത്തിലും ശിക്ഷണകാര്യങ്ങളിലും അശ്രദ്ധരാവുകയാണെങ്കിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ നാം കുറ്റവാളികളായിരിക്കും.
2. മാതാപിതാക്കൾ തങ്ങളുടെ മക്കളെ വഖ്ഫ് ചെയ്തിരിക്കുന്നു എന്നു പറഞ്ഞിരുന്നാൽ മാത്രം പോര. അവരുടെ ഭാവിയെപറ്റി ബോധവൽക്കരിച്ചു കൊണ്ടിരിക്കേണ്ടതാണ്.
3.നിങ്ങൾ ജമാഅത്തിന് സേവനം ചെയ്യേണ്ടവരാണെന്നും അതുകൊണ്ട് നിങ്ങൾ ജമാഅത്തിന് പ്രയോജനപ്രദമായ മേഖല തിരഞ്ഞെടുക്കുക എന്നും ബോധവൽക്കരണം ചെയ്യേണ്ടതാണ്.
4. വഖ്ഫെ നൗ പദ്ധതിയിൽ അംഗമായിട്ടുള്ള ഓരോ കുട്ടിയും കുട്ടിക്കാലം മുതൽക്കു തന്നെ സത്യത്തോട് സ്നേഹവും കളവിനോട് വെറുപ്പും ഉള്ളവരായിരിക്കണം.
5. വിശുദ്ധഖുർആൻ പഠനം നിർബന്ധമാണ്. 14,15 വയസ്സ് പ്രായമുള്ള കുട്ടികൾ പരിഭാഷയോടുകൂടി വിശുദ്ധഖുർആൻ ഓതാൻ ശ്രമിക്കേണ്ടതാണ്.
6. മാതാപിതാക്കളും തമാശയായിട്ടുപോലും കളവ് പറയാതിരിക്കുക. കാരണം അല്ലാഹുവിന്റെ പരിശുദ്ധമായ ഒരു അമാനത്താണ് നിങ്ങ ളുടെ വീട്ടിൽ വളരുന്നത്. ഇതിന്നായി മാതാപിതാക്കൾ ആദ്യത്തേക്കാളുപരി സത്യസന്ധരാകേണ്ടതാണ്.
7. അന്ത്യശ്വാസം വരെ കൂറു പുലർത്തിക്കൊണ്ട് നിൽക്കുന്നതിനാണ് വഖ്ഫ് എന്നു പറയുന്നത്. ഏതുതരം മുറിവേറ്റാലും ഇഴഞ്ഞിഴഞ്ഞെങ്കിലും ഈ വഴിയിൽ തന്നെ നിലനിൽക്കുക. ഒരിക്കലും ഈ മാർഗം ഉപേക്ഷിക്കരുത്.
8. അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കേണ്ടത് നിർബന്ധമാണ്. (നമസ്കാര കാര്യത്തിൽ ഒരു ഒഴിവുകഴിവും പറയാൻ പാടില്ല.)
9. ആരാധനയില്ലാത്ത മതം മതമല്ല; ആരാധനയുടെ ശീലം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക. ഇതിന്നായി മാതാപിതാക്കൾ സ്വയം മാതൃകകളായിത്തീരുക.
10. കുട്ടിക്കാലം മുതൽ ശരിയായ ശിക്ഷണം ആനിവാര്യമാണ്. പെട്ടെന്നൊരിക്കലും കുട്ടികളിൽ നല്ല ശീലം ഉണ്ടാവില്ല.
11. കുട്ടിക്കാലം മുതൽക്കു തന്നെ ഉള്ളതിൽ തൃപ്തിപ്പെടുന്നവരാക്കി അവരെ മാറ്റുക. അത്യാഗ്രഹത്തേയും അതിമോഹത്തേയും നിരുൽസാഹപ്പെടുത്തുകയും ചെയ്യുക.
12. ഇന്ന് ലോകത്ത് നിന്ന് ക്ഷമയും സഹനവും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഈ രണ്ട് സദ്ഗുണങ്ങളും അവരിൽ നിർബന്ധമാണ്.
13. കോപാകുലരായ വഖ്ഫെ നൗ കുട്ടികൾ എപ്പോഴും ജമാഅത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കും. ചിലപ്പോൾ ഭയാനകമായ ഫിത്ന്നകളും ഉണ്ടാക്കിത്തീർക്കും. അതുകൊണ്ട് കോമളശീലം, സഹനശീലം എന്നീ രണ്ട് ഗുണങ്ങളും വഖ്ഫെ നൗ കുട്ടികളിൽ വളരെ നിർബന്ധമാണ്.
14. വഖ്ഫെ നൗ കുട്ടികൾ കീഴ്ഘടകങ്ങളുമായി എപ്പോഴും ബന്ധപ്പെട്ടു നിൽക്കേണ്ടതാണ്. തങ്ങളും ശാഖാ സംഘടനകളുടെ ഭാഗമാണെന്നും തങ്ങളുടെ സംഘടന വേറിട്ട ഒന്നല്ലെന്നും അവർ മനസ്സിലാക്കേണ്ടതാണ്.
15. യോഗങ്ങളിലും ഇജ്തിമാകളിലും ജൽസകളിലും പഠിപ്പിക്കപ്പെടുന്ന കാര്യങ്ങൾ അവിടെ തന്നെ ഉപേക്ഷിച്ചു കളയരുത്.
16. പഠിക്കുന്നതൊക്കെ അവിടെ തന്നെ ഉപേക്ഷിച്ചു കളയുന്നത് ജഹാലത്ത് അഥവാ അജ്ഞതയാണ്.
17. ഒഴിവുള്ള സമയങ്ങളിൽ കുട്ടികൾ പുറത്തു കറങ്ങിനടക്കുന്നതിനു പകരം മാതാപിതാക്കളോടൊത്ത് കഴിയാൻ ഇഷ്ടപ്പെടുന്നതിനു വേണ്ടി തങ്ങളുടെ വീടുകളെ സമാധാന സമ്പൂർണ്ണവും ശാന്തിമയവുമാക്കിത്തീർക്കേണ്ടതാണ്. വീട്ടിൽ ഒരു സുഹൃത്ബന്ധത്തിന്റെ അന്തരീക്ഷമുണ്ടാക്കുക.
18. ജമാഅത്ത് വ്യവസ്ഥിതിയെ ഏങ്ങിനെയാണ് ആദരിക്കേണ്ടതെന്ന് വഖ്ഫെ നൗ കുട്ടികളെ പഠിപ്പിക്കേണ്ടത് നിർബന്ധമാകുന്നു.
19. ജമാഅത്ത് വ്യവസ്ഥിതിക്ക് ക്ഷതം തട്ടുന്ന വിധത്തിലുള്ള ഒരു കാര്യവും വീടുകളിൽ ചർച്ചാവിഷയമാക്കരുത്. ഏതെങ്കിലും ഔദ്യോഗിക ഭാരവാഹിയെ സംബന്ധിച്ചുള്ള പരാതിയും വീട്ടിൽ പറയരുത്.
20. എല്ലാ ദുശ്ശീലങ്ങളും ഒഴിവാക്കി വഖ്ഫെ നൗ ഉയർന്ന സംസ്കാരമൂല്യമുള്ള വരാക്കി തീരേണ്ടതാണ്.
21. വഖ്ഫെ നൗ കുട്ടികളെ ചെറുപ്പം മുതൽ ദൈവഭക്തിയുള്ളവരാക്കി മാറ്റാൻ ശ്രമിക്കുക. അവരുടെ ചുറ്റുപാടുകൾ പരിശുദ്ധവും പവിത്രവുമാക്കി വെക്കുക. ഭൗതികതയിലേക്ക് ചായാൻ പ്രേരണ നൽകുന്ന ഒരു പ്രവർത്തിയും അവരുടെ മുന്നിൽ വെക്കാതിരിക്കുക.
22. വഖ്ഫെ നൗ കുട്ടികൾ സൽക്കർമങ്ങളുടെ കാര്യത്തിൽ മറ്റുള്ളവരേക്കാൾ മുന്നിൽ നിൽക്കേണ്ടതാണ്.
23. വഖ്ഫ് ചെയ്ത കുട്ടികളാണെന്നും അതിനേക്കാൾ വലുതായി മറ്റൊന്നുമില്ലെന്നുമുള്ള അവബോധം അവരിൽ ഉണ്ടായിരിക്കണം.
24. നമുക്ക് മുബല്ലിഗീംകൾ, ഡോക്ടർമാർ, അദ്ധ്യാപകർ, കമ്പ്യൂട്ടർ സയൻസിൽ നിപുണരായവർ, വക്കീൽമാർ, എഞ്ചിനീയർമാർ, ഭാഷകളിൽ നൈപുണ്യം സിദ്ധിച്ചവർ, വിവിധ വകുപ്പുകളിൽ വൈദഗ്ദ്യം നേടിയവർ എന്നിവരുടെ ആവശ്യമുണ്ട്.
25. വരും കാലത്ത് ധാരാളം മുബല്ലിഗ്മാരെ ആവശ്യമുണ്ടെന്ന ഉദ്ദേശ്യത്തോടു കൂടി കുട്ടികൾക്ക് ശിക്ഷണം നൽകുക.
26. മുബല്ലിഗ് എന്ന സ്ഥാനത്തേക്കാളും കിടപിടിക്കുന്ന മറ്റൊരു സ്ഥാനവുമില്ല. വഖ്ഫെ നൗ കുട്ടികളെ മുബല്ലിഗീംകളാക്കുക.
27. അസാധാരണ ബുദ്ധിശാലികളായ, വളരെ talented ആയിട്ടുള്ള, ചരിത്രം, ശാസ്ത്രം, ഗവേഷണം മുതലായ രംഗങ്ങളിൽ ശോഭിക്കുന്ന കുട്ടികൾക്ക് വേണ്ടുന്ന മാർഗനിർദേശങ്ങൾ നൽകേണ്ടതാണ്.
28. പൈലറ്റ്, ക്രിക്കറ്റർ, ഫുട്ബോളർ മുതലായ മേഖലകൾ ഒന്നും തന്നെ വഖ്ഫെ നൗ കുട്ടികൾക്കുള്ളതല്ല. കുട്ടികൾക്ക് ശരിയായ നിലയിൽ കൗൺസിലിങ്ങ് നൽകാത്തതു കൊണ്ടും മാർഗദർശനം നൽകാത്തതു കൊണ്ടുമാണ് കുട്ടികൾ മുകളിൽ പറഞ്ഞ മേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത്.
29. വഖ്ഫെ നൗ കുട്ടികൾ ഏത് ഫീൽഡിലാണ് പഠിക്കുന്നതെങ്കിലും പഠനം പൂർത്തിയായ ശേഷം അവർ തങ്ങളെ ജമാഅത്തിന് സമർപ്പിക്കേണ്ടതാണ്.
30. കാലത്തിന്റെ ഖലീഫയോ,ജമാഅത്ത് സംവിധാനമോ നിങ്ങളെ ജമാഅത്തിന്റെ സേവനത്തിനായി വിളിച്ചാൽ ഉടൻ ഹാജരാകണം.
31. ചില സന്ദർഭങ്ങളിൽ രണ്ട് വർഷമോ, നാല് വർഷമോ തന്റെ ജോലിയിൽ പ്രവർത്തി പരിചയം കരസ്ഥമാക്കി വരാൻ ആവശ്യപ്പെട്ടാൽ അതും അനുസരിക്കേണ്ടതാണ്.
32. ചില സന്ദർഭങ്ങളിൽ നിങ്ങളുടെ ജോലിയിൽ തുടരാൻ ആവശ്യപ്പെട്ടാൽ അതും ചെയ്യേണ്ടതാണ്. സ്വയം തീരുമാനമെടുക്കാൻ അർഹതയില്ല. ഖലീഫയ്ക്കോ ജമാഅത്തിനോ ആണ് അതിനുള്ള അധികാരം.
33. ഹുസൂർ നിങ്ങളോട് ആഫ്രിക്കയിൽ ഖിദ്മത്തിന് പോകാൻ ആവശ്യപ്പെട്ടാലും സസന്തോഷം ഞങ്ങൾ അതിന് തയ്യാറാണ്, ഞങ്ങളുടെ ജീവൻ തന്നെ ത്യജിക്കേണ്ടി വന്നാലും പുഞ്ചിരിയോടെ അതിനും തയ്യാറാണ് എന്ന പ്രതിജ്ഞ ഹുസൂറിന് നാം നൽകുകയാണ്.
34. പക്വതയിലേക്ക് പ്രവേശിച്ച വഖ്ഫെ നൗ കുട്ടികൾക്ക് ഭാഷ പഠിക്കുന്ന കാര്യത്തിൽ അഭിരുചിയും അതിനുള്ള കഴിവുമുണ്ടെങ്കിൽ (പ്രത്യേകിച്ച് പെൺകുട്ടികൾ) ഇംഗ്ലീഷ്, അറബി, ഉർദു, പ്രാദേശിക ഭാഷകൾ എന്നിവ പഠിക്കുന്നുണ്ടെങ്കിൽ അവർക്കതിൽ നൈപുണ്യം കരഗതമാക്കി കൊടുക്കേണ്ടതാണ്.
35. ക്ഷമയും, സഹനവും മുഖേന മാത്രമേ ഫീൽഡിൽ നിങ്ങൾക്ക് നല്ല രീതിയിൽ സേവനം ചെയ്യാൻ കഴിയുകയുള്ളൂ.

36. വഖ്ഫെ നൗ കുട്ടികൾക്ക് നവംനവങ്ങളായ ആധുനിക വിദ്യാഭ്യാസം നൽകി തെളിവുകൾ മുഖേന ലോകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ അവരെ പ്രാപ്ത രാക്കേണ്ടതാണ്.

37. മാതാക്കൾ തങ്ങളുടെ അറിവ് വർദ്ധിപ്പിക്കുകയും തങ്ങളുടെ അറിവ് കൊണ്ട് മക്കൾക്ക് പ്രയോജനം നൽകുകയും ചെയ്യേണ്ടതാണ്.

38. വഖ്ഫെ നൗ കുട്ടികളുടെ ശിക്ഷണത്തിനായി പ്രത്യേകിച്ചും, എല്ലാ അഹ്മദി കുട്ടികളുടെ ശിക്ഷണത്തിനായി പൊതുവിലും, തങ്ങളുടെ അറിവിൽ അഭിവൃദ്ധി യുണ്ടാക്കുന്നതോടൊപ്പം തങ്ങളുടെ മക്കൾക്കും മാതാക്കൾ സമയം നൽകേണ്ട താണ്.

39. ചില അഹ്മദി കുടുംബങ്ങളിലെ സന്തതികൾ അഹ്മദിയ്യത്തിൽ നിന്നും അക ന്നു പോകുന്നതിനുള്ള കാരണം അവരുടെ സ്ത്രീകൾക്ക് മതപരമായ ഒരറിവും ഇല്ല എന്നതാണ്.

40. തങ്ങളുടെ ഭാവിതലമുറയെ രക്ഷപ്പെടുത്തുന്നതിന്നായി സ്ത്രീകളും പുരുഷ ന്മാരും ഒന്നിച്ച് പ്രവർത്തിക്കേണ്ടതാണ്.

41. ജമാഅത്തുമായി സുശക്തമായ ബന്ധം നിലനിർത്തുകയും, അത്വ്ഫാലുൽ അഹ്മദിയ്യായുമായി ബന്ധപ്പെട്ട് ശക്തിപ്പെടുത്തുകയും, മാതാപിതാക്കളുമായും വീട്ടുകാരുമായും പ്രത്യേക ബന്ധം നിലനിർത്തിക്കൊണ്ട് അഹ്മദി കുട്ടികളും അനഹ്മദി കുട്ടികളും തമ്മിലുള്ള വ്യതിരിക്തത ഇതാണെന്ന് പ്രകടമാക്കുകയും വേണം.

42. അഹ്മദി കുട്ടികളുടെ ജീവിത രീതിയും നടപ്പും ഇരിപ്പും പെരുമാറ്റവും എല്ലാം മറ്റുള്ളവരിൽ നിന്നും വ്യതിരിക്തമായിരിക്കണം. ഇതിനാണ് മര്യാദയെന്നും ധാർമിക ഗുണമെന്നും പറയുക.

43. മാതാപിതാക്കളെ ആദരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. മാതാപിതാക്കളെ ആദരിക്കുവാൻ അല്ലാഹു കല്പിച്ചിട്ടുണ്ട്. അവരോട് കാരുണ്യത്തോടെ വർത്തി ക്കുക. അവർക്ക് വേണ്ടി ദുആ ചെയ്യുക.

44. ഒരോ അഹ്മദി വിദ്യാർത്ഥിയും സ്കൂളിൽ ഉന്നതസ്ഥാനം കരസ്ഥമാക്കുന്ന വരായി മാറണം. പഠനകാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണം.

45. ടി.വി യിൽ വരുന്ന കാർട്ടൂണുകൾ കാണാൻ ആഗ്രഹമുള്ളവർ കണ്ട് കൊ ള്ളുക. എന്നാൽ അതിന് സമയം നിശ്ചയിക്കുക. ഒരു മണിക്കൂറോ അര മണിക്കൂറോ ആയി ചുരുക്കണം. ശനി, ഞായർ പോലുള്ള അവധി ദിവസങ്ങളിൽ രാവിലെ മുതൽ വൈകുന്നേരം വരെയും വൈകുന്നേരം തുടങ്ങി രാത്രി 12 മണി വരെയും അതിന്റെ മുന്നിൽ തന്നെ കുത്തിയിരിക്കുക എന്നത് ശരിയല്ല.

46. ടി.വി യിൽ വരുന്ന കാർട്ടൂണുകളും വിജ്ഞാന പ്രദമായ പരിപാടികളും കാണാ വുന്നതാണ്. എന്നാൽ അശ്ലീലവും മോശവുമായ പരിപാടികളിൽ നിന്നും ഒഴിഞ്ഞ് നിൽക്കുക.

47. കൗമാരപ്രായത്തിൽ എത്തുന്ന കുട്ടികൾ പൊതുവിൽ ചിന്തിക്കാറുള്ളത് ഞങ്ങ ളാണ് ബുദ്ധിമാന്മാരെന്നും മറ്റുള്ളവരെല്ലാം വിഡ്ഢികളാണെന്നുമാണ്. എന്നാൽ നല്ല കാര്യങ്ങൾ കേട്ട് അനുസരിച്ച് പ്രവർത്തിക്കാത്തവരാണ് വിഡ്ഢികൾ. മുതിർ ന്നവർ പറയുന്നത് കേട്ട് അനുസരിക്കുന്നവരാണ് ബുദ്ധിമാന്മാർ.

48. ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചവരെ സംബന്ധിച്ചുള്ള അല്ലാ ഹുവിന്റെ വാഗ്ദാനം അവർ അറിവിലും ജ്ഞാനത്തിലും പരിപൂർണ്ണത പ്രാപിക്കു ന്നവരായിരിക്കുമെന്നാണ്. ആ പരിപൂർണ്ണത പ്രാപിക്കുന്നതിനായി യത്നിക്കേണ്ട താണ്.

49. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ചില ആളുകൾ മീശയും താടിയും വടിക്കുന്നത് ഭംഗിയുടെ ഭാഗമായി മനസ്സിലാക്കുന്നു. എന്നാൽ നാമതിനെ വളരെ അനിഷ്ടകരമായി കാണുന്നു. അങ്ങിനെയുള്ളവരു ടെ മുന്നിൽ ഇരുന്നു കൊണ്ട് ഭക്ഷണം കഴിക്കാൻ പോലും ഞാൻ ഇഷ്ടപ്പെടുന്നില്ല.

50. വഖ്ഫെ നൗ വിന്റെ ആധുനിക സേനയെ, നവീന ജ്ഞാനങ്ങളാൽ സജ്ജരാ ക്കാൻ നമുക്ക് സാധിക്കുമാറാകട്ടെ. അല്ലാഹു ശരിയാം വണ്ണം മതപരമായ അറിവും ജ്ഞാനവും കരസ്ഥമാക്കുന്നതിനും നമ്മുടെ സന്തതികളിൽ നിലനിർത്തുന്നതിനു മുള്ള തൗഫീഖ് തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

(ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്), ഖാമിസ് (അയ്യദഹുല്ലാഹ്) എന്നിവർ വിവിധ സന്ദർഭങ്ങളിൽ നൽകിയ നിർദ്ദേശങ്ങളിൽ നിന്ന്)

സമ്പാ: പി.കെ. മുഹമ്മദ് ശരീഫ്
കാക്കനാട്



# വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**


**ചോദ്യം : മതത്തിൽ ദൈവഹിതത്തിന് മുന്നിൽ പൂർണ്ണമായും വിധേയരാകുവാനാണ് പഠിപ്പിക്കുന്നത്. എന്നാൽ ചില വിഷമ അവസ്ഥകളിൽ നമ്മുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതായി തോന്നാറില്ല. ഇത്തരം സന്ദർഭങ്ങളിൽ ദൈവഹിതത്തിന് വഴങ്ങു ന്നയാൾ എങ്ങിനെയാണ് സമാധാനം കണ്ടെത്തുക ?**

ഇത് രണ്ടും വ്യത്യസ്ഥമായി തന്നെ കാണേണ്ടതാണ്. സർവ്വശക്ത നായ ഒരു ശക്തിക്ക് മുമ്പിൽ കീഴടങ്ങുകയല്ലാതെ മറ്റെന്താണ് ചെയ്യു വാൻ സാധിക്കുക. ബല പ്രയോഗത്താലൊ സ്വയമേവയൊ നാം കീഴ് വണങ്ങേണ്ടിവരും. ഇസ്ലാം അനുശാസിക്കുന്നത് സ്വന്തം ഇഛയോ ടെ കീഴ്വണങ്ങുവാനാണ്. അങ്ങിനെ ചെയ്യുന്ന പക്ഷം ദൈവ പ്രീതി യും അതു വഴി ലഭിക്കുന്നതാണ്. വിവേചനത്തോടെ കീഴ്വണ ങ്ങുന്നി ല്ലെങ്കിലും കീഴടങ്ങുവാൻ നാം നിർബന്ധിതരാണ്. അപ്പോൾ ദൈവ പ്രീതി നഷ്ടപ്പെടുകയും ചെയ്യും രണ്ട് അവസ്ഥയിലും ജീവിത വ്യവ സ്ഥയിൽ വ്യത്യാസം ഉണ്ടാവുന്നില്ല. എങ്കിൽ പിന്നെ സ്വയമേവ വിധേ യനായി കൊണ്ട് അതോടൊപ്പം ലഭിക്കുന്ന ദൈവപ്രീതിക്ക് പാത്രീ ഭൂതനാവുന്നതല്ലെ ബുദ്ധി ?

പ്രാർത്ഥനയുടെ കാര്യത്തിലേക്ക് തിരിഞ്ഞാൽ നാം അവനോട് യാചി ക്കുകയാണ് ചെയ്യുക ആവശ്യപ്പെടുകയല്ല. യാചകർ ഒരിക്കലും വിവേ ചിപ്പ് തിരഞ്ഞെടുക്കുന്നവരല്ല തന്നെ. അവൻ നമ്മുടെ പ്രാർത്ഥന സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം എന്നാൽ പരിപൂർണ്ണ തൃപ്തിയോടോപ്പം വിവേചന ബുദ്ധിയോടെയും അല്ലാ ഹുവിൽ സമർപ്പിക്കുന്നതായാൽ നമ്മുടെ പ്രാർത്ഥനകൾ മറ്റുള്ള വരേക്കാൾ അധികം സ്വീകരിക്കപ്പെടുന്നതായി കാണാം. കീഴ്വണക്കത്തിന്റെ തോതനുസരിച്ച് പ്രാർത്ഥന സ്വീകാര്യതയും വർദ്ധിക്കും. കൂടുതൽ തവണകളിലും വിഷമസ്ഥിതിയിലും ഇത് പ്രകടമാവും. മറ്റൊരു പരിഹാരവും ഇല്ലാത്ത ഘട്ടങ്ങളിലും താൻ പരിഹാരം കാണി ച്ചു തന്നതായി അല്ലാഹു നമുക്ക് വ്യക്തമാക്കിത്തരുന്നു. ഈ രീതി യിൽ രണ്ട് കാര്യങ്ങളും ബന്ധപ്പെടുത്തണം. ചില സമയങ്ങളിൽ ദുആ സ്വീകരിക്കപ്പെടാത്തത് ആ കാര്യം നമുക്ക് അഭികാമ്യമല്ലാത്തത് കൊണ്ടാണ്. അല്ലാഹുവിന്റെ ജ്ഞാനം താരതമ്യം ചെയ്യുമ്പോൾ നാം വെറും ശിശുക്കൾ മാത്രമാണ്. ചിലപ്പോൾ കുട്ടി തീയിൽ കൈയ്യിടു വാൻ വാശി പിടിക്കുന്നു. എന്നാൽ കരഞ്ഞ് കരഞ്ഞ് അവശനായാലും മാതാവ് ഒരിക്കലും കുട്ടിയെ അതിന് അനുവദിക്കാറില്ല. കാണുന്ന ഒരാൾക്ക് ഒരു പക്ഷെ മാതാവ് ക്രൂരയായി തോന്നിയേക്കാം. ഇതു പോലെ നമ്മൾ ചോദിക്കുന്ന കാര്യം നമുക്ക് ഹാനികരമാണെങ്കിൽ അല്ലാഹു എന്തിന് ചെവി കൊള്ളണം ? അത്തരം സന്ദർഭങ്ങളിൽ തിരസ്കരിക്കപ്പെട്ടു എന്ന് തോന്നുന്ന ദുആ വാസ്തവത്തിൽ സ്വീകരി ക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത് . കുട്ടി കരഞ്ഞു മടുത്ത് ശാന്തനാവു മ്പോൾ മാതാവ് അവനെ തൃപ്തനാക്കാൻ കെട്ടിപുണരുകയും സ്നേ ഹിക്കുകയും ഉമ്മ വെക്കുകയും ചെയ്യുന്നു. താൻ ചെയ്യേണ്ടതായി വന്ന കർക്കശഭാവത്തിന് പകരമായി മാതാവ് കാണിക്കുന്ന അതെ സ്വഭാവമാണ് ഇവിടെ അല്ലാഹുവും പ്രകടമാക്കുക.

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ,*
***കോഴിക്കോട്***

# കഅബ:
## ലോകത്തിലെ പ്രഥമ ദേവാലയം



ഹദ്റത്ത് നബി തിരുമേനി (സ) യ്ക്ക് ഏകദേശം 2800 വർഷങ്ങൾക്കു മുമ്പാണ് ഹദ്റത്ത് ഇബ്റാഹിം നബി (അ)ന്റെ കാലഘട്ടം. അദ്ദേഹം നൂഹ് (അ) ന്റെ സന്തതി പരമ്പരയിൽപെട്ടതാണ്. സ്വദേശം ഇറാഖാണെങ്കിലും പിന്നീട് മിസ്റിലൂടെ അവസാനം തെക്കൻ പാലസ്തീനിൽ എത്തിച്ചേരുകയും അവിടെ വാസമുറപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന് മൂന്ന് ഭാര്യമാരുായിരുന്നു. ആദ്യ ഭാര്യയുടെ പേര് സാറ എന്നായിരുന്നു. സാറയിലൂടെ ഹദ്റത്ത് ഇസ്ഹാഖ് (അ) ജനിച്ചു. രണ്ടാമത്തെ ഭാര്യയുടെ പേര് ഹാജറ എന്നായിരുന്നു. അവരിലൂടെ ഹദ്റത്ത് ഇസ്മാഈൽ (അ) ജനിച്ചു. മൂന്നാമത്തെ ഭാര്യയുടെ പേര് ഖത്വൂറാ എന്നായിരുന്നു. ഹദ്റത്ത് ഇസ്ഹാഖും ഹദ്റത്ത് ഇസ്മാഈലും അല്ലാഹുവിന്റെ സവിശേഷ സുവാർത്തയനുസരിച്ചാണ് ജനിച്ചത്. അവരുടെ പേരും അല്ലാഹു തന്നെയാണ് നിർദേശിച്ചതും. രണ്ടു പേരുടേയും വംശം ദൈവീക വാഗ്ദാനമനുസരിച്ച് ലോകം മുഴുവനും വ്യാപിക്കുകയും ദൈവിക അനുഗ്രഹങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. ഹദ്റത്ത് ഇസ്ഹാഖ് (അ) ന്റെ സന്തതി പരമ്പരയിൽ നിന്നാണ് ഹദ്റത്ത് മൂസാ (അ), ഹദ്റത്ത് ദാവൂദ് (അ), ഹദ്റത്ത് സുലൈമാൻ (അ), ഹദ്റത്ത് ഈസാ (അ) തുടങ്ങിയ പ്രവാചകന്മാർ ജനിച്ചത്. ഹദ്റത്ത് ഇസ്മാഈൽ (അ)ന്റെ സന്തതി പരമ്പരയിൽ നിന്നാണ് മുഴുലോകത്തിനും കാരുണ്യവാനായ ഹദ്റത്ത് മുഹമ്മദ് നബി (സ) ജനിച്ചത്.

### മക്കയിലേക്ക്

ഹദ്റത്ത് ഇസ്മാഈൽ (അ) ചെറിയ കുട്ടിയായിരുന്നപ്പോൾ ഹദ്റത്ത് സാറ എന്തോ കാര്യത്തിൽ ദേഷ്യപ്പെടുകയും ഹാജറയേയും ഇസ്മാഈൽ (അ) നേയും വീട്ടിൽ നിന്നും പുറത്താക്കാൻ ഹദ്റത്ത് ഇബ്റാഹിം (അ) നോട് ആവശ്യപ്പെട്ടു. അദ്ദേഹത്തിന് അത് അസഹ്യമായിരുന്നെങ്കിലും അല്ലാഹു സാന്ത്വനപ്പെടുത്തിയതിന്റെ ഫലമായി അല്ലാഹുവിന്റെ തന്നെ നിർദ്ദേശമനുസരിച്ച് നൂറുകണക്കിന് മൈൽ യാത്ര ചെയ്ത് ഹദ്റത്ത് ഇസ്മാഈ ൽ (അ) നേയും മാതാവിനേയും അറേബ്യയി ലെ ഹിജാസിന്റെ ഉൾപ്രദേശമായ മക്ക താഴ്വരയിൽ കൊണ്ടുവന്നാക്കി. അന്നാളുകളിൽ ആ പ്രദേശം തികച്ചും വിജനമായിരുന്നു. സഫാ മർവാ എന്നീ കുന്നുകൾക്കിടയിലുള്ള സ്ഥലത്ത് അവർ രണ്ടു പേരെയും അല്പം ഭക്ഷണത്തോടൊപ്പം വിട്ടേച്ച് മടങ്ങിപ്പോരാൻ തുടങ്ങിയപ്പോൾ ഹാജറ അദ്ദേഹത്തിന്റെ പുറകിലൂടെ ഓടി ഞങ്ങളെ ഇവിടെ എന്തിനുപേ ക്ഷിച്ചു പോകുന്നു എന്ന് ചോദിച്ചു. നിശബ്ദനായി മുന്നോട്ട് നീങ്ങിയ ഇബ്റാഹിം (അ)നോട് ഹാജറ വീണ്ടും വീണ്ടും ചോദ്യമാവർത്തിച്ചു. അവസാനം അല്ലാഹുവിന്റെ ഇംഗിതമനുസരിച്ചാണോ താങ്കൾ പ്രവർത്തിക്കുന്നത് എന്നു ചോദിച്ചപ്പോൾ അദ്ദേഹം അതെ എന്ന് മറുപടി പറഞ്ഞു. അപ്പോൾ ഹാജറ പറഞ്ഞു, ഇനി താങ്കൾ ധൈര്യമായിട്ട് പോയിക്കൊള്ളുക. അല്ലാഹു ഞങ്ങളെ ഒരിക്കലും പാഴാക്കുകയില്ല. അങ്ങിനെ ഹാജറ തിരിച്ച് നടന്നു. അവിടെ നിന്ന് അല്പം മുന്നോട്ട് നടന്ന ശേഷം ഹദ്റത്ത് ഇബ്റാഹിം (അ) അവർക്ക് വേണ്ടി ദുആ ചെയ്തു. സൂറത്ത് ഇബ്റാഹിമിലെ 38-ാം വചനത്തിൽ അല്ലാഹു അതിനെ പരാമർശിക്കുന്നുണ്ട്.

### സംസം അരുവി

ചരിത്രകാരന്മാർ പറയുന്നു, ഹദ്ത്ത് ഹാജറയുടെ കയ്യിലുണ്ടായിരുന്ന ഭക്ഷണം കഴിഞ്ഞപ്പോൾ മകനെകുറിച്ച് ചിന്തിച്ച് പരിഭ്രമിക്കാൻ തുടങ്ങി. ആ പരിഭ്രമാവസ്ഥയിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടാൻ തുടങ്ങി. എന്നാൽ അല്പം പോലും വെള്ളം എവിടുന്നും ലഭിച്ചില്ല. മാത്രമല്ല കുട്ടിയുടെ അവസ്ഥ ദാഹത്താൽ വളരെ പരിതാപകരമാകുകയും ചെയ്തു. ദുഖഭാരത്താൽ വീണ്ടും വെള്ളം അന്വേഷിച്ചുകൊണ്ട് ആദ്യം സഫാകുന്നുകൾക്കു മുകളിലും പിന്നീട് മർവാ കുന്നുകൾക്കു മുകളിലും കയറി പരിസരം വീക്ഷിക്കാൻ തുടങ്ങി. അസ്വസ്ഥയായ അവസ്തയിൽ ഏഴു പ്രാവശ്യം അവർ പ്രസ്തുത രണ്ട് കുന്നുകൾക്കുമിടയിൽ ഓടി നടന്നു. അതോടൊപ്പം കരയുന്നുമുണ്ടായിരുന്നു. അവസാനം ഏഴാമത്തെ പ്രാവശ്യത്തിനു ശേഷം അവർ ഒരു ശബ്ദം കേട്ടു. അല്ലയോ ഹാജറ, അല്ലാഹു നിന്റേയും നിന്റെ മകന്റേയും ശബ്ദം കേട്ടു. അത് കേട്ടപ്പോൾ ഹാജറ മടങ്ങി വന്നു. ദാഹത്താൽ പിടഞ്ഞുകൊണ്ടിരുന്ന മകന്റെ അടുത്തെത്തിയപ്പോൾ അവിടെ ഒരു മലക്ക് നിൽക്കുന്നത് കണ്ടു. ആ മലക്ക് കാലുകൊണ്ട് ഭൂമിയിൽ കുഴിക്കുകയായിരുന്നു. ഹാജറ അടുത്തു വന്നപ്പോൾ കാലുകൊണ്ട് കുഴിച്ചിരുന്ന ആ സ്ഥലത്ത് ഒരു അരുവി പൊട്ടിയൊഴുകുന്നതായി കണ്ടു. സന്തോഷത്താൽ അവർ ആദ്യം തന്നെ മകനെ വെള്ളം കുടിപ്പിച്ചു. പിന്നീട് വെള്ളം പാഴാകരുത് എന്ന് കരുതി അതിനു ചുറ്റും കല്ലുകൾ വെച്ച് അതിനെ ഒരു നീർതൊട്ടിയുടെ രൂപത്തിലാക്കി. ഹാജറയുടെ സഫാമർവ കുന്നുകൾക്കിയയിലൂടെയുള്ള ആ ഓട്ടത്തെ സ്മരിച്ചുകൊണ്ടാണ് ഹജ്ജ് വേളയിൽ സഫയ്ക്കും മർവയ്ക്കും ഇടയിലുള്ള ഓട്ടം.

### മക്ക വാസയോഗ്യമാകുന്നു.

ഇസ്ലാമിക ചരിത്രത്തിൽ സംസം എന്നറിയപ്പെടുന്ന ആ അരുവി മക്ക താഴ്വരയുടെ ജനവാസത്തിന് കാരണമായിത്തീർന്നു. ഏറ്റവും ആദ്യം അവിടെ വാസമുറപ്പിച്ചത് ജർഹം ഗോത്രമാണ്. മക്കയിൽ നിന്ന് കുറച്ചകലെ കഴിഞ്ഞിരുന്ന അവർ സംസമിനെ കുറിച്ച് അറിഞ്ഞപ്പോൾ അവിടെ വാസമുറപ്പിക്കുന്നതിനായി ഹാജറയോട് അനുമതി ചോദിച്ചു. ഹാജറ സസന്തോഷം അവർക്ക് അനുമതി നൽകി.





### ഒരു സ്വപ്നവും അതിന്റെ പുലർച്ചയും


പത്നിയേയും മകനേയും മക്കയിൽ ആക്കി മടങ്ങിയ ഹദ്റത്ത് ഇബ്റാഹിം (അ) ഇടയ്ക്കിടയ്ക്ക് അവരെ സന്ദർശിക്കാൻ പോകുമായിരുന്നു. ഹദ്റത്ത് ഇസ്മാഈൽ (അ) അല്പം വളർന്നപ്പോൾ ഒരു രിവായത്തനുസരിച്ച് 13 വയസ്സായപ്പോൾ ഹദ്റത്ത് ഇബ്റാഹിം (അ) ഒരു സ്വപ്നത്തിൽ ഇസ്മാഈലിനെ അറുക്കുന്നതായി കണ്ടു. അക്കാലത്ത് അവിടെ മനുഷ്യ ബലി നിലനിന്നിരുന്നു. അതിനെതിരിൽ അദ്ദേഹത്തിന് വ്യക്തമായ നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ടായിരുന്നു. അക്കാരണത്താൽ അദ്ദേഹം തന്റെ സ്വപ്നത്തെ പ്രകടമായ നിലയിൽ പൂർത്തിയാക്കാൻ ആഗ്രഹിച്ചു. ഹദ്റത്ത് ഇസ്മാഈൽ (അ) നോടു അതിനെ കുറിച്ച് പരാമർശിച്ചപ്പോൾ അല്ലാഹുവിന്റെ കല്പനയെ താങ്കൾ പൂർത്തിയാക്കിക്കൊള്ളുക എന്ന് മറുപടി പറഞ്ഞു. അങ്ങിനെ ഇബ്റാഹിം (അ) ഇസ്മാഈൽ(അ)നെ പുറത്തേക്ക് കൊണ്ടുവരികയും മകനെ അറുക്കുന്നതിനായി താഴെ കിടത്തുകയും ചെയ്തു. നിശബ്ദനായി സസന്തോഷം ഇസ്മാഈൽ (അ) അവിടെ കിടന്നു പിതാവിന് കഴുത്തു നീട്ടി കൊടുത്തു. അറുക്കാനായി കത്തിയെടുത്ത ഇബ്റാഹിം (അ) നോട് അല്ലാഹുവിന്റെ മലക്ക് ഇപ്രകാരം പറഞ്ഞു, അല്ലയോ ഇബ്റാഹിം (അ) നീ നിന്റെ സ്വപ്നത്തെ പൂർത്തിയാക്കി കഴിഞ്ഞു. ഇസ്മാഈലിനെ വിട്ടേക്കുക. അതിനു പകരം ഒരു കാട്ടാടിനെ ബലി നൽകുക. അങ്ങിനെ ഇബ്റാഹിം (അ) അപ്രകാരം ചെയ്തു. അതിനെ സ്മരിച്ചുകൊണ്ടാണ് മുസ്ലിംകളിൽ ഹജ്ജ് വേളയിൽ ബലി നൽകുന്ന ആചാരം നിലവിൽ വന്നത്.

### സ്വപ്നത്തിന്റെ യാഥാർത്ഥ്യം

അറുക്കുക എന്നതുകൊണ്ടുള്ള യഥാർത്ഥ ഉദ്ദേശ്യം അല്ലാഹുവിന്റെ മാർഗത്തിൽ വഖ്ഫ് ചെയ്യുക എന്നതായിരുന്നു. ഹദ്റത്ത് ഇസ്മാഈൽ (അ) നെ മക്കയിൽ ആക്കിയതിന്റെ ഉദ്ദേശ്യം തന്നെ കഅബാമന്ദിരത്തിന്റെ നിർമാണ ത്തിനും അതിന്റെ സേവനത്തിനും തൗഹീദിന്റെ സ്ഥാപനത്തിനുമായി ഇസ്മാഈൽ (അ) ന്റെ ജീവിതത്തെ വഖ്ഫ് ചെയ്യുക എന്നതായിരുന്നു. പിന്നീട് കാലഘട്ടം കടന്നു പോയപ്പോൾ വിഗ്രഹാരാധന തൗഹീദിനുമേൽ അധീശത്വം കരസ്ഥമാക്കിയപ്പോൾ അതേ പരിശുദ്ധ സ്വപ്നത്തിന്റെ വ്യാഖ്യാനമെന്ന നിലയിൽ അല്ലാഹു ഇസ്മാഈൽ (അ) ന്റെ വംശത്തിൽ നിന്നു തന്നെ മുഹമ്മദ് റസൂലല്ലാഹ് (സ)യെ ജനിപ്പിക്കുകയും ആ മഹാത്മാവ് തന്റെ അനുയായികളോടൊപ്പം തൗഹീദിന്റെ പ്രചരണത്തിനായി തങ്ങളുടെ ജീവിതങ്ങളെ യഥാർത്ഥത്തിൽ ത്യജിക്കുകയുണ്ടായി. ഈ അതിമഹത്തായ ബലി അതായത് ത്യാഗത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു, നാം ഇസ്മാഈലിന്റെ പ്രത്യക്ഷബലിക്ക് പകരമായി ഒരു അതിമഹത്തായ ബലിയെ നിർണ്ണയിച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ ബലിയാടാകുന്നതിനുവേണ്ടി എപ്പോഴും സന്നദ്ധരായിരിക്കേതുണ്ട് എന്നത് ഓർമപ്പെടുത്തുന്നതിനു വേണ്ടിയാണ് ഹജ്ജ് വേളയിൽ മുസ്ലീംകൾ മൃഗബലി നടത്തുന്നത് ഒരു ആചാരമാക്കിയിരിക്കുന്നത്.

### കഅബ നിർമാണം

നാലാം തവണ അവിടെ എത്തിയ ഇബ്റാഹിം (അ) ഇസ്മാഈൽ (അ) നോടൊത്ത് മക്കയിൽ ഒരു ആരാധനാലയം പടുത്തുയർത്തി. യഥാർത്ഥത്തിൽ ജീർണ്ണതയിലെത്തിയ ഒരു പുരാതന ആരാധനാലയമായിരുന്നു. അല്ലാഹുവിൽ നിന്നും ലഭിച്ച അറിവനുസരിച്ച് അതിന്റെ അവശിഷ്ടങ്ങളിൽ നിന്ന് പുതിയൊരു ആരാധനാലയം പടുത്തുയർത്തി. ഹദ്റത്ത് ഇസ്മാഈൽ (അ) കല്ലുകൾ കൊണ്ടു വന്ന് പിതാവിനെ സഹായിച്ചിരുന്നു. അതിന്റെ മതിൽ കുറച്ച് ഉയർന്നപ്പോൾ ഹദ്റത്ത് ഇബ്റാഹിം (അ) ഒരു പ്രത്യേക കല്ല് കൊണ്ടു വന്ന് കഅബയുടെ ഒരു കോണിൽ സ്ഥാപിച്ചു. കഅബയുടെ ത്വവാഫ് എവിടെ നിന്നാണ് ആരംഭിക്കേണ്ടത് എന്ന് തിരിച്ചറിയുന്നതിനുള്ള ഒരു അടയാളമായിട്ടായിരുന്നു പ്രസ്തുത കല്ല് സ്ഥാപിച്ചത്. ഇതാണ് ഹജറെ അസ്‌വദ് എന്നറിയപ്പെടുന്നത്. ഹജ്ജ് വേളയിൽ ത്വവാഫ് ചെയ്യുന്ന അവസരത്തിൽ ചുണ്ടുകൊണ്ടോ അല്ലെങ്കിൽ കയ്യാൽ ആംഗ്യത്താലോ ആ കല്ലിനെ ചുംബിക്കുന്നു. യഥാർത്ഥത്തിൽ ഹജറെ അസ്‌വദ് ഒരു പരിശുദ്ധ വസ്തു എന്ന നിലയ്ക്കല്ല മറിച്ച് ഒരു അടയാളമെന്ന നിലക്കാണ് ആങ്ങനെ ചെയ്യു ന്നത്. അങ്ങിനെ രണ്ടുപേരും ചേർന്ന് കല്ലുകൊ ു ള്ള മേൽക്കൂരയില്ലാത്ത സമചതുരാകൃതിയിലുള്ള ഒരു മന്ദിരം പണിതീർത്തു. ഈ മന്ദിരമാണ് ഇന്ന് പ്രപഞ്ച കേന്ദ്രമായി ത്തീർന്നത്.



### ദുആ

നിർമ്മാണ സമയത്ത് തന്നെ ഹദ്റത്ത് ഇബ്റാഹിം (അ) ആ മന്ദിരത്തിന്റെ സ്വീകാര്യതയ്ക്കും ജനനിബിഢതയ്ക്കും വാഗ്ദത്ത പ്രവാചക ശ്രേഷ്ഠന്റെ നിയോഗസ്ഥലമായിരിക്കുന്നതിനുമായി ദുആ ചെയ്യുകയും ചെയ്തിരുന്നു. (1.128 – 130). മുഹമ്മദ് റസൂലുല്ലാഹ് (സ)യുടെ ആഗമനം ഈ വേദനാനിർഭരമായ ദുആയുടെ അനന്തര ഫലമായിട്ടായിരുന്നു. അതുകൊണ്ടുതന്നെയാണ് നബി (സ) തിരുമേനി പറഞ്ഞത്, അനാ ദഅ്‌വത്തു ഇബ്റാഹീമ. ഞാൻ ഇബ്റാഹീമിന്റെ ദുആയുടെ ഫലമാണ്.

### ഹജ്ജ് വിളംബരം

കഅബാ മന്ദിരത്തിന്റെ പണി പൂർത്തിയായപ്പോൾ അല്ലാഹു ഹദ്റത്ത് ഇബ്റാഹിം (അ) നെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു, എന്റെ ഭവനത്തെ പ്രദക്ഷിണം ചെയ്യുന്നവർക്കും, നിന്നും കുനിഞ്ഞും കുമ്പിട്ടും കൊണ്ട് ആരാധന നടത്തുന്നവർക്കും വേണ്ടി ശുദ്ധമാക്കി വെക്കുക. ഹജ്ജിനെ കുറിച്ച് ജനങ്ങളിൽ വിളംബരപ്പെടുത്തുകയും ചെയ്യുക. കാൽനടയായും, (യാത്രാക്ലേശം നിമിത്തം) മെലിഞ്ഞ് വയറൊട്ടിയതും, വിദൂരങ്ങളായ ഓരോ മാർഗങ്ങളിൽ കൂടി വരുന്നതുമായ ഓരോരോ ഒട്ടകങ്ങളിൽ മേലും അവർ നിന്റെ അടുക്കൽ വരും. (22.27 – 28)

### കഅബയുടെ സംരക്ഷണം

കഅബയുടെ പരിസരത്ത് കുടിയേറിയ ജർഹം ഗോത്രത്തിൽ നിന്ന് ഇസ്മാഈൽ (അ) വിവാഹം കഴിക്കുകയും അതിൽ 12 സന്താനങ്ങൾ ജനിക്കുകയും ചെയ്തു. മൂത്തപുത്രന്റെ പേര് നാബത്ത് എന്നും ഇളയ പുത്രന്റെ പേര് ഖൈദാർ എന്നുമായിരുന്നു. ഖുറൈശ് ഖൈദാറിന്റെ വംശത്തിൽ പെട്ടതാണ്.

ഇസ്മാ ഈൽ (അ) ന്റെ വഫാത്തിന് ശേഷം നാബത്തായിരുന്നു കഅബയുടെ സംരക്ഷകനായത്. അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ മാതാമഹന്റെ കയ്യാലായി കഅബയുടെ സംരക്ഷണം. അങ്ങിനെ ഒരു നീണ്ട കാലം ജർഹം ഗോത്രത്തിന്റെ കയ്യിൽ സംരക്ഷണം എത്തിച്ചേർന്നു. പിന്നീട് ഖസാഅ ഗോത്രം ജർഹമി നെ പരാജയപ്പെടുത്തി കഅബയുടെ സംരക്ഷണം പിടിച്ചെടുത്തു. ജർഹം ഗോത്രത്തിനെ മക്കയിൽ നിന്നും നാടുകടത്തി. എന്നാൽ അവിടെ നിന്ന് പോകുന്നതിനു മുമ്പായി അവരുടെ നേതാവ് അംറിബ്നു അൽ ഹർസ് സമുദായത്തിന്റെ സ്വത്ത് സംസം കിണറിൽ നിക്ഷേപിച്ച് അതിനെ മൂടിക്കളഞ്ഞു. പിന്നീട് നൂറുകണക്കിന് വർഷങ്ങൾക്കു ശേഷം നബി (സ)യുടെ പിതാമഹൻ അബ്ദുൽ മുത്വലിബാണ് അതിനെ വീണ്ടും കണ്ടെത്തിയത്. ഖസാഅ ഗോത്രമാണ് കഅബയിൽ വിഗ്രഹാരാധനയ്ക്ക് തുടക്കമിട്ടത്. ഹജ്ജിനായി അവിടെ എത്തിയിരുന്ന അറേബ്യക്കാരും പതുക്കെ പതുക്കെ വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞു. ഒരു നീണ്ട കാലത്തിന് ശേഷം കഅബയുടെ സംരക്ഷണം വീണ്ടും ഇസ്മാഈൽ സന്തതികളിലേക്ക് മടങ്ങി വന്നു.

### ഖുറൈശികൾ കഅബയുടെ സംരക്ഷകരാകുന്നു.

ക്രിസ്തു വർഷം അഞ്ചാം നൂറ്റാണ്ടിൽ ഖുറൈശിവംശത്തിൽപെട്ട ഖുസയ്യ് എന്ന വ്യക്തിയുടെ മനസ്സിൽ കഅബയുടെ സംരക്ഷണം യഥാർത്ഥ അവകാശികളായ തങ്ങൾക്ക് തന്നെ ലഭിക്കണം എന്ന ഉൾക്കടമായ ആഗ്രഹം ഉടലെടുത്തു. അങ്ങിനെ അദ്ദേഹം മക്കയിലെത്തുകയും മറ്റുള്ളവരുടെ ഇടയിൽ ശ്രദ്ധാകേന്ദ്രമാകുകയും ആ ഗോത്രത്തലവന്റെ മകളെ വിവാഹം കഴിക്കുകയും ചെയ്തു. തന്റെ മരണസമയത്ത് കഅബയുടെ സംരക്ഷണം മകളെയാണ് അദ്ദേഹം ഏൽപ്പിച്ചത്. പക്ഷേ ഭാഗികമായ സംരക്ഷണത്തിൽ ഖുസയ്യ് സംതൃപ്തനായിരുന്നില്ല. അതിനാൽ പൂർണ്ണമായ സംരക്ഷണം കയ്യടക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ തുടങ്ങി. എന്നാൽ ഖസാഅ ഗോത്രക്കാർ അത് തിരിച്ചറിഞ്ഞപ്പോൾ അവർ യുദ്ധത്തിന് വരെ തയ്യാറായി. എന്നാൽ ഖുസയ്യ് തന്റെ ഗോത്രക്കാരെ തയ്യാറാക്കുകയും അങ്ങിനെ ഒരു നീണ്ട കാലം രണ്ടു ഗോത്രങ്ങളും തമ്മിൽ യുദ്ധം ഉണ്ടാകുകയും ചെയ് തു. അവസാനം ഒരു മൂന്നാമനിലൂടെ തീർപ്പ് കൽപിക്കാൻ അവർ സമ്മതിക്കുകയും അങ്ങിനെ അംറിബിന് ഔഫ് എന്ന വ്യക്തി കഅബ യുടെ യഥാർത്ഥ അവകാശി ഖുസയ്യാണെന്ന് വിധിക്കുകയും ചെയ്തു. അങ്ങിനെ വീണ്ടും കഅബയുടെ സംരക്ഷണം ഇസ്മാഈൽ സന്തതികൾക്ക് തിരിച്ചു ലഭിച്ചു. കഅബയുടെ സംരക്ഷണം ഭൗതീക പദവികളുടേയും അധികാരത്തിന്റേയും മാധ്യമമായിരുന്നതിനാൽ അതുമുഖേന ഖുറൈശികൾക്ക് പ്രശസ്തിയും ആദരവും കൈവന്നു.


### പുനർ നിർമാണം

സംരക്ഷകരായിരുന്ന ഗോത്രക്കാർ സമയാസമയങ്ങളിൽ ആവശ്യമായ അറ്റകുറ്റ പണികൾ ചെയ്തിരുന്നു. നബി (സ) കാലഘട്ടത്തിൽ ഖുറൈശികൾ കഅബയുടെ പുനർനിർമാണം നടത്തി. മതിലുകളുടെ ഉയരം കൂട്ടി മേൽക്കുരയിട്ടു. അതിനുള്ളിൽ 6 സ്തംഭങ്ങൾ നിർമിച്ചു. മേൽക്കുരയിൽ ഒരു കിളിവാതിൽ നിർമിച്ചു.കഅബയുടെ കവാടം ഉയർത്തി. എന്നാൽ അവരുടെ കയ്യിൽ വസ്തുക്കൾ ചിലവും കുറവായതിനാൽ യഥാർത്ഥ ഇബ്റാഹീമി അടിത്തറയിൽ പണിതുയർത്താൻ സാധിച്ചില്ല. ഒരു ഭാഗത്തായി ഏകദേശം 7 മുഴം സ്ഥലം ഒഴിച്ചിട്ടു. ആ ഭാഗത്തേയാണ് ഹത്വീം എന്നു പറയപ്പെടുന്നത്. നബി (സ) അതിനെയും കഅബയുടെ ഭാഗമായാണ് പറഞ്ഞിട്ടുള്ളത്. പിന്നീട് അബ്ദുല്ലാഹ് ഇബ്നു സുബൈർ (റ) മക്കയുടെ ഭരണാധികാരിയായപ്പോൾ ചില മാറ്റങ്ങൾ വരുത്തുകയും ആറിനു പകരം സ്തംഭങ്ങളുടെ എണ്ണം മൂന്നാക്കുകയും ചെയ്തു.

*(അവലംബം: സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

# വാഖ്ഫീനെ നൗ വിന് വേണ്ടി മാതാപിതാക്കളും മറ്റ് ജമാഅത്തംഗങ്ങളും ത്യാഗസന്നദ്ധരാകുക



ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് IV

ഞങ്ങൾ ഞങ്ങളുടെ കുട്ടികൾക്ക് അതായത് വഖ്ഫെ നൗ കുട്ടികൾക്ക് ഏങ്ങിനെയുള്ള ശിക്ഷണമാണ് നൽകേണ്ടത് എന്നതിനെ സംബന്ധിച്ച് സുഹൃത്തുക്കൾ എന്നോട് ചോദിക്കാറുണ്ട്. അവരോട് ഞാൻ പറയുന്നു, ഈ ശിക്ഷണം പിതാവിന്റെ ശിക്ഷണത്തിൽ നിന്നായിരിക്കും ആരംഭിക്കുക. കാരണം ഈ സംഭവം (ഹദ്റത്ത് ഇബ്റാഹിം (അ) ന്റേയും ഹദ്റത്ത് ഇസ്മാഈൽ (അ)ന്റേയും. വിവ.)നമ്മോട് പറയുന്നത് ആദ്യം ഇബ്റാഹിം (അ) സ്വയം തന്നെയാണ് അല്ലാഹുവിന് സമർപ്പിച്ചത്. പരിപൂർണ്ണമായും അദ്ദേഹം അല്ലാഹുവിന്റേതായിക്കഴിഞ്ഞിരുന്നു. അല്ലാഹു അസ്‌ലിം അതായത് അല്ലയോ ഇബ്റാഹിം നീ എന്റേതായിത്തീരുക. എല്ലാം എനിക്ക് നൽകുക എന്നു പറഞ്ഞപ്പോൾ, ഖാല അസ്‌ലംതു ലിറബ്ബിൽ ആലമീൻ അല്ലാഹുവേ! ഞാൻ മുമ്പേ തന്നെ നിന്റേതായിക്കഴിഞ്ഞിരിക്കുന്നു. സർവ്വലോക രക്ഷിതാവിന്റേതായിക്കഴിഞ്ഞിരിക്കുന്നു. ഇനി എന്റേതായി ഒന്നും തന്നെ ശേഷിക്കുന്നില്ല എന്ന് മറുപടി നൽകി. (അൽ ബഖറ: 132) അതിന് ശേഷമാണ് ഇസ്മാഈലിന്റെ സംഭവം വരുന്നത്. അതിനാൽ സ്വന്തം തർബിയ്യത്ത് ചെയ്യുക എന്നതാണ് ഇന്നു ഞാൻ നിങ്ങൾക്കു നൽകുന്ന സന്ദേശം. അഥവാ നിങ്ങളിൽ ഇബ്റാഹീമിന്റെ ഗുണങ്ങളില്ലായെങ്കിൽ നിങ്ങളുടെ സന്താനങ്ങൾ ഇസ്മാഈലി ഗുണങ്ങളുള്ളവർ ആയിത്തീരില്ല. എന്തിനെ കുറിച്ചാണോ ആരംഭമായി പരാമർശിച്ചിരിക്കുന്നത് അതിൽ നിന്നു തന്നെ ആരംഭിക്കേണ്ടതാണ്. ആദ്യം പിതാവ് ജീവിതം വഖ്ഫ് ചെയ്യണം. ആദ്യം പിതാവിൽ അല്ലാഹു വാഖ്ഫീനിൽ നിന്നും ആവശ്യപ്പെടുന്ന ആത്മാവ് ഉടലെടുക്കണം. പിന്നീട് അവരുടെ സന്താനങ്ങളെ സംബന്ധിച്ച് അല്ലാഹു ജാമ്യക്കാരനാകുന്നതാണ്.

നോക്കുക എത്ര മനോഹരമായ വചനമാണ്, ഫലമ്മാ അസ്‌ലംനാ പിതാവും പുത്രനും രണ്ടുപേരും അല്ലാഹുവിൻ അർപ്പിതമായപ്പോഴാണ് ഈ ബലി പൂർണ്ണമായത്. അതിനാൽ വഖ്ഫെ നൗ യെ സംബന്ധിച്ച് അവർ മാത്രമാണ് വീട്ടിലെ ഏക വഖ്ഫെന്നും, മാതാപിതാക്കളുടെ ഉത്തരവാദിത്വം കഴിഞ്ഞെന്നും, അവരെ കൂടാതെ തന്നെ ഇവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റപ്പെടുന്നതാണെന്നും ധരിക്കുന്നുവെങ്കിൽ അത് ശരിയല്ല. തങ്ങളുടെ മുഴുവൻ ചുറ്റുപാടിനേയും വഖ്ഫിനനുഗുണമാക്കി മാറ്റേണ്ടതാണ്. ഇബ്റാഹിം (അ) തന്റെ മകനെ അല്ലാഹുവിനു വേണ്ടി ബലിയായി സമർപ്പിച്ചതുപോലെ തങ്ങളുടെ വികാരങ്ങളെ അല്ലാഹുവിന്റെ സമക്ഷത്തിൽ സമർപ്പിക്കേണ്ടതുണ്ട്. അദ്ദേഹം കത്തിയെടുത്ത് അറുക്കാൻ തുടങ്ങിയപ്പോൾ തന്നെ അല്ലാഹു ആ ബലിയെ സ്വീകരിച്ചുകൊണ്ട് പറഞ്ഞു, പ്രത്യക്ഷത്തിലുള്ള ഈ ബലിയുടെ ആവശ്യമില്ല. മറിച്ച്, നിരന്തരമായ ത്യാഗങ്ങളാണ് ആവശ്യം. നിന്റെ മകൻ ജീവിച്ചിരിക്കുകയും എന്നാൽ ഓരോ നിമിഷവും അല്ലാഹുവിന്റെ പേരിൽ മരിച്ചു കൊണ്ടിരിക്കുകയും, ഓരോ നിമിഷവും എല്ലാ തരത്തിലുള്ള വികാരങ്ങളേയും ബലിയർപ്പിച്ച് കൊണ്ടിരിക്കുകയും, സർവ്വവും തന്നെ അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിച്ചു കൊണ്ടിരിക്കുകയും, അല്ലാഹു ആ സന്തതിയെ മടക്കി വിളിക്കുന്നതുവരെ അതിൽ നിന്നൊഴിയാതിരിക്കുകയും ചെയ്യുക. അത്തരത്തിലുള്ള ത്യാഗങ്ങളാണ് ആവശ്യം. ഇതാണ് മഹത്തായ ബലിയർപ്പണം. ഇതിൽ ഏറ്റവും ആദ്യം ഇസ്മാഈൽ സ്വയം ഉൾപ്പെട്ടിരുന്നു, ഇബ്റാഹിമും സ്വയം ഉൾപ്പെട്ടിരുന്നു. അതിനു ശേഷം ഈ മഹത്തായ ബലിയർപ്പണം ഇസ്‌ലാമിക ചരിത്രത്തിന്റെ രൂപത്തിൽ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെ കാലഘട്ടം മുതൽ ആരംഭിക്കുന്നു. അതിനാൽ നിങ്ങൾ മഹത്തായ ബലി ലോകത്തിനു മുന്നിൽ സമർപ്പിക്കേണ്ടതാണ്. അതിനെ സംബന്ധിച്ച് എല്ലാ മാർഗങ്ങളും എല്ലാ കാര്യങ്ങളും വിശുദ്ധ ഖുർആനിൽ പരാമർശിച്ചിട്ടുണ്ട്.

അതിനാൽ വിശേഷിച്ച് തങ്ങളുടെ കുട്ടികളെ വഖ്ഫെ നൗവിൽ സമർപ്പിച്ചിട്ടുള്ള മാതാപിതാക്കളോട് ഇപ്പോൾ സ്വയം തങ്ങളെ മുസ്‌ലിമാക്കാൻ ശ്രമിക്കുക എന്ന് ഞാൻ താക്കീതു ചെയ്യുകയാണ്. ഏതർത്ഥത്തിലാണോ ഇബ്റാഹിം (അ)നെ മുസ്‌ലിം എന്ന് പറഞ്ഞിട്ടുള്ളത്, ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ് (സ) യെ മുസ്‌ലിം എന്നു പറഞ്ഞിട്ടുള്ളത് അതേ അർത്ഥത്തിലുള്ള മുസ്‌ലിമാകുക. വഖ്ഫിന്റെ തീരുമാനം മാത്രം മതിയാവതല്ല. ആ തീരുമാനത്തോടൊപ്പം വളരെ നീണ്ട ത്യാഗങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. മുഴുവൻ ജീവിതവും പരീക്ഷണങ്ങളാണ്. ബലാഉൻ അസീം- വളരെ വലിയ പരീക്ഷണങ്ങൾ- ആകുന്നു. തങ്ങളുടെ കുട്ടികളെ എത്തരത്തിലുള്ള വ്യവസ്ഥിതിയോടാണ് ഏൽപ്പിച്ചിരിക്കുന്നതെന്നാൽ ചിലപ്പോൾ ആ കുട്ടിയോട് പറയുന്നു ആഫ്രിക്കയിലേക്ക് പോകുക. എന്നാൽ അവന്റെ ഉന്നത വിദ്യാഭ്യാസം ആവശ്യപ്പെടുന്നത് അവൻ അമേരിക്കയിലോ ലോകത്തിലെ വലിയ വലിയ രാഷ്ട്രങ്ങളിലോ ചെന്ന് ജോലിചെയ്ത് തന്റെ കഴിവുകളെ പ്രകടിപ്പിക്കുക എന്നതായിരിക്കും. ചിലപ്പോൾ പറയുന്നു ഏഷ്യയിലെ ഏതെങ്കിലും ദരിദ്ര രാജ്യത്ത് പോകുക, ഇന്ത്യയിൽ പോകുക, ത്വവാലുവിൽ പോകുക, ഫിജിയിൽ പോകുക, മൊറീഷ്യസിൽ പോകുക, ആധുനിക കാലഘട്ടത്തിലെ പുരോഗമന രാഷ്ട്രങ്ങളേക്കാൾ വളരെ പിന്നിലായിരിക്കുന്ന പുരാതന രാജ്യങ്ങളിലേക്ക് പോകുക. അങ്ങിനെയുള്ള രാഷ്ട്രങ്ങളിലേക്ക് പുരോഗമന രാഷ്ട്രങ്ങളിലെ വിദ്യാസമ്പന്നരായ കുട്ടികളെ അയക്കുമ്പോൾ ഇത് നിസാര കാര്യമല്ല. മാതാപിതാക്കൾക്കും പരീക്ഷണമാകുന്നു, ആ കുട്ടികൾക്കും പരീക്ഷണമാകുന്നു. അതിനാൽ ഏത് വരെ ഇബ്റാഹീമിന്റെ ആത്മാവ് സംജാതമാക്കിക്കൊണ്ട് മുഴുവൻ ജീവിതവും അല്ലാഹുവിന്റെ സമക്ഷത്തിൽ സമർപ്പിക്കുന്നില്ലയോ ഈ പരീക്ഷണങ്ങളെ അതിജീവിക്കാൻ കഴിയില്ല.

അതോടൊപ്പം തന്നെ നിരന്തരമായി ദുആയും ചെയ്തു കൊണ്ടിരിക്കേണ്ടതാണ്. ജോലി വളരെ വലുതാണ്. അത് വളരെ വേഗതയിൽ വ്യാപിച്ചു കൊണ്ടിരിക്കുകയുമാണ്. അതിന്റെ ഉത്തരവാദിത്വം നമ്മുടെ ദുർബലങ്ങളായ ചുമലിലാണ് അർപ്പിതമായിട്ടുള്ളത്. മുഴുവൻ ജമാഅത്തും ഈ സേവനങ്ങളിൽ പങ്കാളികളാകേണ്ടതാണ്. വാഖ്ഫീനെ നൗകളും അവരുടെ മാതാപിതാക്കളുമുണ്ട്. കൂടാതെ ബാക്കി മുഴുവൻ ജമാഅത്തും ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ് (സ) യെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഹദ്റത്ത് നബി തിരുമേനി (സ) മുഖേന ഇബ്റാഹിം (അ) നെ പ്രതിനിധാനം ചെയ്യുന്നു. അതിനാൽ ഞാൻ വിശേഷിച്ച് വാഖ്ഫീ നെ നൗ വിനേയോ അല്ലെങ്കിൽ അവരുടെ മാതാപിതാക്കളെയോ പരാമർശിക്കുമ്പോൾ അതിനർത്ഥം മറ്റ് ജമാഅത്തംഗങ്ങൾ അതിൻ നിന്ന് ഒഴിവാണ് എന്നല്ല. മറ്റ് ജമാഅത്തംഗങ്ങളും അവർക്ക് താങ്ങായി പ്രവർത്തിക്കേണ്ടതാണ്. അവരെ പിന്തുണച്ചു കൊണ്ട് എല്ലാ സഹായസഹകരണങ്ങളും ചെയ്യേണ്ടതാണ്.

*(വലിയപെരുന്നാൾ ഖുത്വുബ: 22.06.91)*





ഹദ്റത്ത് മിർസ ഹാഫിസ് നാസിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് III

# നേതൃത്വത്തിന് വേണ്ട വിലപ്പെട്ട തത്വപദേശങ്ങൾ

**ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)**
അവലംബം: അൽഫസൽ 24.9.1943, പേജ് 7 ഖാദിയാൻ

**1.** ഖാഇദ്/ ലീഡർക്ക് തന്റെ ഉദ്ദേശ്യ സാഫല്യത്തിനായി ആവേശവും ദൃഢനിശ്ചയവും ഉണ്ടായിരിക്കണം. മാത്രമല്ല തന്റെ ലക്ഷ്യത്തോട് ഒരു പ്രത്യേക ആത്മബന്ധം വേണം. ഈ ആവേശവും ലക്ഷ്യപ്രാപ്തിയോടുള്ള സ്നേഹവും തന്റെ സഹപ്രവർത്തകരുടെ ഹൃദയത്തിലും സൃഷ്ടിക്കാൻ സർവ്വാത്മനാ ശ്രമിക്കണം.

**2.** ഒരു ബുദ്ധിമാനായ നേതാവ് തന്റെ ലക്ഷ്യത്തിന്റെ സൂക്ഷ്മ വിശദാംശങ്ങളെകുറിച്ച് പോലും അറിവുള്ളവൻ ആയിരിക്കും. അവയെ തന്റെ മസ്തിഷ്കത്തിൽ എപ്പോഴും ജാഗരൂകമാക്കി വെക്കുന്നതാണ് തന്റെ ഉദ്ദേശ്യസാഫല്യത്തിന്റെ മാർഗ്ഗങ്ങളേയും അത് നേടുന്നതിനുള്ള വഴികളേയും കുറിച്ച് ബോധവാനായിരിക്കും. തന്റെ സഹപ്രവർത്തകർക്ക് സമയവും സന്ദർഭവുമനുസരിച്ച് അതിന്റെ വിശദാംശങ്ങൾ ബോധ്യപ്പെടുത്തികൊണ്ടിരിക്കുന്നതുമണ്. മാത്രമല്ല താൻ എന്താണ് ആഗ്രഹിക്കുന്നത് എന്നും അതിന് എന്തു ചെയ്യണമെന്നും എന്ത് ചെയ്യിപ്പിക്കണമെന്നും ബോധമുള്ളവൻ ആയിരിക്കും.

**3.** മനുഷ്യ പ്രകൃതിയെ കുറിച്ച് ബോധമുള്ള നേതാവ് ജോലി ചെയ്യിക്കുന്നതിനുള്ള അടിസ്ഥാന തത്വമായി സ്വീകരിക്കുന്നത് സ്നേഹവും സഹാനുഭൂതിയുമാണ്. പക്ഷെ സന്ദർഭാനുസരണം പരിഷ്കരണത്തിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലും ബലഹീനത കാണിക്കുന്നതല്ല. അയാളുടെ വാക്കുകളിൽ ശക്തിയും പ്രയോഗത്തിൽ സൗമ്യതയും തീർച്ചയായും ഉണ്ടായിരിക്കും. പക്ഷെ കോപവും കാഠിന്യവും ഉണ്ടായിരിക്കുന്നതല്ല. സ്നേഹമയമായ വാക്കുകളും സഹാനുഭൂതിയുള്ള അവതരണവും കേൾക്കുന്ന സുഹൃത്തിന്റെ വികാരങ്ങളെ ഉത്തേജിപ്പിക്കുകയും അവന്റെ സുഷുപ്താവസ്ഥയിലുള്ള ശക്തികളെ ഉണർത്തുകയും ചെയ്യുന്നു. മാത്രമല്ല പ്രവർത്തനപഥത്തിൽ താൽപര്യത്തോടു കൂടി കർമ്മനിരതനാകുകയും ചെയ്യുന്നു.

**4.** ഒരു വിജയിയായ നേതാവിന്റെ കൽപനകൾ സംക്ഷിപ്തവും എന്നാൽ കൃത്യവും വിശദവും സംശയമില്ലാത്തതും പ്രഭാവം ചെലുത്തുന്നതുമായ വാക്കുകളിൽ അധിഷ്ഠിതമായിരിക്കും. കേൾക്കുന്നയാൾ അത് ഉൾക്കൊള്ളുകയും എളുപ്പത്തിൽ മനസ്സിലാക്കുകയും ചെയ്യുന്നു.


**5.** വിജയിയായ ഒരു നേതാവ് കൽപനകൾ ആവർത്തിക്കുന്നു. കേൾക്കുന്നവർക്ക് കൽപനയുടെ അന്തസാരം മനസിലാക്കുന്നതിൽ തെറ്റു പറ്റിയിട്ടില്ലെന്ന് ഉറപ്പു വരുത്തുന്നു.

**6.** വിജയിയായ ഒരു നേതാവിന്റെ കൽപനകൾ എപ്പോഴും ക്രിയാത്മകങ്ങളായിരിക്കും (വിരോധിക്കപ്പെട്ട കാര്യങ്ങളൊഴികെ) ഞാൻ നിങ്ങളോട് ആയിരം വട്ടംപറഞ്ഞു. നിങ്ങളിങ്ങനെ ചെയ്യരുത്, പക്ഷെ എന്നിട്ടും നിങ്ങൾ ഭ്രാന്തന്മാരാണൊ? ഇത്തരം സന്ദർഭത്തിൽ എന്താണ് ചെയ്യേണ്ടത് എന്ന് നിങ്ങൾക്കറിവില്ലെ? നിങ്ങൾ കുരുടൻമാരാണൊ? നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലെ? നിങ്ങൾ വിഡ്ഢികളാണൊ? നിങ്ങൾക്ക് ഇതും കൂടി അറിയില്ലേ? തുടങ്ങിയ വാക്കുകളൊന്നും അദ്ദേഹത്തിന്റെ വായിൽ നിന്ന് വരുന്നതല്ല. അദ്ദേഹത്തിനറിയാം അദ്ദേഹം ഒരു വട്ടം പറഞ്ഞാൽ തന്നെ മതിയാകുമെന്ന്. ചുരുങ്ങിയ പക്ഷം അങ്ങനെയാണ് അദ്ദേഹം പ്രകടിപ്പിക്കുക. അദ്ദേഹത്തിനറിയാം സമപ്രായക്കാരെ എങ്ങനെയാണ് പ്രവർത്തന സജ്ജരാക്കേണ്ടതെന്ന്. അവർക്ക് മുന്നിൽ പേശികളുടെ ബലഹീനതയല്ല വെളിപ്പെടുത്തേണ്ടത്. മറിച്ച് തന്റെ സുഹൃത്തുക്കളുടെ പേശികളുടെ ദൃഢതയെ ഉണർത്തുകയാണ് വേണ്ടത്.

**7.** ഒരു ബുദ്ധിമാനായ നേതാവ് സമയവും സന്ദർഭവും ഒരിക്കലും കൈവിട്ട് കളയുന്നതല്ല. ശത്രുവിന്റെ ശക്തമായ ആക്രമണമോ തന്റെ സഹപ്രവർത്തകരുടെ കഴിവുകളിലും ഉദേശങ്ങളിലും വർധിത പ്രതികരണങ്ങൾ ഉളവാക്കിയേക്കാവുന്നതും, അവരെ സടകുടഞ്ഞെഴുന്നേൽപ്പിക്കുന്നതുമായ സംഭവവികാസങ്ങൾ സംജാതമാകുമ്പോൾ അത്തരം പ്രത്യേകം സന്ദർഭങ്ങൾ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് അണികളുടെ നിലവാരത്തെ കൂടുതൽ ഉന്നതമാക്കാൻ ശ്രമിക്കുന്നു.

## വാഖ്ഫീനെ നൗവിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മേഖലകൾ

1. Murabbis
2. Muallimeen
3. Specialists in comparative religion.
4. Teachers for Jamia
5. Interpreters.
6. Doctors / Lady Doctors.
7. Dentists.
8. Pharmacists.
9. Physiotherapists.
10. Para-medical staff.
11. Civil Engineers/ Sub Engineers
12. Electrical Engineers.
13. Electronics Engineers.
14. Architects.
15. Public Health Engineers.
16. Master in Film making & production.
17. Mass communication.
18. Computer specialists.
19. Computer Network Engineers
20. M.Sc (Agriculture)
21. Master in Human Resourse Management.
22. Accounts.
23. M.B.A
24. Administrator.
25. M.Sc library science.
26. Archaeologists, Egyptologists.
27. Teachers M.A/ M.Sc.
28. Bacholors & master in education.
29. Lawyers.
30. Journalists.






# ഖിലാഫത്തുമായുള്ള ബന്ധം സുദ്രഢമാക്കുക

## ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ്



**പഴയങ്ങാടി** : കാലത്തിന്റെ ഖലീഫയുമായുള്ള ബന്ധം സുദ്രഢമാക്കണമെന്നും ഖിലാഫത്തിന്റെ അനുഗ്രഹം മൂലമാണ് നാം തമ്മിൽ പരസ്പര ഐക്യമുണ്ടായിരിക്കുന്നതെന്നും സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് പറഞ്ഞു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അത്ഫാലുൽ അഹ്മദിയ്യായുടെയും 19ാമത് സംസ്ഥാന ഇജ്തിമ പഴയങ്ങാടി ഫസ്‌ലെ ഉമർ സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിശ്വാസികളുടെ ലക്ഷ്യം നന്മയിൽ മുന്നേറുക എന്നതാണെന്നും ലോകത്തിന്റെ പരിഷ്കരണം അഹ്മദികളുടെ കൈകളിലാണെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.

എല്ലാ നല്ല കാര്യങ്ങളും ഇജ്തിമയിൽ നിന്ന് പഠിക്കേണ്ടതാണ്. ക്ഷമയോടെയും സഹനത്തോടെയും മുന്നേറാനുള്ള പാഠം ഇജ്തിമ നമുക്ക് തരുന്നു. നമ്മുടെ ഉള്ളിലുള്ള നന്മകൾ പുറത്ത് കൊണ്ട് വരിക. യുവത്വം വിലപ്പെട്ട സമയമാണ്. ദീനിന് ദുനിയാവിനെക്കാൾ മുൻഗണന നൽകുക. അധികാരിയെ അനുസരിക്കേണ്ടതാണ്. മറ്റുള്ളവർക്ക് പ്രയോജനം ചെയ്യുന്ന അസ്തിത്വമായി ഓരോരുത്തരും മാറണം. അത്ഫാലുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

---



അനുയായികളിൽ ആത്മവിശ്വാസം നിറച്ച വ്യക്തിയായിരുന്നു നബി (സ) തിരുമേനിയെന്ന് എറണാകുളം മേഖലാ അമീർ ബി.ബി.അഹ്മദ് കബീർ സാഹിബ് പറഞ്ഞു. നാം സാധാരണക്കാരല്ലെന്ന ബോധം ഓരോ അഹ്മദിക്കുമുണ്ടാകണം. എല്ലാ മേഖലയിലും മുൻപന്തിയിലെത്താൻ അഹ്മദികൾ പരിശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. പഴയങ്ങാടി അമീർ സി.സലീം സാഹിബ് പഴയങ്ങാടി ജമാഅത്തിന്റെ ലഘു ചരിത്രം വിശദമാക്കി. ഏതൊരു സമൂഹത്തിന്റെയും ചാലക ശക്തി യുവക്കളാണെന്നും യുവാക്കളെ സംസ്കരിക്കാതെ സമൂഹത്തെ സംസ്കരിക്കാനാവില്ലെന്നും യോഗത്തിൽ അധ്യക്ഷത വഹിച്ച കണ്ണൂർ മേഖലാ അമീർ യു.മൻസൂർ അഹ്മദ് സാഹിബ് പറഞ്ഞു. സ്ഫോടകാത്മകമായ ഇന്നത്തെ അന്തരീക്ഷത്തിൽ വളരെ വലിയ ഉത്തരവാദിത്വമാണ് നമുക്കുള്ളത്. ഇന്റർനെറ്റും മറ്റും നല്ല ആവശ്യങ്ങൾക്കായി മാത്രം ഖാദിംകൾ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.






ഹാഫിസ് ബാസിത് അലി സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. പഴയങ്ങാടി മജ്‌ലിസ് സംഘഗാനം ആലപിച്ചു. സദർ ഇജ്തിമാ കമ്മിറ്റി ഇ.എച്ച്. നജീബ് സാഹിബ് ആമുഖഭാഷണം നടത്തി. നോർത്ത്, സൗത്ത്, സെന്റർ ഇലാഖാ മുഅ്തമിദുകൾ റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ നിറങ്ങളിലുള്ള യൂണിഫോമുകളിൽ അണി നിരന്ന ഖാദിംകളുടെയും അത്ഫാലുകളുടെയും മാർച്ച് പാസ്റ്റിൽ അഭിവാദ്യം സ്വീകരിച്ച ശേഷം പതാക ഉയർത്തിയതോടെയാണ് ഇജ്തിമാക്ക് തുടക്കം കുറിച്ചത്. ഇജ്തിമയോടനുബന്ധിച്ച് നടന്ന പീസ് കോൺഫറൻസിൽ പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ശ്രീ. സി.ആർ. നീലകണ്ഠൻ, എൻഡോസൾഫാൻ ആക്ടി വിസ്റ്റ് ശ്രീമതി. ലീലാകുമാരി അമ്മ, സത്യദൂതൻ എഡിറ്റർ എ.എം.സലീം സാഹിബ്, പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ് തുടങ്ങിയവർ പ്രസംഗിച്ചു.




മൂന്നു ദിവസം നീണ്ടു നിന്ന ഇജ്തിമയിൽ വൈജ്ഞാനിക കായിക മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു. നോർത്ത് ഇലാഖാ ഓവറോൾ ചാമ്പ്യന്മാരായി.

| | |
|---|---|
| Best Zilla Sports (Khuddam) : Palakkad | Individual Champion (Khuddam) : Nihad Azeez,KNR Zila |
| Best Zilla Ilmi (Khuddam) : Kannur | Individual Champion (Atfal-I) : Mehboob,PKD Zila |
| Best Zilla Sports (Atfal) : Malappuram | Individual Champion (Atfal-II) : Abdul Kareem,MPM Zila |
| Best Zilla Ilmi (Atfal) : Calicut | Individual Champion (Atfal-III) : Mohammad Nihal,KNR Zila |

# ഈദ് മിലൻ - 2012

**പാലക്കാട്** : ഇസ്‌ലാം മതവും മുസ്‌ലിം സമുദായവും തെറ്റിദ്ധരിപ്പിക്കപ്പെട്ടത് പാശ്ചാത്യ ഗൂഢാലോചനയുടെ ഫലമാണെന്നും അത് നീക്കേണ്ടത് അനിവാര്യമാണെന്നും മുൻ മന്ത്രി എ.കെ ബാലൻ എം.എൽ.എ. അഭിപ്രായപ്പെട്ടു. പാലക്കാട് മേഖലാ അൻസാറുല്ലയും, ഖുദ്ദാമുൽ അഹ്മദിയ്യയും സംയുക്തമായി പാലക്കാട്




ഇന്ദ്രപ്രസ്ഥ ഓഡിറ്റോറിയത്തിൽ 27.8.12 ന് സംഘടിപ്പിച്ച ഈദ് മിലൻ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ അടിയുറച്ചു നിന്നു കൊണ്ട് കാലികമായ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉണ്ടാവുന്നത് നല്ല കാര്യമാണെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

മേഖലാ അമീർ പ്രൊഫ : എം.കെഅബ്ദുൽ കരീം സാഹിബ് അധ്യക്ഷത വഹിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. കണ്ടമുത്തൻ, മുൻ എം.എൽ.എ. കെ.എ ചന്ദ്രൻ, ബി.ജെ.പി. നഗരസഭാ കൗൺസിലർ എൻ. ശിവരാജൻ എന്നിവർ ആശംസാ



പ്രസംഗം നടത്തി. നാഇബ് നാസിർ ഇസ്‌ലാഹൊ ഇർഷാദ് മൗലാന ഗ്യാനി തൻവീർ അഹ്മദ് സാഹിബ് ഖാദിം മുഖ്യപ്രഭാഷണം നിർവഹിച്ചു. മനുഷ്യാവകാശങ്ങൾക്ക് തിരുനബി (സ) നൽകിയ പ്രാധാന്യം അദ്ദേഹം വിവരിച്ചു. ദഅ്‌വത്തെ ഇലല്ലാഹ് മുബല്ലിഗ് മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് പ്രസംഗം പരിഭാഷപ്പെടുത്തി. മേഖലാ മുബല്ലിഗ് മൗലവി ടി. മുഹമ്മദ് മൻസിൽ സാഹിബിന്റെ ഖുർആൻ പാരായണത്തോടു കൂടി ആരംഭിച്ച യോഗത്തിൽ പ്രോഗ്രാം വൈസ് ചെയർമാൻ എച്ച്. സുലൈമാൻ സ്വാഗതവും ചെയർമാൻ എം. താജുദ്ദീൻ സാഹിബ് (മേഖലാ നാസിം) നന്ദിയും പറഞ്ഞു.

വിവിധ തുറകളിൽ പെട്ട സാമൂഹ്യ സാംസ്കാരിക പ്രവർത്തകരും, ഉദ്യോഗസ്ഥന്മാരും ഉൾപ്പെടെ ഇരുന്നോറോളം വിശിഷ്ടാതിഥികൾ സംബന്ധിച്ചു.

**എറണാകുളം:** മസ്ജിദ് ഉമറിൽ വെച്ച് എറണാകുളം മേഖല ഈദ് മിലൻ സംഘടിപ്പിച്ചു. എറണാകുളം മേഖല അമീർ ബി.ബി. അഹ്മദ് കബീർ സാഹിബിന്റെ




അദ്ധ്യക്ഷതയിൽ യാസർ അറഫാത്തിന്റെ ഖുർആൻ പാരായണത്തോടെ പരിപാടിക്ക് ആരംഭം കുറിച്ചു. കെ.സി.ബി.സി. മാധ്യമ വക്താവ് ഫാദർ പോൾ തേലക്കാട് ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് ഹൈക്കോർട്ട് അഡ്വക്കേറ്റ് ബാർ അസോസിയേഷൻ പ്രസിഡന്റ് ബി. ഗോപകുമാർ, കൾച്ചറൽ അക്കാഡമി ഫോർ പീസ് ചെയർപേഴ്സൻ ശ്രീമതി ബീനാ സെബാസ്റ്റ്യൻ, അഡ്വക്കേറ്റ് വെള്ളയണി സുന്ദരരാജു എന്നിവർ അവരവരുടെ പ്രതികരണം സദസ്സ്യരുമായി പങ്കുവെച്ചു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് ഇലാഖ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് കൃതജ്ഞത പ്രകടിപ്പിച്ചു. സമൂഹത്തിന്റെ നാനാ തുറയിൽ നിന്നും ക്ഷണം സ്വീകരിച്ച് എത്തിച്ചേർന്നവർക്കും മറ്റ് ജമാഅത്തംഗങ്ങൾക്കും സനേഹവിരുന്നും നൽകുകയുണ്ടായി.



## സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ സന്ദർശനം

**കോഴിക്കോട്** : സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മൗലാനാ ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ്, കേരളത്തിലെ മജ്‌ലിസുകൾ സന്ദർശിച്ചു. ഖുദ്ദാം സംസ്ഥാന ഇജ്തിമയോടനുബന്ധിച്ച് കേരളത്തിൽ എത്തിയതായിരുന്നു സദ്ർ സാഹിബ്. കോഴിക്കോട്, പഴയങ്ങാടി, കൊടിയത്തൂർ, കമ്പളക്കാട്, കരുളായി, മഞ്ചേരി, അലനല്ലൂർ, മുറിയക്കണ്ണി, തിരുവിഴാംകുന്ന്, മണ്ണാർക്കാട്, എറണാകുളം, കൊച്ചി, പള്ളുരുത്തി മജ്‌ലിസുകളിൽ സന്ദർശനം നടത്തി.

## സ്കോളർ ഷിപ് നേടി

**പെരിന്തൽമണ്ണ:** മുർഷിദ് ഇർഫാൻ സാഹിബ് ജി.എം. യു.പി. സ്കൂൾ, ചെമ്മങ്കടവ് മലപ്പുറം സ്കൂളിൽ നിന്നും സ്കോളർഷിപ്പിന് അർഹനായി. 8 ാം ക്ലാസ് വിദ്യാർത്ഥിയായ മുർഷിദ് ഇർഫാൻ സാഹിബ് പെരിന്തൽമണ്ണ ജമാഅത്തിലെ യൂസഫ് സാഹിബിന്റെയും സബിത സാഹിബയുടേയും മകനാണ്.

## തക്‌രീബെ ആമീൻ

**പെരിന്തൽമണ്ണ:** പെരിന്തൽമണ്ണ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ തക്‌രീബെ ആമീൻ സംഘടിപ്പിക്കുകയുണ്ടായി. വിശുദ്ധഖുർആൻ പാരായണത്തോടു കൂടി ആരംഭിച്ച പരിപാടിയിൽ, ഖുർആൻ ഓതി പൂർത്തിയാക്കിയ 3 കുട്ടികളുടെ തക്‌രീബെ ആമീൻ മൗലവി മുബശ്ശിർ അഹ്മദ് സാഹിബ് നടത്തുകയുണ്ടായി. തുടർന്ന് ജമാഅത്ത് പ്രസിഡന്റ് കെ. ശംസുദ്ദീൻ സാഹി ബ് കുട്ടികൾക്ക് ഉപഹാരങ്ങൾ നൽകി. പ്രാദേശിക ലജ്നാഇമായില്ലായും കുട്ടികൾക്ക് ഉപഹാരങ്ങൾ സമർപ്പിച്ചു. ഇതോടൊപ്പം കൂലു ജമീഅക്കുള്ള ഏർപ്പാടും ചെയ്തിരുന്നു. പരിപാടിയിൽ 30 ഓളം പേർ പങ്കെടുത്തു.

വിശുദ്ധഖുർആൻ ഓതി പൂർത്തിയാക്കിയവർ

1. മുർഷിദ് ഇർഫാൻ സാഹിബ്, യൂസഫ് സാഹിബിന്റേയും സബിത സാഹിബയുടേയും മകനാണ്.
2. ഷമൽ സാഹിബ്, മുഹമ്മദലി സാഹിബിന്റേയും റംല സാഹിബയുടേയും മകനാണ്.
3. ഫാത്തിമ സുൽഫത്ത് സാഹിബ ഇബ്റാഹിം സാഹിബിന്റേയും സൈനബ സാഹിബയുടേയും മകളാണ്.

## പെരുന്നാൾ കിറ്റ് വിതരണം ചെയ്തു

**കാക്കനാട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഈദുൽ ഫിത്വ്റിന് സമൂഹത്തിലെ അർഹരായ 25 പേർക്ക് പെരുന്നാൾ കിറ്റ് വിതരണം ചെയ്യുക യുണ്ടായി

## മൗലാനാ ഗ്യാനി തൻവീർ അഹ്മദ് സാഹിബ് ഖാദിം കേരളത്തിൽ

**പാലക്കാട്** : ഈദ് മിലൻ പരിപാടിയിൽ സംബന്ധിക്കാനെത്തിയ കേന്ദ്ര പ്രതിനിധി നാഇബ് നാസിർ ഇസ്‌ലാഹോ ഇർശാദ് മൗലാനാ ഗ്യാനി തൻവീർ അഹ്മദ് സാഹിബ്, പാലക്കാട്, മണ്ണാർക്കാട്, അലനല്ലൂർ, മുറിയക്കണ്ണി, തിരുവിഴാം കുന്ന്, കാവശ്ശേരി, ചാവക്കാട്, പെരിന്തൽ മണ്ണ, കോഴിക്കോട്, കമ്പളക്കാട്, മാത്തോട്ടം, പള്ളിപ്പുറം, കൊടിയത്തൂർ, എന്നീ ജമാഅത്തുക ളും തൃശൂർ ഇൻഫർമേഷൻ സെന്ററും സന്ദർശിച്ചു.

## അനുമോദന യോഗം

**കാക്കനാട്:** പഴയങ്ങാടിയിൽ വെച്ച് നടന്ന ഖുദ്ദാം അത്ഫാൽ ഇജ്തിമായിൽ പങ്കെടുക്കുകയും വിവിധ മൽസരങ്ങളിൽ വിജയികളാകുകയും ചെയ്തവർക്ക് പ്രാദേശിക മജ്‌ലിസ് യോഗം അനുമോദനങ്ങളർപ്പിച്ചു. ഖാഇദ് അഹ്മദ് ശാഫി സാഹിബ് അധ്യക്ഷത വഹിച്ചു. അഖീൽ അഹ്മദ് സാഹിബ് തിലാവത്ത് നടത്തി. സൗത്ത് ഇലാഖ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ്, പ്രാദേശിക ജമാഅത്ത് പ്രസിഡന്റ് പി. മുഹമ്മദ് കരിം സാഹിബ് എന്നിവർ അനുമോദന പ്രഭാഷണം നടത്തി. സി. സിറാജുൽ മുനീർ സാഹിബ് നന്ദി പറഞ്ഞു.

# NEWS TIME

## Jalsa Salana UK 2012



**ലണ്ടൻ:** ആത്മസംസ്കരണത്തിലൂടെ ദൈവ സാമീപ്യത്തിന് അർഹരായി തീരാൻ അഹ്മദിയ്യ ആഗോള ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ആഹ്വാനം ചെയ്തു. സെപ്റ്റംബർ 7,8,9 തിയ്യതികളിൽ ലണ്ടനിലെ ഹദീഖത്തുൽ മഹ്ദിയിൽ ചേർന്ന 46 ാമത് UK ജൽസാ സാലാന ഉദ്ഘാടനം ചെയ്യുകയായിരുന്നു ഹുസൂർ. 88 രാഷ്ട്രങ്ങളിൽ നിന്നുള്ള 27412 പ്രതിനിധികൾ ജൽസയിൽ സംബന്ധിച്ചു. ഒന്നാം ദിവസം ഹുസൂറിന്റെ ജുമുഅ ഖുതുബയും ഉദ്ഘാടന പ്രഭാഷണവുമായിരുന്നു പ്രധാന പരിപാടികൾ. ഹുസൂർ ഇസ്ലാമിന്റെ പതാകയും യു.കെ അമീർ റഫീഖ് ഹയാത്ത് സാഹിബ് ബ്രിട്ടൻ പതാകയും ഉയർത്തി. അന്നേ ദിവസം ഹുസൂർ ലജ്നാ സമ്മേളനത്തെ അഭിസംബോധനം ചെയ്യുകയും വൈകിട്ട് ജമാഅത്തിന്റെ ആഗോള വിജയപുരോഗതിയുടെ റിപ്പോർട്ട് കേൾപ്പിക്കുകയും ചെയ്തു.



യു.കെ. അമീർറഫീഖ് ഹയാത്ത് സാഹിബ്, ലണ്ടൻ ഇമാം മൗലാനാ അത്വാഹുൽ മുജീബ് റാശിദ് സാഹിബ്, നാസിർ അഅ്ലാ ഖാദിയാൻ മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി സാഹിബ്, ലണ്ടൻ മുബല്ലിഗ് ത്വാഹിർ നദീം സാഹിബ്, യു.കെ. ഖളാ ബോർഡ് സദ്ർ ഡോ.സാഹിദ്ഖാൻ സാഹിബ്, ഘാനാ അമീർ മൗലാനാ അബ്ദുൽ വഹാബ് ബിൻ ആദം സാഹിബ് എന്നിവർ പ്രഭാഷണം നടത്തി. മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിം (ഖാദിയാൻ)ന്റെ പ്രസംഗം അദ്ദേഹത്തിന്റെ അഭാവത്തിൽ മൗലാന ജഹാംഗിർ അലിഖാൻ സാഹിബ് വായിച്ചു കേൾപ്പിച്ചു. യു.കെ.പ്രഭുസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ലോർഡ് അഹ്മദ് സാഹിബ്, വിവിധ നാടുകളിലെ എം.പി.മാർ എന്നിവർ ജൽസയെ സംബോധന ചെയ്തു. ഹുസൂറിന്റെ ആത്മീയ നിർഭരമായ പ്രഭാഷണത്തോടെ ജൽസാ സമ്മേളനം സമാപിച്ചു.



# അഹ്മദിയ്യാ ജമാഅത്ത് 202 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു

## പുതിയ രാജ്യങ്ങൾ പനാമ, അമേരിക്കൻ സാമുവ




**ലണ്ടൻ:** അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം രണ്ട് രാജ്യങ്ങളിൽ കൂടി അഹ്മദിയത്ത് സ്ഥാപിതമായി. ഇതോടെ ലോകത്ത് 202 രാഷ്ട്രങ്ങൾ അഹ്മദിയ്യാ ഭൂപടത്തിൽ ഇടം പിടിച്ചു. ഈ വർഷം 514352 പേർക്ക് അഹ്മദിയത്ത് സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു. ഇവർ സമാപന ദിവസം ആഗോള ബയ്അത്തിൽ MTA മുഖേന ഭാഗാഭാക്കായി.

കഴിഞ്ഞ 28 വർഷങ്ങളായി അഹ്മദിയ്യാ ജമാഅത്തിനെ വേരോടെ പിഴുതെറിയാൻ ശത്രുക്കൾ കഠിനശ്രമം നടത്തിയെങ്കിലും ഈ കാലയളവിൽ 111 രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് വ്യാപിച്ചിരിക്കുന്നു. ഈ വർഷം പനാമ, അമേരിക്കൻ സാമുവ എന്നീ രാജ്യങ്ങളിലാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശമെത്തിയിരിക്കുന്നത്. പനാമ അമേരിക്കക്കടുത്ത ഒരു രാജ്യമാണ്. ഇറ്റലി ജമാഅത്തിന്റെ ശ്രമഫലമായാണ് ഇവിടെ ജമാഅത്ത് രൂപീകരിക്കാൻ സാധിച്ചത്. അമേരിക്കൻ സാമുവ ഒരു ചെറിയ രാജ്യമാണ്. ന്യൂസിലാന്റ് ജമാഅത്ത് മുഖേനയാണ് ഇവിടെ ജമാഅത്ത് രൂപീകരിക്കപ്പെട്ടത്.

ഈ വർഷം പാക്കിസ്ഥാന് പുറമേ 957 പുതിയ സ്ഥലങ്ങളിലായി ജമാഅത്ത് രൂപീകരിക്കപ്പെട്ടിരിക്കുന്നു.

ഈ വർഷം അഹ്മദിയ്യാ ജമാഅത്തിനുണ്ടായ മൊത്തം പള്ളികൾ 338 ആണ് ഇതിൽ 119 പുതിയ പള്ളികൾ നിർമ്മിക്കപ്പെടുകയും 219 പള്ളികൾ മറ്റുള്ളവരിൽ നിന്ന് ലഭിച്ചവയുമാണ്. എല്ലാ മേഖലകളിലും ഈ വർഷം വളരെ നല്ല പുരോഗതിയാണ് കാഴ്ചവെക്കാൻ സാധിച്ചിരിക്കുന്നത്. പ്രസ് ആന്റ് പബ്ലിക്കേഷൻ വിഭാഗത്തിൽ ഈ വർഷം വളരെയേറെ പുസ്തകങ്ങൾ വിവിധ ഭാഷകളിൽ വിവർത്തനം ചെയ്യാൻ സാധിച്ചു.


---

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു.

**‘ജനങ്ങൾ ഈ പ്രസ്ഥാനത്തെ അതികഠിനമായി എതിർക്കും. എന്നാൽ ഇത് വളരെ വേഗത്തിൽ പുരോഗതി പ്രാപിച്ച് ഒരു വലിയ സംഘമായി മാറുന്നതാണ്.’**

# ആദ്യകാല വഖ്ഫീനിൽ ചിലർ


H. Ch. Fateh Muhammad Sayyal


H. Mou. Mohammad Din Sahib


H. Sheikh Yaqub Ali Sahib Irfani


H. Nawab Muhammad Ali Khan


H.Mou Muhammad Ismail



H. Mou Sayyed Sarwar Shah


H.Mou Abdur Raheem Sahib Dard



H. Maulvi Hafiz Obaidullah


H. Sahib sada Abdul Lateef


H. Mir Muhammed Ishaq



Zahoor Ahmad Bajwa



H. Dr. Mir Muhammed Ismail



H. Mou Nazir Ahmad Mobashar


H. Dr. Mufti Muhammad Sadiq



H. Maulana Abdul Rahim(Nayyar)



H. Maulana Abul Ata Jallandhari


H.Jalaluddin Shams


H.Qazi Muhammad Nazir(Lyalpuri)


H.Mou.Muhammad Ilyas Khan



H.Mou.Nazir Ahmed Ali


H.Mou.Rahmath Ali


H.Mou.Sadiq (Sumatri)


H.Abdul Malik Khan


H.Mou.Ghulam Hussain(Ayaz)


H.Mou.Zahoor Hussain

ആരോഗ്യം

# വെള്ളം

ചൗധരി ഖാലിദ് സയഫുല്ലാഹ് ഖാൻ ആസ്ത്രേലിയ



## ഒരു ദിവസത്തിൽ **നാലു ലിറ്റർ** വെള്ളമാണ് പ്രായപൂർത്തിയായ ഒരു വ്യക്തി കുടിക്കേണ്ടത്.






എന്നാൽ മാർക്കറ്റിൽ ലഭിക്കുന്ന ചായയും കോളയും പോലുള്ള പാനീയങ്ങൾ അതിനു പകരമാകില്ല. മാത്രമല്ല, ഈ പാനീയങ്ങൾ വിപരീത പ്രവർത്തനമാണ് ശരീരത്തിൽ സംജാതമാക്കുന്നത്. ഇവയിൽ Caffeine അടങ്ങിയിരിക്കുന്ന കാരണത്താൽ ധാരാളമായി മൂത്രമൊഴിക്കേണ്ടി വരികയും അങ്ങനെ ശരീരത്തിൽ നിന്ന് ധാരാളമായി ജലാംശം നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ കപ്പ് കാപ്പിക്കും ശേഷം അതിന്റെ പ്രഭാവം ഇല്ലാതാക്കാൻ അത്രയും തന്നെ സാധാരണ വെള്ളം കുടിക്കേണ്ടതാണ്.






**പഴങ്ങളുടെ ജൂസിന്റേയും അവസ്ഥ സമമാണ്.**
ഓറഞ്ച് ജൂസ് ശരീരത്തിൽ ധാരാളമായി പോട്ടാസ്യം ഉൽപാദിപ്പിക്കുന്നു. അത് ആന്തരിക ശരീര സന്തുലനത്തെ താറുമാറാക്കാം.



വായു കഴിഞ്ഞാൽ മനുഷ്യന് ഏറ്റവും അത്യന്താപേക്ഷിതമായത് ജലം തന്നെയാണ്.

**ജലം അല്ലാഹുവിന്റെ ഒരു അനുഗ്രഹമാകുന്നു.**

ദാഹം അകറ്റുന്നതിനായി ഏറ്റവും ഉത്തമം ശുദ്ധമായ സാധാരണ വെള്ളം തന്നെയാകുന്നു. അതിഥികൾക്കായി പണം മുടക്കി കാഴ്ചവെക്കുന്ന ഇതരപാനീയങ്ങൾ യഥാർത്ഥത്തിൽ അവരോട് ചെയ്യുന്ന അപരാധമാകുന്നു.

പൊതു വിജ്ഞാനം



# ലോക ചരിത്രത്തിൽ ഇടം നേടിയ
# മതിലുകൾ

## ചൈനീസ് വൻ മതിൽ




ലോകത്തിലെ ഏറ്റവും നീളം കൂടിയ മതിൽ.
B.C 3 ലാണ് ഇത് നിർമിച്ചത്.

## വിലാപ മതിൽ




ബൈത്തുൽ മഖ്ദസിൽ സ്ഥിതി ചെയ്യുന്നു. സുലൈമാനി മതിലിന്റെ അവശേഷിച്ച ഭാഗമാണ്. യഹൂദികൾ ഒരുമിച്ച് കൂടി അവിടെ നിന്ന് വിലപിക്കുന്നു. അതിന്റെ നീളം 49 മീറ്ററാണ്. ഉയരം 12 മീറ്റർ.

## ബ്രിട്ടീഷ് മതിൽ




അതിന്റെ ദൈർഘ്യം 112 കിലോമീറ്ററാണ്. ക്രിസ്തുവിന് ശേഷം 2-ാം നൂറ്റാണ്ടിൽ സ്കോട്ട്ലന്റിന്റെ അക്രമണങ്ങളിൽ നിന്ന് രക്ഷനേടുന്നതിനായി 20000 തൊഴിലാളികൾ 10 വർഷം കൊണ്ടാണ് ഇത് നിർമിച്ചത്. അതിലെ 16 കിലോമീറ്റർ ഭാഗം ഇപ്പോഴും ഉണ്ട്.

## ബർലിൻ മതിൽ




ജർമനിയുടെ ബർലിൻ നഗരത്തെ രണ്ടു ഭാഗങ്ങളായി തിരിച്ചിരുന്ന മതിൽ. 1961 ൽ നിർമിച്ചു. 1989 നവംബർ 10 ന് കിഴക്കൻ ജർമനിക്കാർ പ്രസ്തുത മതിൽ പൊളിച്ചുകളഞ്ഞു. അന്നൊരു വെള്ളിയാഴ്ചയായിരുന്നു. അങ്ങിനെ Friday The 10th ന്റെ മഹത്തായ ഒരു അടയാളവും പൂർത്തിയായി.

(അവ: തശ്ഹീസുൽ അസ്ഹാൻ, റബ്വ)

Chairman Management & Editorial Board : C. Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish
Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut